
കൗമുദി
ആഴ്ചപ്പതിപ്പ്



ANNAS 2

25 രൂ.

പുതിയ
മത്സരം

25 രൂ.

"കാൺഗ്രസ്സിന്റെ
ഭ്രനയം"

"കാൺഗ്രസ്സിന്റെ ഭ്രനയം" എന്ന
ശീർഷകത്തിൽ എഴുതുന്ന ഏറ്റവും
വിജ്ഞയമായലേഖനത്തിന 25 രൂ.
സമ്മാനം നൽകുന്നതാണു്. ലേഖ
നം ഫുൿസ്ക്കാപ് ഷീറ്റിന്റെ പുറത്തിൽ
കവിയരുതു്.

**ലേഖനങ്ങൾ ഡിസം. 14-ാന്ന-യ്ക്കകം
കിട്ടിയിരിക്കണം**

**ലേഖനംഅയക്കുന്ന കവറിന മുകളിൽ "കാൺഗ്രസ്" എന്ന
എഴുതിയിരിക്കണം**

ഇതുസംബന്ധമായ യാതൊരു കത്തു
കൂടുകളും മറുപടി അയക്കുന്നതല്ല.

"കാൺഗ്രസ്"

കുമുദി (വാരിക)

തിരുവനന്തപുരം.

Reg: T. 168. Reg: M. 5661

പത്രാധിപർ—കെ. ബാലകൃഷ്ണൻ

കമ്മ്യൂണിസ്റ്റ് പത്രിക

പുസ്തകം 1 | 1126 വൃശ്ചികം 19 തിങ്കൾ | ലക്കം 38

കമ്മ്യൂണിസ്റ്റ് പാർട്ടി പ്രകടനം

എല്ലാവർക്കും സമാധാനം വേണ്ടേ

വയലാറിൽ നടന്ന ഒരു സമാധാനസമ്മേളനം ശ്രീ. കുട്ടിയാട്ടു ശിവരാമപ്പണിക്കർ ഉൽഘാടനം ചെയ്യുമ്പോഴും വഴ്സായിൽ ആസ്ഥാനമാകവി പാടാനൊണ്ടിരുന്നപ്പോഴും യു. എൻ. ഓ. യിൽ വിഷിൻസ്കി പ്രസംഗിക്കാനൊണ്ടിരുന്നപ്പോഴും "എല്ലാവർക്കും സമാധാനം വേണം. മുതലാളിക്കും—തൊഴിലാളിക്കും" എന്ന പല്ലവി ആവർത്തിച്ചു പാടിക്കൊണ്ടിരുന്നു സോവിയറ്റ് റഷ്യയും സമാധാനം വേണമെന്നു പറഞ്ഞാൽ സമ്മതിക്കാം. കമ്മ്യൂണിസ്റ്റ് ചൈനയും, കിഴക്കേ യൂറോപ്പിൻ രാഷ്ട്രങ്ങളും സമാധാനം വേണമെന്നു പറഞ്ഞാൽ മനസ്സിലാക്കാം. സമാധാനപരമായ മാർഗ്ഗങ്ങളിൽക്കൂടി മനുഷ്യജീവിതത്തിൽ വിപ്ലവകരങ്ങളായ പരിവർത്തനങ്ങളും വരുത്തുവാനും ജീവിതത്തിനു കൂടുതൽ വികാസവും ശോഭയും നൽകുവാനുമുള്ള അനന്തമായ സാദ്ധ്യതകളുള്ള ഒരു സമൂഹഘടന അവിടങ്ങളിലെല്ലാംതന്നെ മുച്ചൂടും വന്നിട്ടുള്ളതുകൊണ്ട്. വർഗ്ഗപരമായി നോക്കിയാൽ അദ്ധ്വാനിക്കുന്ന വർഗ്ഗത്തിന്റെ പേരിൽ നിൽക്കുന്ന വിഭാഗങ്ങളുടെ ഹസ്തങ്ങളിലേക്ക ഗവൺമെന്റിന്റെ നിയന്ത്രണം ചെന്നുചേർന്നിട്ടുണ്ട്. മാർക്സിസം പഠിപ്പിക്കുന്ന മഹത്തായ ഒരു സിദ്ധാന്തമുണ്ട്. ഗവൺമെന്റുകളും ഇപ്പോഴും ഉല്പാദനോപകരണങ്ങളുടെ ഉടമാവകാശം വഹിക്കുന്ന വർഗ്ഗത്തിന്റെ മർദ്ദനായുധമായിരിക്കുമെന്നും. മുതലാളിത്തരാഷ്ട്രങ്ങളിൽ മുതലാളിമാരുടെയും തൊഴിലാളിഭരണകൂടം സ്ഥാപിതമായ രാഷ്ട്രങ്ങളിൽ തൊഴിലാളികളുടെയും കൈകളിലായിരിക്കും ഉല്പാദനോപകരണങ്ങളുടെ ഉടമാവകാശം. മുതലാളിത്തത്തിന്റെ വളർച്ചയിൽ ഒരു ഘട്ടത്തിലെത്തുമ്പോൾ മുതലാളിത്ത വ്യവസ്ഥിതിയിലുള്ള ഉല്പാദനക്രമം മുതലാളിത്തത്തിന്റെ വിതരണസമ്പ്രദായങ്ങൾക്കു നിയന്ത്രിക്കുവാൻകഴിയാത്തവിധം വികസിക്കുമെന്നും അങ്ങനെ മുതലാളിത്തംതന്നെ മുതലാളിത്തത്തിന്റെ ശത്രുവായി കാലാന്തരത്തിൽ രൂപാന്തരപ്പെടുമെന്നും മാർക്സിയൻ സാമ്പത്തികശാസ്ത്രം വെളിപ്പെടുത്തുന്നു. മുതലാളിത്തത്തിന്റെ വളർച്ചയുടെ ഈ ഘട്ടത്തിലാണ് ലോകത്തിലെ മുതലാളിത്തരാഷ്ട്രങ്ങളും ഇന്നു ചെന്നു ചേർന്നിരിക്കുന്നത്. തങ്ങളുടെ നിലനിൽപ്പു സുസ്ഥിരമാക്കുന്ന ഏതെങ്കിലും ഇന്ദ്രജാലം ആരുടെയെങ്കിലും പക്കലുണ്ടെങ്കിൽ തീർച്ചയായും മുതലാളിത്തം മുതലാളിത്തരാഷ്ട്രങ്ങൾക്കും സമാധാനം ആവശ്യമാണ്. പക്ഷേ മുതലാളിത്ത സമാധാനപരമായ അന്തരീക്ഷം സൃഷ്ടിക്കുവാൻവേണ്ടി [illegible] വർഷങ്ങളായി ലോകം ചുമന്നുകൊണ്ടിരുന്ന ഇന്നോളമുള്ള കഷ്ടനഷ്ടങ്ങൾക്കു വശംപുണ്ടുനിൽക്കുന്ന ജനസമുദായം തയ്യാറായില്ലെന്നു വന്നേക്കാം. വർഗ്ഗങ്ങൾ തമ്മിലുള്ള മാത്സര്യം തുടർന്നുകൊണ്ടിരിക്കുമെന്നും വർഗ്ഗരഹിതമായ ഒരു സാമൂഹ്യഘടന രൂപമെടുക്കുന്ന കാലംവരെ വർഗ്ഗസമരത്തിനു അവസാനമില്ലെന്നും മാർക്സിസത്തിലുണ്ടെങ്കിൽ തീർച്ചയായും മുതലാളിക്കും തൊഴിലാളിക്കും ഒരുപോലെ സമാധാനപരമായി ജീവിക്കാമെന്നു പറയുന്നതിൽ അർത്ഥമില്ല. അതു വർഗ്ഗസമരത്തിനെതിരായ ചിന്താഗതിയുടെ സൃഷ്ടിയാണ്. രാഷ്ട്രങ്ങൾ തമ്മിൽ ഒരു പക്ഷേ താല്കാലിക സമാധാനമുടമ്പടികൾ ഉണ്ടാക്കാൻ കഴിഞ്ഞാലും ഒരു രാഷ്ട്രത്തിലെ വിവിധവർഗ്ഗങ്ങൾ തമ്മിലുള്ള "സമാധാനത്തിനുവേണ്ടിയുള്ള വർഗ്ഗസഹകരണം" മാർക്സിയൻ ഡയലറ്റിക്സ് വിഭാവന ചെയ്യാത്ത പുതിയ കാര്യങ്ങളാണ്. മുതലാളിത്തമല്ല ചില മുതലാളിമാരാണ് സമാധാനത്തിന്റെ എതിർപേരിയിൽ നിൽക്കുന്നതെന്നതോന്നും ഈ വാദം കേട്ടാൽ. ലോകസമാധാനം ശാശ്വതസമാധാനമാകണമെങ്കിൽ വർഗ്ഗവർണ്ണരഹിതമായ ഒരു മനുഷ്യസമുദായം രൂപമെടുക്കുകതന്നെവേണം. വർഗ്ഗസമരത്തിൽ, അദ്ധ്വാനിക്കുന്ന വർഗ്ഗത്തിന്റെ വിജയത്തിൽകൂടിയല്ലാതെ ഇങ്ങനെയൊരു സമൂഹഘടന രൂപമെടുക്കുകയില്ല. ഈ സമരം നിവർത്തിവയ്ക്കുവാനുള്ളതോ തുലച്ചിടുവാനുള്ളതോ ആയ ഒരേർപ്പാടല്ല. ഇന്നു വർഗ്ഗവൃത്യാസം നിലനിന്നുപോരുന്നിടത്തോളം കാലം അതിനെ ആസ്പദമാക്കിയുള്ള ഒരു സമാധാനം ഉണ്ടാക്കിയാൽ തന്നെയും അദ്ധ്വാനിക്കുന്ന വർഗ്ഗത്തിനു ആ സമാധാനംകൊണ്ടു യാതൊരു പ്രയോജനവുമില്ല. ലോകസമാധാനത്തിനു ഒപ്പുശേഖരിക്കുകയും യോഗങ്ങൾ കൂടുകയും തടിക്കു വേദനയുണ്ടാക്കാത്ത കാര്യങ്ങളാണ്. പക്ഷേ ലോകസമാധാനത്തിന്റെ അടിത്തറ ശരിയായി പണിതുയർത്തണമെങ്കിൽ വർഗ്ഗരഹിതമായ ഒരു മനുഷ്യസമുദായം സൃഷ്ടിക്കുന്നതിനുവേണ്ടി ലോകത്തിന്റെ ഒരോ കോണിലുമുള്ള മർദ്ദിതവർഗ്ഗം സംഘടിതമായി പ്രവർത്തിക്കുകയാണ്വേണ്ടത്. സമാധാനത്തിന്റെ പേരിൽ ഉണ്ടാകേണ്ടതു ഐക്യമുന്നണിയാണ്. "സമാധാനം" എന്ന പദം പറയുകയോ ഒരൊപ്പിടുകയോ ചെയ്യുന്നവരെല്ലാം സമാധാനത്തിന്റെ പേരിയിലാണെന്നുള്ള കരുതുക പമ്പരവിഡ്ഢിത്തവും മാർക്സിസത്തിന്റെ നേരെ കാണിക്കുവുന്ന ഏറ്റവും വലിയ അവഹേളനവുമാണ്.

മനുഷ്യനു ആഗ്രഹമില്ലാത്തതുകൊണ്ടല്ല ലോകത്തു സമാധാനം ശാശ്വതമായി നിലനിൽക്കാത്തത്. സമാധാനത്തിനു രൂപമെടുക്കുവാനും ചൈതന്യത്തോടെ വികസിക്കുവാനും അവസരം നൽകാത്ത ഒരു സമൂഹഘടനയുടെ നടുവും പേറി "സമാധാനം, സമാധാനം" എന്നു മോർ

മുഖചിത്രം:

മൂന്നു സഹോദരിമാർ — മുംതാസിനു സ്വകുടുംബത്തോടു വളരെ ഗാഢമായ അടുപ്പമാണുള്ളത്. സ്റ്റഡിയോവിൽ ജോലിചെയ്യാത്ത സമയങ്ങളിലെല്ലാം മുംതാസ് അവളുടെ സഹോദരിമാരുമൊത്തു കഴിച്ചു കൂട്ടുന്നു.

ബാലനും',

നമ്മുടെ നാട്ടിൽ 'ഉയരമ്പാറ' എന്നു കേട്ടുകഴിഞ്ഞാൽ 'ഭാഗ്യശ്രീപത്രി'യാണെന്നു നിഷ്പ്രയാസം മനസ്സിലാക്കാം. അതങ്ങിനെ ധരിക്കാൻ ഇടയില്ലാത്തവർ ഉയരമ്പാർ തിങ്ങിവസിക്കുന്ന ഒരു പാറയോ, കാടോ ആണെന്നു ധരിച്ചാലും വിരോധമില്ല. ഇന്നത്തെ നിലയിൽ നമ്മുടെ ഈ കോളേജുകളാണ് ഈ പേരിനു തികച്ചും അർഹമായ സ്ഥാപനങ്ങൾ. മേല്പറഞ്ഞ രണ്ടു ധാരണകളും അവിടം ആദ്യമായിക്കാണുന്ന ഏതൊരാൾക്കും ഉണ്ടാകുകതന്നെചെയ്യും.

നമ്മുടെ സർവ്വകലാശാലകൾ, നമ്മുടെ യുവാക്കളെ സംസ്കാരത്തിന്റെ കുപ്പായമിട്ടുവിടുന്ന കേവലം ഇരുകാലിമാട്ടകളെ മനുഷ്യരാക്കുന്ന വിദ്യാനികേതനങ്ങളാണെപോലും! പക്ഷേ, ഒരാഭ്യന്തരഗവേഷണം നടത്തിയാൽ ഇന്നത്തെ നമ്മുടെ കോളേജുവളപ്പകംകള്ളിൽ സാംസ്കാരികമായ ഒരു 'മണ്ണാങ്കട്ടയു'മില്ലെന്നുള്ള സംഗതി എത്രയും എളുപ്പത്തിൽ ധരിക്കാൻ കഴിയും. അവിടം വികാരത്തിന്റെ വിളയാട്ടരംഗം! ഉത്തമോദാഹരണമാണ് മനുഷ്യനു മൃഗത്തിൽനിന്നുള്ള മേന്മ. വികാരത്തെ നിയന്ത്രിക്കാനും ആവശ്യത്തിനുപയോഗിക്കാനുമുള്ള കഴിവ് അവനുണ്ടെന്നുള്ളതാണ്. പക്ഷേ, തലയിലെ പിരിതെറ്റുമ്പോൾ, അവൻ മറ്റു ജന്തുക്കളെപ്പോലെ, കയറോ, കടിഞ്ഞാണോ' തുടലോ മറ്റോ ഇട്ടു ബന്ധിച്ച് നിയന്ത്രിക്കപ്പെടേണ്ട ഒരു ജീവിയായി മാറുന്നു വാസ്തവത്തിൽ സ്വയം നിയന്ത്രണശേഷിയാറ അത്തരമാളുകൾ അനുകമ്പാർഹർ തന്നെയാണ്. മനുഷ്യസ്നേഹമുള്ള യാതൊരാളും ഇന്നത്തെ കോളേജു കുമാരന്മാരുടെ ചാപല്യങ്ങൾ കണ്ടാൽ കഷ്ടം! ഇവർക്കു രക്ഷകർത്താക്കളില്ലേ? പിടിച്ചുബന്ധിച്ച് വേണ്ട ചികിത്സ നടത്തി ഈ രോഗം സുഖപ്പെടുത്താൻ" എന്നു ഖേദിക്കാതിരിക്കയില്ല പണ്ടെല്ലാം കോളേജിൽ പഠിച്ചിരുന്നവരും ഇത്തരക്കാരായിരുന്നു എങ്കിൽ വൈരുദ്ധ്യമില്ല; ഡാർവിൻ പറഞ്ഞതു നമ്മെപ്പോലെ കയ്യുംകാലുമുള്ള കുരങ്ങന്മാരാണു പിന്നിട് മനുഷ്യരായിത്തീർന്നതെന്ന്.

ബാലാ! ചിലപ്പോഴെല്ലാം ഞാൻ യൂണിവേഴ്സിറ്റികോളേജിൽ പോകാറുണ്ട്. അവിടെ പഠിക്കുന്ന ചില സ്നേഹിതന്മാരുടെ നിർബന്ധപ്രകാരം ഒരു ദിവസം മുഴുവൻ ഞാൻ ആ ഭ്രാന്താലയത്തിൽ കഴിച്ചുകൂട്ടേണ്ടിവന്നു. അന്നു കണ്ട ചില 'രംഗങ്ങൾ' ഇന്നും മായാത്ത നിഴലുകളായി എന്റെ സ്മരണയിൽ ശേഷിക്കുന്നു. അവിടെ പെൺകുട്ടികൾക്കും പോയി പഠിക്കുവാൻ അനുവാദമുണ്ട്. ഉദ്ദേശം ഒൻപതുമണി കഴിഞ്ഞപ്പോൾ 'കുമ്പളങ്ങാ'ത്തറിയിൽ പൗഡർ പൂശിയ ഒരു സംഘം വിദ്യാർത്ഥികൾ കോളേജു ഗേറ്റിനു മുറവും നിരന്നുകഴിഞ്ഞു. അതു അവിടത്തെ 'വനദേവത'മാരുടെ വരവു പ്രതീക്ഷിച്ചുണ്ടെന്നു അന്വേഷണത്തിൽനിന്നു എനിക്കു മനസ്സിലായി. ഞാനും അവരുടെ കൂടെ അവിടെ നിന്നു. നിറത്തിലും, തരത്തിലും, വലിപ്പത്തിലും വേഷത്തിലും എന്നല്ല; സകലതിലും 'മാച്ച്' ചെയ്യുന്ന സുന്ദരീമണികൾ, തലയിൽ കാട്ടംപടലും മൂടി പട്ടാംബരവും ധരിച്ച് കയ്യിൽ പുസ്തകവുമേന്തി, കിളിമൊഴികളാകുന്ന കീലുകിലാരവത്തോടെ—സുന്ദര്യമൊഴുകുന്ന ഒരു കൊച്ചരുവി പോലെ അങ്ങിനെ മന്ദംമന്ദം പാഞ്ഞുപോയി. അവരുടെ സാന്നിദ്ധ്യത്തിൽ ആ കലാലയം ഒരു 'സ്ത്രീചിത്രാലയം' തന്നെയാണ് എന്നെനിക്കുതോന്നി.

[കാളേജു" എന്ന ശീർഷകത്തിൽ നടത്തിയ ലേഖന മത്സരത്തിനു വിദ്യാർത്ഥികളിൽനിന്നു വന്ന ഏറ്റവും നല്ല ലേഖനമായി പരിശോധകസമിതി ഈ ലേഖനം തിരഞ്ഞെടുത്തിരിക്കുന്നു. ഈ ലേഖനത്തിനു 25 രൂ സമ്മാനം അയച്ചു കൊടുത്തിരിക്കുന്നു. പത്രാധിപർ]

"കാളേജു"

(അയിഷാഭായി കെ. ഒ. ലാകോളേജ്)

മണി പത്തടിച്ചപ്പോൾ മറ്റുള്ളവരോടൊപ്പം ഞാനും ഒരു ക്ലാസ്സിൽ കടന്നിരുന്നു. സംഭവബഹുലമായ ഒരു ക്ലാസ്സ്. ഒരദ്ധ്യാപകൻ, ഏതാനും പുസ്തകവുമായി കടന്നുവന്ന് ശിഷ്യഗണങ്ങളെ സവിനയം വന്ദിച്ചിട്ട്—'ഓറൻഡൻസ്' വീണ്ടി ആരംഭിച്ച വിദ്യാർത്ഥികളുടെ നമ്പരുകൾ നിറുത്തില്ലാതെ കേട്ടുതുടങ്ങി. അദ്ദേഹം അക്ഷമനായി എഴുന്നേറ്റ നോക്കിനിന്നു നമ്പരുപറയലിനു യാതൊരു കുറവും കണ്ടില്ല. ഏതാണ്ടുപേർ മാറിമാറി എല്ലാനമ്പരും പറഞ്ഞതിനുശേഷം വിദ്യാർത്ഥിനികളുടെ ഇടയിൽനിന്നും ഒരാൾ നമ്പർ പറഞ്ഞു. അടുത്ത നമ്പർ അതേ സ്വരത്തിൽ ഒരുവിദ്യാർത്ഥിയാണു പറഞ്ഞതു്. ക്ലാസ്സിൽ ഭയങ്കരമായ ചിരിയും, കൂവലും, പൂച്ചകരച്ചിലും ആരംഭിച്ചു. പെൺകുട്ടിയല്ല; ആ നമ്പർ പറഞ്ഞതെന്നു മനസ്സിലാക്കിയ അദ്ധ്യാപകൻ ആ നമ്പർ വീണ്ടും എടുത്തുവിളിച്ചു. ആരും എഴുന്നേറ്റ 'പ്രസൻറ്' പറഞ്ഞില്ല. മാറുള്ളവർ ചിരിക്കുമെന്നു കരുതി നമ്പർ പറയേണ്ട പെൺകുട്ടി കുനിഞ്ഞിരുന്നുകളഞ്ഞു. അദ്ദേഹം ആ നമ്പർ ആബ്സൻറാക്കുകയും ചെയ്തു. അങ്ങിനെ പല പെൺകുട്ടികളുടെ നമ്പരും ആ ക്ലാസ്സിൽ ആബ്സൻറാക്കിക്കൊണ്ടിരുന്നതിനിടയിലായിരുന്നു ഇന്നത്തെ ഒരു പരിപാടി തീർന്നിരിക്കുകയാണ്.

പാഠമെടുത്തു തുടങ്ങിയപ്പോൾ ഭയങ്കരമായ ഒരു നിശ്ശബ്ദത. കുറെയാളുകൾ പുസ്തകമെടുത്തു കൊണ്ടു് ഇറങ്ങിപ്പോയി. കുറേപ്പേർ പാട്ടും ഡസ്ക്കിൽ താളമടിയും വിസിലടിയുമാരംഭിച്ചു. അദ്ധ്യാപകൻ പഠിപ്പിക്കുന്നതൊന്നും ക്ലാസ്സിൽ കേൾക്കാൻ പാടില്ലാതായി. അദ്ദേഹം വിദ്യാർത്ഥികളെ നോക്കി, 'സൈലൻസ്', 'പ്ലീസ്' എന്നു് ഉച്ചത്തിൽ വിളിച്ചുപറഞ്ഞു. അവരും എല്ലാവരും പല സ്വരത്തിൽ ആ വാക്കുകളും ഉരുവിട്ടു. 'സൈലൻസ് പ്ലീസ്'കൊണ്ടു ഹാളും പരിസരവും മുഖരിതമായി.

അല്പം കഴിഞ്ഞപ്പോൾ ആ ക്ലാസ്സിന്റെ ഒരു കിൽ ഭിത്തിക്കു പകരം ഉപയോഗിച്ചിരുന്ന ഒരു വലിയ സ്ക്രീൻ ആടുംതുടങ്ങി. എതിർവശത്തു ചെന്നുനിന്ന ഏതാനും വിദ്യാർത്ഥികൾ അതുപിടിച്ച് ആട്ടിവിട്ടു. സ്ക്രീൻ വീഴുന്ന മട്ടായപ്പോൾ ഭയവിഹ്വലരായ ഏതാനും വിദ്യാർത്ഥിനികളും അദ്ധ്യാപകനും ആ വശത്തേയ്ക്കു തിരിഞ്ഞുനോക്കി. ക്ലാസ്സിന്റെ ഒരു ഭാഗത്തുനിന്നും സ്ത്രീകളുടെ സ്വരത്തിൽ മുറവിളികൾ മുഴങ്ങി. "അയ്യോ! എനിക്കെന്റെ വീട്ടിൽ പോകണേ!" "എനിയ്ക്കെന്റെ അമ്മച്ചിയെക്കാണണേ" "ഞാനെൻറച്ഛന്റെ ഒറ്റ മോളാണേ!" ഓരോന്നിനും കുറെ നേരത്തേയ്ക്കു ചിരിയും, കൂവലും, ബഹളവും തുടർന്നു.

ഒരു വിദ്യാർത്ഥിയുടെ കയ്യത്തിൽ കിടന്ന ഒരു നേരുള്ള് അടുത്തിരുന്ന ഒരുവൻ കൈക്കലാക്കി.

(ശേഷം 10-ാം പേജിൽ)

ഘശ്വാസം വിട്ടുകൊണ്ടു പ്രയോജനമില്ല. ഒരു സമ്മേളനം ഉൽഘാടനം ചെയ്തുകൊണ്ടോ ഒരാപ്പിട്ടുകൊണ്ടോ ചൂഷകവർഗ്ഗത്തിന്റെ പ്രതിനിധികളായ ആരെയും സമാധാനത്തിന്റെയും ശാന്തിയുടെയും പേരു'പറഞ്ഞു സ്വാഗതം ചെയ്യുന്ന മാർക്സീയൻ സിദ്ധാന്തമാളികയിലേക്കു ഞങ്ങളുടെ പിന്തുണയില്ല. അതു മാർക്സിസത്തിനെതിരാണ്. വർഗ്ഗസമരത്തിനെതിരാണ്. വർഗ്ഗബോധത്തിന്റെ കണ്ണുനാളത്തിലേയ്ക്കു പതിപ്പിക്കുന്ന ഉയ്ക്കേറിയ വെട്ടുകളാണ്. ബോധപൂർവ്വം സംഘടിച്ചിട്ടുള്ള വർഗ്ഗബോധമുള്ള തൊഴിലാളികൾ ഈ "സങ്കരവർഗ്ഗസംയോജനകോലാഹലം" അചകടത്തിന്റെയും വലത്തോട്ടുള്ള വഴുതിമാറ്റത്തിന്റെയും സൂചനയായിക്കരുതുന്നതിൽ തെറ്റില്ല.

സാർവ്വദേശീയ കമ്മ്യൂണിസ്റ്റു പാർട്ടികൾ സമാധാനത്തിനു വേണ്ടി നിലകൊള്ളുന്നു എന്നു വിശ്വസിക്കാം, പക്ഷേ അവർ കൊണ്ടുവന്ന ജൂദാസുകളെയെല്ലാം പറഞ്ഞയിച്ചുതുടങ്ങുമ്പോൾ.

—കുമുദി

ചെറുകഥ

ഓമ്മപൊയ്പോയ മനുഷ്യൻ

(കെ. ഏ. അബ്ബാസ്)

"അതുകൊണ്ട്, ഞാനെന്തിനാണ് ചിരിക്കുന്നതെന്നറിയുവാൻ നിങ്ങളെല്ലാവരും ആഗ്രഹിക്കുന്നു, ഇല്ലേ,?

"നിങ്ങൾ അത്ഭുതപ്പെടുന്നു, മരിക്കാറായ സമയത്തും എങ്ങനെയാണൊരു മനുഷ്യൻ ചിരിക്കുക എന്നു്.

"ഡോക്ടർ! നിങ്ങൾ പരവശനാകരുതു്. മരുന്നുഷാപ്പിൽപോയി കൊയനാൻ മിക്സ്ചറോ ആസ്പ്രിൻ ഗുളികകളോ വിൽക്കുന്നതാണു് നിങ്ങൾക്കു നല്ലതു്. എന്നെ മരണത്തിൽനിന്നു രക്ഷിക്കുവാൻ നിങ്ങൾക്കു സാധിക്കുകയില്ല ആക്കും ആവുകയില്ല, ഇപ്പോൾ എന്നെ രക്ഷിക്കുവാൻ! കാരണം ഇതാണു്: എനിക്കു ആഴമുള്ള രണ്ടു മുറിവുകളുണ്ടു്. ഒന്നു പുറത്തുനിന്നു കരംവരെ വാരിയെല്ലുകൾക്കിടയിൽ; മറ്റേതു് ആമാശയത്തിലും! ശരീരാന്തർഭാഗത്തിലുള്ള അവയവങ്ങൾ മുറിവുകളിൽക്കൂടി പുറത്തു ചാടുന്നതു നിങ്ങൾ കാണുന്നില്ലേ?

"അതുകൊണ്ടു്, എന്തിനാണു് ഞാൻ ചിരിക്കുന്നതെന്നറിവാൻ നിങ്ങളെല്ലാവരും കാത്തിരിക്കുകയാണു്.....ഏതു് അസാധാരണമായ മാനസിക ഭാവമാണു് ഒരു ചാവാറായ മനുഷ്യനെ ചിരിപ്പിക്കുക—അതും അത്യുന്മിഷത്തിൽ!—എൻ നിങ്ങൾ ആശ്ചര്യപ്പെടുകയാണല്ലേ? ഞാൻ നിങ്ങൾക്കു പറഞ്ഞുതരാം. ഞാനാരാണെന്നു്

"സഹോദരരേ, നിങ്ങളെന്താണു് പറഞ്ഞതു്? അതിൽ ഇത്രയധികം ചിരിക്കുവാൻ എന്തുണ്ടെന്നോ? കഥമുഴുവൻ കേൾക്കുന്നതുവരെ ക്ഷമിക്കൂ. അപ്പോൾ നിങ്ങൾക്കറിയാം, മരിക്കാൻ പോകുമ്പോഴും ഞാനെന്തിനാണു് ചിരിക്കുന്നതെന്നു്?.....

"രണ്ടുമാസക്കാലമായിട്ടു്, ഇപ്പോൾ ഞാനാരാണെന്നു കണ്ടുപിടിക്കുവാൻ ശ്രമിക്കയാണു്. ഞാൻ ബ്ലാൽക്കാരമായി മതംമാറ്റപ്പെട്ട ഒരു മുസ്ലീമോ, ഹിന്ദുവോ, സിക്കോ, ബ്രാഹ്മണനോ, ധനികനോ, ദരിദ്രനോ ആരായിരിക്കും? ഞാൻ മാത്രമല്ല മറ്റനേകം പേരും എന്റെ വ്യക്തിത്വത്തെ—എന്റെ ജാതി, മതം പേരു—കണ്ടുപിടിക്കുവാൻ ശ്രമിച്ചിട്ടുണ്ടു്. എങ്കിലും ആ അത്ഭുതം വെളിവാക്കാൻ ആർക്കുംകഴിഞ്ഞില്ല. അതിനുവേണ്ടി ശ്രമിച്ചുനോക്കിയിട്ടു് എനിക്കും അതു് സാധിച്ചില്ല. ഇപ്പോഴാകട്ടെ, എന്റെ ഓർമ്മശക്തി പെട്ടെന്നു തിരിച്ചുകിട്ടിയിരിക്കുന്നു.....ഇപ്പോൾ മരണസമയം അടുത്തപ്പോൾ!

"ഡോക്ടർ, അത്ര പരിഹാസ്യമായും പരവശമായും എന്നെ നോക്കരുതു്. നിങ്ങൾ എന്നെ ചിരിപ്പിക്കുന്നു. എന്നെ വിശ്വസിക്കൂ. നിങ്ങളുടെ പരവശവും ഇക്കാര്യത്തിൽ സഹായിക്കുകയില്ല. ഇപ്പോൾ ലോകത്തിലെ ഏതൊരു ഡോക്ടർക്കും എന്നെ രക്ഷിക്കുവാൻ കഴിയുമെന്നു സംശയിക്കേണ്ടാ. നിങ്ങൾ എന്തുകൊണ്ടാണു് സുബ്ബനായതെന്നു എനിക്കറിവുണ്ടു്. നിങ്ങളുടെ ഉച്ചമായ ചികിത്സാരീതി എനിക്കു മനസ്സിലായിരിക്കുന്നു. എന്റെ രണ്ടു വലിയ മുറിവുകളിൽ ഏതാണു് ആദ്യമായി ചികിത്സിക്കേണ്ടതെന്നു തീരുമാനിക്കുവാൻ കഴിയാതിരിക്കത്തക്കവണ്ണം അവയെ നിങ്ങൾ വിഷമപ്രായമായി തള്ളിയിരിക്കയാണു്, അന്തരവയവങ്ങളെ സ്വസ്ഥാനത്തേയ്ക്കു കൊണ്ടുവരുവാൻ നിങ്ങൾ എന്നെ മലത്തിക്കിടത്തി ആമാശയത്തിലെ മുറിവു തുന്നുകയാണെങ്കിൽ, അതിന്നിടയ്ക്കു് എന്റെ മൂഴുവൻ രക്തവും വളരെ വേഗം പുറത്തേമുറിവിൽക്കൂടി വാർന്നുപോയി, നിങ്ങൾ ഒന്നാമത്തെ തുന്നു് തുന്നുന്നതിനുമുമ്പു്, എന്റെ പ്രാണൻ പോയിട്ടുണ്ടായും! അതല്ല, പുറത്തെ മുറിവു് തുന്നുവാൻ എന്നെ കമഴ്ത്തിക്കിടത്തുകയാണെന്നിരിക്കട്ടെ. ഉള്ളിലെ അവയവങ്ങളും കരളും കുടലും ആമാശയത്തിലൂടെ പുറത്തേയ്ക്കു തള്ളിവരും അതിനാൽ പാപലും കാണിക്കാതെ ശ്രദ്ധിക്കൂ, എന്റെ കഥ.....

"ബോധശൂന്യതയുടെ എണ്ണമറ്റ ദിനങ്ങൾക്കുശേഷം ഏതാണ്ടു് രണ്ടു മാസങ്ങൾക്കുമുമ്പു് വീണ്ടും ബോധാവസ്ഥയിൽ തുഴഞ്ഞെത്തിയപ്പോൾ ന്യൂഡൽഹിയിലെ ഒരു ഗവൺമെണ്ടാസ്പത്രിയിലാണു് ഞാൻ എന്നെ കണ്ടതു്.

"നിങ്ങളുടെ പേർ" അവിടത്തെ ഡോക്ടർ ചോദിച്ചു.

"ഞാൻ എന്നോടുതന്നെ ചോദിക്കുകയും എന്റെ മങ്ങിയ മനസ്സിൽ ഏറ്റവുമധികം ചികഞ്ഞുനോക്കുകയും ചെയ്തു. എങ്കിലും എനിക്കു സ്വസ്യനം പറയാനുണ്ടായിരുന്നതു "ഞാൻ ഓർക്കുന്നില്ല" എന്നുമാത്രം.

"ഹിന്ദുവോ, മുസ്ലീമോ, ആരാണു്?"

"ഡോക്ടർ രണ്ടാമത്തെ നിശിതമായ ചോദ്യവും ചോദിച്ചു.

"എനിക്കു അദ്ദേഹത്തോടു പറവാനുണ്ടായിരുന്നതു ആദ്യത്തെ ഉത്തരംതന്നെയായിരുന്നു.

"കഴിഞ്ഞകാലത്തെപ്പറ്റി യാതൊന്നും ഞാൻ ഓർക്കുന്നില്ല—മതവും, ജാതിയും, വീട്ടും കുടുംബവും, വിവാഹിതനായിരുന്നുവോ, ഏകാകിയോ, ബ്രഹ്മചാരിയോ—ഇവയെല്ലാം ഞാൻ മറന്നുകഴിഞ്ഞു. എന്റെ വയസ്സിനെപ്പറ്റിയും എനിക്കു യാതൊരു തിട്ടവും ഇല്ല. ഏതോപ്രകാരത്തിൽ അനിശ്ചിതമായ ഒരു മനോവിഷാദമുണ്ടായിരുന്നു ഞാൻ ഒരു യുവാവായിരിക്കണമെന്നു്. പക്ഷേ, ഞാൻ കണ്ണാടിയിൽ നോക്കിയപ്പോഴല്ലേ അറിയുന്നതു് ചുളിവീണതും, താടിരോമങ്ങളും നിറഞ്ഞതും അപരിഷ്കൃതവുമായ ഒരു വൃദ്ധമുഖം! അതു് ഒരിക്കലും യോജിക്കാത്തതാണു്. ആ മുഖം മുമ്പു് വല്ലപ്പോഴും കണ്ടതായി എനിക്കു തോന്നുന്നില്ല.....

"ന്യൂഡൽഹിയിലെ ഡോക്ടന്മാർ എന്റെ വ്യക്തിത്വത്തെ കണ്ടുപിടിക്കുന്ന ശ്രമത്തിൽ പരാജയമടഞ്ഞപ്പോൾ, അവർ എന്റെ സ്മരണാശക്തി തിരിച്ചുകിട്ടുന്ന കാര്യത്തിൽ വ്യാപൃതരായി. ഞാനും വളരെ അധികം ശ്രമിച്ചു. കാരണം; എന്റെ പേരെന്തെന്നു അറിയാതിരുന്നാൽ ഈ വിലപ്പെട്ട ജീവിതമേ ഇല്ലെന്ന അനുഭവമായിരിക്കും എനിക്കും എന്നു ഞാൻ ഊഹിച്ചു.

"അനേഷിച്ചപ്പോൾ അറിവായതു് ഇത്രമാത്രമാണു്. പഞ്ചാബിൽനിന്നു കൊണ്ടുവന്ന ചില മുറിവേറ്റ അഭയാർത്ഥികളിൽ ഒരാളാണു് ഞാൻ; അവരിൽ മിക്കപേരും ആസ്പത്രിയിൽവച്ചുതന്നെ മരിച്ചു. മറ്റുള്ളവർ ഹിന്ദുക്കളോ സിക്കുകളോ മുസ്ലീമിങ്ങളോ എന്നു ഞാൻ ചോദിച്ചപ്പോൾ, അവർ എല്ലാ സമുദായങ്ങളിലുംപെട്ടവരാണെന്നായിരുന്നു മറുപടി ലഭിച്ചതു്. സംഭവമെന്താണെന്നോ? അമൃതസാറിനും ലാഹോറിനും മദ്ധ്യത്തിൽ ഒന്നിനു പിറകെ മറ്റൊന്നായി രണ്ടു അഭയാർത്ഥി സ്പെഷ്യൽവണ്ടികളെ ലഹളക്കാർ ആക്രമിക്കുകയും റെയിൽ തെറ്റിക്കുകയും ചെയ്തു. അവയിലൊന്നു, പടിഞ്ഞാറൻ പഞ്ചാബിൽനിന്നും അമൃതസാറിലേയ്ക്കു വരുന്ന അഭയാർത്ഥിഹിന്ദുക്കളേക്കായിരുന്നു. മറ്റേതു് കിഴക്കൻ പഞ്ചാബിൽനിന്നു ലാഹോറിലേയ്ക്കു പോകുന്ന അഭയാർത്ഥിമുസ്ലീങ്ങളേക്കുമായിരുന്നു. രാത്രി പതിനൊന്നു മണിക്കു വണ്ടി ഒരു പാലത്തിന്മേൽക്കൂടി പോകുമ്പോൾ റെയിലിന്നടിയിൽനിന്നു ഒരു ബോംബു് പൊട്ടിത്തെറിച്ചു. എഞ്ചിൻ റെയിൽതെറ്റി പാർശ്വഭാഗത്തുകൂടി ചില വാഹനങ്ങളെ വലിച്ചിഴച്ചുകൊണ്ടു നദിയുടെ വരണ്ട കിടക്കയിലേയ്ക്കു വഴുതി വീഴുകയായി. വളരെപേർക്കു മുറിവുപറ്റി; വളരെപ്പേർ കൊല്ലപ്പെട്ടു. അതിന്നിടയിൽ പിൻവാഹനങ്ങളിലെ യാത്രക്കാർ നിർബ്ബാധം രക്ഷപ്രാപിച്ചുവെങ്കിലും അവർ കാട്ടിൽ ഒളിഞ്ഞിരിക്കുന്ന കൊള്ളക്കാരുടെ വെടിയുണ്ടപ്പേമാരിക്കിരയായി. പരുക്കേറ്റവർ രക്ഷയ്ക്കായി കൂരിരുട്ടിലേയ്ക്കു അന്ധരെപ്പോലെ ഓടി.

"ഒരു മണിക്കൂറോ അതിലേറെയോ കഴിഞ്ഞു മരഭാഗത്തു നിന്നുവന്ന വേറൊരു തീവണ്ടി ഒരു നാഴികയപ്പുറത്തുവച്ചു ഇതേ ദുർവ്വിധിക്കിടപെട്ടു. ഈ വണ്ടിയിലെ പരിക്കേറ്റവരും അട

വിവർത്തകൻ:—എം. കെ. സുകുമാരൻ,
എരഞ്ഞോളി.

ത്ത കുട്ടിൽതന്നെ അഭയംതേടി. വളരെപ്പേർ ഇരുട്ടിൽ മുഴുത വയലുകളിൽ അസ്തപ്രജ്ഞരായി നിലംപതിച്ചു

"പിറേറന്ന പ്രഭാതത്തിൽ ഇന്ത്യായുനിയന്റേയും പാക്കിസ്ഥാന്റേയും സൈനൃങ്ങൾ അതിരു പരിശോധിക്കാൻ വന്നപ്പോൾ കണ്ടതു്, ഓരോഭാഗത്തും പുതുതായി നിർമ്മിക്കപ്പെട്ട അതിർത്തിയിൽ രണ്ടു വണ്ടികളിൽ വളരെ വളരെ മറിവേറാവരേയും മൃതരായവരെയുംആണ് അംഗവൈകൃതംകൊണ്ടു ആളുകളെ തിരിച്ചറിയാൻ സാദ്ധ്യമല്ലാത്തവിധം ഹിന്ദുവും മുസ്ലീമും കഴഞ്ഞു മറിഞ്ഞു പോയിരുന്നു. ഞാൻ അവരിലൊരാളായിരുന്നു. എന്നെ "ആംബുലൻസി"ലേക്കു വഹിച്ചുകൊണ്ടുപോയ മഞ്ചൽക്കാരൻ പാഞ്ഞു "ഉടയാട ചോരയിൽ മുങ്ങി ബോധശൂന്യനായി കാലുകൾ പാക്കിസ്ഥാനിലും തല ഇന്ത്യായുനിയനിലും ആകത്തക്കവണ്ണം അതിർത്തിക്കു വിലങ്ങനെ വീണുകിടക്കുന്ന നിലയിലാണ് നിങ്ങളെ കണ്ടതു്"

"പുതിയ അതിർവരമ്പു് ഒരു പാടത്തിനെതിരേ ചോരയിൽമുങ്ങിക്കിടക്കുന്നു! ഹിന്ദുവിന്റേയും മുസ്ലീമിന്റേയും സിക്കിന്റേയും ചോര ആ നല്ല മണ്ണിൽ അദൃശ്യവും അജ്ഞാതവുമാം വണ്ണം കൂടിക്കുഴഞ്ഞിരുന്നതുപോലെ

"നോക്കൂ വെളുത്ത താടിക്കാരനായ ബഹുമാനപ്പെട്ട മൌലാനാ! നിങ്ങൾ അങ്ങനെ എന്നെ സൂക്ഷിച്ചുനോക്കരുതു്. നിങ്ങളുടെ ഹൃദയത്തിലുള്ളതെന്താണെന്നു ഞാൻ പറയാം. ഞാൻ മരിക്കുകയാണെന്ന വാസ്തവം വിസ്മരിക്കരുതു്. മരണനിമിഷത്തിൽ ഒരു മനുഷ്യനു എല്ലാം അറിവാൻ കഴിയും. ഞാനൊരു മുസ്ലീമാണെന്നു തന്നെത്താൻ പ്രഖ്യാപിക്കുവാൻ എന്തുമായും നിങ്ങൾക്കാശയുണ്ടെന്നോ? അങ്ങനെയാണെങ്കിൽ ഞാൻ മരിക്കുന്നതിനുമുമ്പു് നിങ്ങളുടെ "അഞ്ജുമൻകറും ഉൽമുസ്ലീ"മിന്റെ പേരിൽ എന്റെ ശവക്കഴി നമ്മാണത്തിനുള്ള ജോലികൾ നിങ്ങൾക്കു തുടങ്ങാം.

"ഹേ മഹാശയജീ! അങ്ങയുടെ മുണ്ഡനം ചെയ്ത തലയിലുള്ള വിശുദ്ധശിഖാഷണ്ഡം ഒന്നു കണ്ടു ഞാൻ അങ്ങയുടെ വിചാരാശയങ്ങൾ വായിക്കുന്നു, ഞാനൊരു ഹിന്ദുവാണെന്നു പറയുവാൻ നിങ്ങൾ കാത്തുനിൽക്കുകയല്ലേ: എങ്കിൽ നിങ്ങളുടെ ധർമ്മസേവാസംഘത്തിന്റെ പേരിൽ എന്റെ ശവശരീരം നടത്താമായിരുന്നു

"ഞാൻ കേട്ടിട്ടുണ്ടു്, ഇവിടെ ബോംബെയിൽ പാർസിജാതിക്കാർ അവരുടെ ശവശരീരങ്ങൾ വിജനസ്ഥലത്തു് ഉപേക്ഷിച്ചുപോവുകയാണു് ചെയ്യാറുള്ളതെന്നു്! കഴുകനും മറെറ ഭയങ്കര പക്ഷികളും എല്ലായ്പോഴും ഒരു ശവത്തേയും കാത്തു അവിടെ തുങ്ങിക്കിടപ്പുണ്ടു്. പക്ഷേ ആസന്നമരണനായ ഒരു മനുഷ്യൻ മരിക്കുന്നതിനുമുമ്പുപോലും വേട്ടയാടാൻ തുടങ്ങുന്ന മനുഷ്യക്കഴുകന്മാർ ഉണ്ടെന്നു ഞാനറിഞ്ഞില്ല!.....

.....

"ഞാൻ എന്റെ കഥതുടങ്ങട്ടെ, എനിക്കു സംസാരിക്കുവാൻ അധികസമയംമില്ല. ഇപ്പോൾ എന്റെ മുറിവുകൾ വളരെ കഠിനമല്ല, പുരുങ്ങിയ ആഴ്ചകൾക്കുള്ളിൽ സുഖപ്പെടുന്നതേ ഉള്ളു. തലച്ചോറിനുള്ളിൽ ഒരു സാരമേറിയ ഞെട്ടൽ ഉണ്ടായതിന്റെ ഫലമായിട്ടാണു് എന്റെ സ്മരണാശക്തിക്കു കേടുതട്ടിയതെന്നു ഡോക്ടർമാർ അഭിപ്രായപ്പെട്ടു. അതുകൊണ്ടു ഞാൻ കൃസിദ്ധനായ ഒരു ഭ്രാന്തനായി—പേരില്ലാത്ത മനുഷ്യൻ! എന്റെ പ്രതിച്ഛായകൾ പാക്കിസ്ഥാനിലേയും ഇന്ത്യയിലേയും പത്രങ്ങളിൽ പ്രസിദ്ധീകൃതമായി! എന്നാൽ ഒരു ബന്ധുവോ, സ്നേഹിതനോ അവിടുള്ളവരോ അയൽപക്കക്കാരോ എന്നെ അപകാശപ്പെട്ടു വന്നില്ല ഒരു പക്ഷേ, അവരെല്ലാവരും കൊല്ലപ്പെട്ടിരിക്കാം. അല്ലെങ്കിൽ ഞാൻ ഈ ലോകത്തിൽ ഏകാകിയായിരിക്കാം.

"അതിന്നിടയിൽ രോഗികളും അംഗഭംഗം വന്നവരുമായ ഒരു പുതിയ സംഘം അഭയാർത്ഥികൾ വന്നുചേർന്നപ്പോൾ ആസ്പത്രിയിലെ ഡോക്ടർമാർ എന്നെ ഇനിയും അധികകാലം പാർപ്പിക്കുവാൻ സാധിക്കുകയില്ലെന്നു തീർത്തു പറഞ്ഞു അതുകൊണ്ടു ഞാൻ പുറത്തേക്കുപോയി എവിടെയെങ്കിലും ഒരു ഭ്രാന്താലയം കാണുമെന്നു പ്രത്യാശിച്ചുകൊണ്ടു്.

"നഗരം മുഴുവൻ രോന്തുചുറ്റി ഒടുക്കം ഞാൻ ജെയിംസ്ജീലിലെത്തി അവിടെ എതിർഭാഗത്തുള്ള മൈതാനത്തിൽ ഒരു അഭയാർത്ഥികുമ്പു് സ്ഥാപിച്ചിട്ടുണ്ടു്.

ഞാൻ കുമ്പുദ്യോഗസ്ഥനെ ചെന്നുകണ്ടു. "ഒരു അശരണനാണു് ഞാൻ. എനിക്കു ഒരഭയസ്ഥാനം നൽകണം"

അദ്ദേഹം ചോദിച്ചു. "നിങ്ങൾ ഹിന്ദുവോ, മുസ്ലീമോ"

ഞാൻ പ്രതിവചിച്ചു. "എനിക്കോർമ്മയില്ല."

അതൊരു സത്യമായിരുന്നു, കളവു് പറയുവാൻ ഞാൻ ശീലിച്ചിട്ടില്ല

കുമ്പുദ്യോഗസ്ഥൻ പരുഷസ്വരത്തിൽ എന്നെ പുറത്താക്കി. "ഇതു കുമ്പു് മുസ്ലീമുകൾക്കു മാത്രമുള്ളതാണു്."

"പൊടിപുരണ്ട റോഡുകളിൽ അലഞ്ഞുതിരിഞ്ഞു ഞാൻ സ്റ്റാൻഡഹീയിൽ എത്തിച്ചേർന്നു ഇവിടെ അഭയാർത്ഥികൾക്കു കൂടുതൽ വലിപ്പമുള്ള ഒരു കുമ്പു് കണ്ടു. ഞാൻ അവിടെച്ചെന്നു വളണ്ടിയർമാരോടു എനിക്കു രക്ഷോസ്ഥാനം അനുവദിക്കുവാൻ അപേക്ഷിച്ചു. സംസാരിക്കുവാനുള്ള ശക്തി നശിച്ചിരുന്നു. മൂന്നുനാളായി വല്ലതും കഴിച്ചിട്ടു്!

അവർ ചോദിച്ചു. നിങ്ങൾ ഹിന്ദുവോ, മുസ്ലീമോ?"

വീണ്ടും എനിക്കു പറയേണ്ടിവന്നു. "ഞാൻ ഓർക്കുന്നില്ല."

"പേരു്?"

"അതുകൂടി ഞാൻ ഓർക്കുന്നില്ല. കാരണം തന്നെ എനിയ്ക്കോർമ്മയില്ല"

"എന്നാൽപിന്നെ വേറെ എവിടെയെങ്കിലും പോയ്ക്കൊള്ളുക. ഇതു കുമ്പു് ഹിന്ദുക്കൾക്കു മാത്രമാണു്"

"അങ്ങനെ ഞാൻ കുമ്പുകൾതോറും അലഞ്ഞു നടന്നു. അവയോരോന്നും കന്നുകൾ ഹിന്ദുക്കൾക്കുള്ളതോ; അല്ലെങ്കിൽ മുസ്ലീമുകൾക്കുള്ളതോ ആയിരുന്നു. മനുഷ്യജീവികൾക്കുള്ളതു് ഒരിടത്തും കണ്ടില്ല.

"ആ രാത്രി ക്ഷീണിച്ചും വഴിനടന്നും തളർന്നും ഞാൻ റോഡിന്മേൽ, സിക്കുട്രിയറോഡിലെ ഒരു കീഴുദ്യോഗസ്ഥനായ ഒരു സർദാർ സാഹിബ്ബിന്റെ ബംഗ്ലാവിനു മുമ്പിൽ ബോധംകെട്ടു വീണു. ഒരു അഗതിയാണെന്നുകണ്ടു അദ്ദേഹം എന്നെ വീട്ടിനുള്ളിലേക്കു കൂട്ടിക്കൊണ്ടുപോയി. കുടിക്കുവാൻ കുറേ പാൽതന്നു ബോധം കൈവന്നപ്പോൾ അയാൾ എന്നോടു 'താൻ ഹിന്ദുവോ, മുസ്ലീമോ, സിക്കോ' എന്നു ചോദിക്കാഞ്ഞതു് ഭാഗ്യമായി! അയാൾ ചോദിച്ചതു് ഇതുമാത്രമാണു്; "സഹോദരാ, നിങ്ങൾക്കു സുഖമുണ്ടോ?

"ഞാൻ അവിടെ ഒട്ടുനാൾ താമസിച്ചു സർദാർ സാഹിബ്ബും ഭാര്യയും അവരുടെ കുഞ്ഞുങ്ങളും എന്നോടു വളരെ ദയകാണിച്ചു ഞാൻ ആത്മാർത്ഥതയോടുകൂടി എന്റെ കഥ മുഴുവൻ അവരെ പറഞ്ഞുകേൾപ്പിച്ചു അതിനുശേഷവും അവർ എന്നോടു സ്നേഹപൂർവ്വം പെരുമാറി.

"അല്പദിവസങ്ങൾക്കകം റാവൽപിണ്ടി ഡിസ്ട്രിക്ടിലെ അഭയാർത്ഥികളായ അവരുടെ ചില ബന്ധുക്കൾ അവിടെ എത്തിച്ചേർന്നു. അവരിൽ ചിലർ മുസ്ലീം ഘാതകന്മാരുടെ കൈകളിൽപെട്ടു ഭീകരമായി മർദ്ദിക്കപ്പെട്ടവരായിരുന്നു. അവരെ ബലാൽക്കാരമായി മതപരിവർത്തനം ചെയ്യുകയും ശ്രുപദേശം വരുത്തുകയും ചെയ്തവരെ അവരുടെ സ്ത്രീകളെ മാനഭംഗം ചെയ്തുകയുമുണ്ടായി. കൺമുമ്പിൽവെച്ചു അവരുടെ ബന്ധുക്കൾ നിർദ്ദയം ഹനിക്കപ്പെട്ടു. അതുകൊണ്ടു ആ അനാഥരുടെ ഹൃദയങ്ങൾ മുസ്ലീമുകളുടെനേരെ കയ്പും വെറുപ്പും നിറഞ്ഞതായിത്തീർന്നു. അവരുടെ കഥകേട്ടു ഞാൻകൂടി മുസ്ലീമുകളെ വെറുത്തുപോയി!

"സർദാർ സാഹെബ്ബ്" ഞാൻ അവരോടു എന്റെ അസാധാരണമായ കഥ പറഞ്ഞു. 'എന്റെ ഓർമ്മശക്തി നശിച്ചതും ചിലർ എന്നോടു നിരാശാജനകമായ വാക്കുകൾ പറഞ്ഞു പിന്തിരിപ്പിച്ചതുമുതൽ കണ്ണുതുറന്നു കണ്ട സ്മരണശക്തി വീണ്ടെടുക്കുവാൻ ഞാൻ കഠിനമായി ശ്രമിച്ചതും മാത്രം' അവരുടെ കൂടെയുള്ള യുവജനങ്ങൾ എന്നെ സംശയഗ്രസ്തമാം വണ്ണം തുറിച്ചുനോക്കിത്തുടങ്ങി. ഒരു രാത്രി അവരിലൊരാൾ ഇങ്ങനെ പറയുന്നതായികേട്ടു. "ആലോചിച്ചുനോക്കൂ, അവൻ വഞ്ചകനാണു്. അവന്റെ ഓർമ്മശക്തി യഥാർത്ഥമായി നഷ്ടപ്പെട്ടതായാൽപോലും ഒടുവിൽ അവൻ ഒരു മുസ്ലീമായി പ്ര

—കൂടെ

രക്ഷപ്പെടുമെന്നു സങ്കല്പിക്കണം" ഞാൻ അവരുടെ കണ്ണുകളിൽ ആപൽക്കരമായ ഒരു പ്രകാശം കണ്ടു.

"വീണ്ടും വീണ്ടും ആ വിചാരം എന്നിൽ മൊട്ടിട്ടുകൊണ്ടിരുന്നു. ഞാനൊരു മുസ്ലീമാണെന്നു വിചാരിക്കുകയും മറിവേൽക്കുകയും സ്മരണശക്തി നഷ്ടപ്പെടുകയും ചെയ്യുന്നതിനുമുമ്പ് ഞാനും ഇപ്രകാരമുള്ള ദുഷ്കൃത്യങ്ങളെപ്പറ്റി ചിന്തിച്ചിട്ടില്ലെന്ന ആക്ഷേപമുണ്ടാകും! ഒരുപക്ഷേ, എന്റെ ചിത്തപ്രവൃത്തികൊണ്ടുതന്നെ ഞാൻ ദൈവത്താൽ ശിക്ഷിക്കപ്പെട്ടതായിരിക്കണം!"

ആ രാത്രി ഞാൻ സർദാർ സാഹിബിന്റെ വീട്ടിൽനിന്നും പലായനംചെയ്തു.

"വീണ്ടും എനിക്കു തുറന്ന നിരത്തുതന്നെ ശരണമായി—പട്ടിണിയും!

"ഈ കുമ്പ് മുസ്ലീമിങ്ങളുടേതാണോ?"

"നിങ്ങൾ ആരാണ്?"

"നിങ്ങളുടെ പേരെന്താണ്?"

"നിങ്ങളുടെ മതം എന്താണ്?"

"നിങ്ങൾ എവിടുന്നാണ് വരുന്നത്?"

പോരുങ്ങൾ! പോരുങ്ങൾ!! പോരുങ്ങൾ!!! അവയിൽ ഒന്നിനുതന്നെ ഉത്തരം പറയുവാൻ ഞാൻ ശക്തനായില്ല. കാരണം, ഞാൻ കാംക്ഷിച്ച മനുഷ്യനായതുകൊണ്ടുതന്നെ!

"പേറെ എവിടേയും അഭയാർത്ഥിമന്ദിരം കാണാതെ വന്നപ്പോൾ, നടക്കുവാനുള്ള കെല്പ് തീരേ നശിച്ചപ്പോൾ ഞാൻ ജെയിംസ് മസ്ജിദിന്റെ പടികളിൽ മരിക്കുവാനുള്ള നിശ്ചയത്തോടുകൂടി പോയിക്കിടന്നു വേഗത്തിൽ ഞാൻ ബോധംകെട്ടുവീണു. എത്ര നേരം അങ്ങനെ കിടന്നുവെന്നു അറിഞ്ഞുകൂടാ. അവസാനം കണ്ണുതുറന്നു നോക്കിയപ്പോൾ കണ്ടത്, ഒരു ചെറിയ ആൺകുട്ടി—അവന് എട്ടു വയസ്സിലേറെ പ്രായമില്ല—എന്റെ അടുത്തുനിൽക്കുന്നതാണ്.

"എഴുന്നേൽക്കൂ, എഴുന്നേൽക്കൂ" അവൻ വീണ്ടും വീണ്ടും വിളിച്ചു, "എന്റെ അമ്മ നിങ്ങൾക്കു കൊടുത്തയച്ചതാണ് ഈ ഭക്ഷണം. വേഗം കഴിക്കൂ." ഭക്ഷണത്തിന്റെ ശബ്ദം കേട്ടതുകൊണ്ടായിരിക്കണം, പെട്ടെന്നു എന്റെ ബോധം നശിച്ചു ഞാൻ എഴുന്നേറ്റു; ആ കുട്ടിയുടെ സഹായത്തോടുകൂടി അവൻ കൊണ്ടുവന്ന ചപ്പാത്തികളും പരിപ്പും തിന്നു. ആ ലഘുഭക്ഷണം എത്ര രുചികരമായിരുന്നു! എന്തു അത്യുത്സാഹത്തോടെയാണ് ഞാനതു ഭക്ഷിച്ചതു! പരിപ്പുണ്ടായിരുന്ന പിച്ചളപ്പാത്രം നല്ലവണ്ണം കുത്തിയാക്കി അവസാനത്തെ ഉരുളയും വിഴുങ്ങിയശേഷം ഞാൻ കുട്ടിക്ക് ആശിസ്സുകളരുളി! "മകനേ, നീ വളരെക്കാലം ജീവിച്ചിരിക്കും." കൃതജ്ഞത കാട്ടുവാൻ ഞാൻ അവന്റെ പിഞ്ചുകൈ പിടിച്ചപ്പോൾ അവൻ ഭയവിഹ്വലനായി പറഞ്ഞു. "നിങ്ങളുടെ ശരീരം പനിക്കുന്നുണ്ടല്ലോ. എന്റെ കൂടെ അമ്മയുടെ അടുത്തേയ്ക്കു പോരൂ. അദ്ദേഹം ഒരു ഹക്കീമാണ്. നിങ്ങൾക്കു മരുന്നു തരും. പനി ഭേദമാവും."

"അങ്ങനെ ആ കൊച്ചു സ്നേഹിതൻ എന്നെ അവന്റെ വീട്ടിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി. ഹക്കീംസാഹിബ് ഭക്തനായ ഒരു മുസ്ലീമാണ്. അയാൾ ദിവസേന അഞ്ചുപ്രാവശ്യം പ്രാർത്ഥിക്കാറുണ്ട്. ഹിന്ദുക്കളെന്നോ, മുസ്ലീമിങ്ങളെന്നോ ഭേദം നോക്കാതെ ചികിത്സക്കു വരുന്ന എല്ലാ പാവപ്പെട്ട രോഗികൾക്കും അയാൾ ഔഷധം വെറുതെകൊടുത്തുപോന്നു. എനിക്കു യുദ്ധാനന്തരം കുറേനാൾ കൂടിക്കഴിയുവാൻ ദിവസത്തിൽ മൂന്നു തവണപോലും കിടക്കുവാൻ ഒരു പായുംതന്നു, ഹക്കീംസാഹിബിന്റെ ചികിത്സയിൽ ക്രമേണ എന്റെ സ്വഛക്കേടു ഭേദമായി.

"പക്ഷേ അദ്ദേഹത്തെപ്പോലെയുള്ള ഒരു വന്ദ്യവൈദ്യന്റെ കയ്യിൽപ്പോലും എന്റെ കാംക്ഷിതമിരിച്ച തരുവാൻ തക്കതായ ഔഷധം ഉണ്ടായിരുന്നില്ല. ഞാൻ അയാളോടു എന്റെ ആപൽസ്ഥിതിയെപ്പറ്റി വിവരിച്ചു പറഞ്ഞു.

"കടുവിൽ ഞാനൊരു ഹിന്ദുവാകും. അതുകൊണ്ടു ഞാൻ ഇവിടംവിട്ടു വേറൊരിടത്തു പോയ്ക്കൊള്ളാം."

പക്ഷേ കരുണാശീലനായ ആ വൃദ്ധൻ പറഞ്ഞതിതാണ് "നിങ്ങൾ ഒരു ഹിന്ദുവാണെങ്കിൽ തന്നെ എന്തു? ഹിന്ദുക്കളും ദൈവത്തിന്റെ സൃഷ്ടികളല്ലേ?" അങ്ങനെ ഞാൻ അവിടെ പാർപ്പുറപ്പിച്ചു.

"എങ്കിലും അവിടെ വേറെചിലതൊക്കെ സംഭവിച്ചു. അതു് അവിടത്തെ ദീർഘവാസം എനിക്കു വിഷമം പിടിച്ചതാക്കി. ഒരുനാൾ ഹക്കീംസാഹിബിന്റെ മകൻ എന്നെപ്പോലെയുള്ള വേറെചില അനാഥർക്കു ഭക്ഷണം കൊടുക്കുവാൻപോയി കുറേമണിക്കൂറുകൾ കഴിഞ്ഞു. അവൻ മടങ്ങിവന്നില്ല. ഹക്കീംസാഹിബും ഞാനും അവനെ തിരഞ്ഞു പുറപ്പെട്ടു. യാതൊരു തെളിവും കണ്ടില്ല. രാത്രി ജെയിംസ് മസ്ജിദിൽനിന്നു തിരിച്ചുവരുന്ന വഴിക്കു ദോബയിൽവെച്ച് അവൻ ഹിന്ദുക്കളാൽ കൊല്ലപ്പെട്ടുവെന്ന ദാരുണമായ വാർത്തയാണ് ഒടുവിൽ കിട്ടിയതു്. അതിൽപ്പിന്നെ അന്തഃപുരത്തിൽനിന്നു മീനദിനമായ രോദനങ്ങൾ കേട്ടുകൂട്ടിയുടെ അമ്മയുടെ—വൃദ്ധനായ ഹക്കീമിന്റെ ഭാര്യയുടെ—മോഹാലസ്യമുണ്ടായി. രാവും പകലും എന്റെ കൊച്ചു സ്നേഹിതന്റെ ശബ്ദങ്ങൾ ഞാൻ കേട്ടു. അവൻ തന്റെ സഹജമായ സൗഹാർദ്ദവാക്കുകൾ പൊഴിഞ്ഞു ഓർക്കുന്നു, നിങ്ങൾ മരിക്കാറായപ്പോൾ ഞാൻ ഭക്ഷണം തന്നില്ലേ എന്നിട്ടു നിങ്ങൾ എന്നെ കൊന്നു"

"തീർച്ചയായും എനിക്കറിയാം, ഞാൻ അവനെ കൊന്നിട്ടില്ലെന്നു്. എങ്കിലും ആ ചിന്ത എന്റെ തലച്ചോറിൽ പുകച്ചു "ഞാനൊരു ഹിന്ദുവാണെന്നു കരുതുക എന്റെ കാംക്ഷ കൈവിടുന്നതിനുമുമ്പു് ഞാനും ഹക്കീംസാഹിബിന്റെ മകനെപ്പോലുള്ള കുട്ടികളെ കൊന്നിരുന്നുവെന്നും സങ്കല്പിക്കുക." അതെനിക്കു സങ്കടമായിത്തീർന്നു. തന്നിമിത്തം ഒരുനാൾ പ്രഭാതത്തിൽ, വീട്ടിൽ ആരും എഴുന്നേൽക്കുന്നതിനുമുമ്പു് ഞാൻ എണീറ്റു കടന്നുകളഞ്ഞു.

"ആ ദിവസങ്ങളിൽ ഡെൽഹിയിലെ സ്ഥിതി ഭയാനകമായിരുന്നു. തുറന്ന പകൽ വെളിച്ചത്തിൽ ജനങ്ങളെ കൊല്ലപ്പെട്ടുകൊണ്ടിരുന്നു. പ്രധാനപ്പെട്ട വഴികളിൽപ്പോലും എല്ലാ ഭാഗത്തും വെടിയുണ്ടകളും പാറുന്നുകളിച്ച ഒളിച്ചുംപതുങ്ങിയും എങ്ങനെയോ ഞാൻ ടെയിൽവേസ്റ്റേഷനിൽ എത്തി ബോംബെയിൽ താൽക്കാലിക കൂടുതൽസമാധാനം പാലിക്കപ്പെട്ടിരുന്നുവെന്നു ഞാൻ കേട്ടിരുന്നതുകൊണ്ടു പുറപ്പെട്ടനിൽക്കുന്ന ഫ്രോണ്ടിയർമെയിൽ കണ്ടപ്പോൾ ഞാനതിൽ കയറി. ജനനിബിഡമായ കമ്പാർട്ട്മെന്റിൽ എന്റെ അടുത്തു ഇരുന്നതു് ഒരു പാഞ്ചാബിയുവാവായിരുന്നു അയാളുടെ കണ്ണുകളിൽ വിഷാദം തങ്ങിനിന്നിരുന്നു.

"വണ്ടി പുറപ്പെട്ടപ്പോൾ അയാൾ എന്നോടു ചോദിച്ചു:—"നിങ്ങൾ ആരാണ്, സഹോദരാ!"

"ഞാൻ അറിയുകയില്ല ഒന്നുകിൽ ഹിന്ദുവായിരിയ്ക്കും. അല്ലെങ്കിൽ മുസ്ലീം!"

"ഞാൻ കേട്ടിട്ടുണ്ടു്, ഈ വഴി മുസ്ലീംസഞ്ചാരികൾക്കു ആപൽക്കരമാണെന്നു്. നിങ്ങൾക്കൊരു താടിയുണ്ടു്, അതുകൊണ്ടു പോരിച്ചതാണ്"

"ഞാൻ എന്റെ മുഴുവൻ കഥയും അയാളോടു പറഞ്ഞു. പക്ഷേ വഴിക്കുവെച്ചു ആഴ്ചകളോളം പഴക്കമുള്ള എന്റെ താടിയെ സംശയാലുതയോടുകൂടിയാണ് അയാൾ വീക്ഷിച്ചതു്. അയാൾ എന്നെ അവിശ്വസിക്കുന്നുവെന്നു ഞാൻ ധരിച്ചു. പിന്നെ ഞങ്ങൾ അയാളെ സംബന്ധിച്ചു് സംസാരിച്ചു. ലാഹോറിലുള്ള അയാളുടെ പീടികയും വീടും കവർച്ചചെയ്യപ്പെട്ടതും അയാളുടെ ചില ബന്ധുക്കൾ കൊല്ലപ്പെട്ടതും മറ്റുള്ളവരെ കാണാതെപോയതും എന്നോടു വിസ്തരിച്ചു പറഞ്ഞു. ഇപ്പോൾ അയാൾ ജീവിതമത്സരത്തിനു ബോംബെയിലേക്കു പുറപ്പെട്ടിരിക്കയാണ്.

"ഭാരത പുരിനിന്നടുത്തുവെച്ചു വണ്ടി പെട്ടെന്നു നിറുത്തപ്പെട്ടു. മുസ്ലീമിങ്ങളെന്നു സംശയിക്കപ്പെട്ടവരെ വലിച്ചിഴച്ചുകൊണ്ടുപോയി മതകർമ്മങ്ങളൊന്നും ക്രമമായി വെടിവച്ചു കൊന്നു.

"അതിനെപ്പറ്റി ഓർക്കുമ്പോൾ ഞാൻ ഇപ്പോഴും ചിരിച്ചുപോകുന്നു ആ മുഴുവൻ ക്രൂരവും ദുഃഖകരമായ തമാശയുള്ളതാണ്..... അതെന്തായിരുന്നു? ഘാതകന്മാരുടെ വൃത്തികെട്ട ചെയ്തികളെപ്പറ്റി എന്തായിരിക്കും തമാശയെന്നു അറിവാൻ നിങ്ങൾക്കു ഉൽക്കണ്ഠയുണ്ടായിരിക്കും. ഞാൻ നിങ്ങളോടു പറയാം: നോക്കൂ, ആ ക്രൂരഘാതകന്മാർ മുസ്ലീമിങ്ങളെ പെടിവെക്കുമ്പോഴും, വളഞ്ഞ മൂർച്ചയേറിയ 'യുക്രി'കളെക്കൊണ്ടു വെട്ടുമ്പോഴും 'മഹാത്മാഗാന്ധികി ജയ്' എന്നു ഉജ്ജ്വലിച്ചുകൊണ്ടി

പ്രതിയ്ക്ക്—

രുന്നു. തീർച്ചയായും മരണനിമിഷത്തിലും ഒരു മനുഷ്യനെ ചിരിപ്പിക്കുവാൻ ധാരാളം മതിയാകുന്നതാണ് ഇതു്.

"ഏതുവിധത്തിലോ കൊലയാളികൾ ഞങ്ങളുടെ കമ്പാർട്ട്മെൻറിൽ വന്നപ്പോൾ ഞാൻ മരിക്കുവാൻ സന്നദ്ധനായിനിന്നു ഞാൻ ഒരു മുസ്ലിമാണോ എന്നു എനിയ്ക്കുറിഞ്ഞുകൂടായിരുന്നുവെങ്കിലും ഒരു തുടിയുണ്ടല്ലോ എനിയ്ക്കു് അതു് ധാരാളം മതി എന്നെ വധിക്കാൻ എന്നെ പിടിക്കാൻ പോകുന്നതിനുമുമ്പു് എൻറെ സഹയാത്രക്കാരൻ ഒരു ബ്ലാങ്കറ കൊണ്ടു എന്നെ മറച്ചു ലഹളക്കാർ എന്നെപ്പറ്റി ചോദിച്ചപ്പോൾ യാതൊരു പിഴയും പറ്റാതെ അയാൾ ഇപ്രകാരം ഉത്തരം പറഞ്ഞു: "ഇവൻ എൻറെ സഹോദരനാണ്. ഇവനെ ഉപദ്രവിക്കരുതു്. ലാഹോറിൽവെച്ചു് പരിക്കു് പറ്റിയിരിക്കയാൽ ചോദ്യങ്ങൾക്കു ഉത്തരം പറവാൻ ഇവൻ ശക്തനല്ല." അവർക്കു തൃപ്തി തോന്നുകയാൽ വേറൊരു ഭാഗത്തേയ്ക്കു പോയി പുറത്തു് വെടിയൊച്ച മുഴങ്ങി. ഇതയായവരുടെ അന്ത്യരോദനങ്ങൾ കേട്ടുകൊണ്ടതന്നെ യഴിയാതെ ഉടർന്നു.

"അവസാനം ഞാൻ ബോംബെയിൽ എത്തി. നിങ്ങളുടെ അനുഗ്രഹീതമായ പട്ടണത്തിലും ആശപിക്കപ്പെട്ട ചോദ്യം എന്നെ പിന്തുടർന്നു.

"നിങ്ങൾ ഹിന്ദുവാണോ?"

"നിങ്ങൾ മുസ്ലീമാണോ?"

ആ ആശയത്തെപ്പറ്റി ഞാൻ വിശദമായി ചിന്തിച്ചു "ആരാണ് ഹിന്ദു? ആരാണ് മുസ്ലീം? തീവണ്ടിയിൽവെച്ചു് എൻറെ ജീവനെ രക്ഷിച്ച യുവാവു്—ഞാനൊരു മുസ്ലീമെന്നു് പ്പാലെ കാണപ്പെട്ടിട്ടും എൻറെ ജീവനെ രക്ഷിച്ച മഹാമനസ്കൻ—ഒരു ഹിന്ദുവാണോ? അതല്ല, ഹക്കീമിൻറെ നിർദ്ദോഷിയായ കുട്ടിയെ വെട്ടിക്കൊന്ന ദരിദ്രയിലെ നിഷ്ഠുരന്മാരാണോ ഹിന്ദുക്കൾ? ആരാണ് മുസ്ലീങ്ങൾ? ഹക്കീമും അയാളുടെ കുടുംബവുമാണോ? അല്ലെങ്കിൽ റാവൽപിണ്ടിയിലെ സിക്ക് പുരുഷന്മാരേയും സ്ത്രീകളേയും വധിക്കുകയും മാനഭംഗപ്പെടുത്തുകയും ചെയ്ത അപരിഷ്കൃതരാണോ മുസ്ലീങ്ങൾ? ആരാണ് സിക്കുകാർ? ഹൃദയാലുവായ സർദാർ സാഹിബ്ജിം അയാളുടെ കുടുംബവുമാണോ? അതല്ല ഡൽഹിയിൽ അഴകൊല നടത്തിയ ക്രൂരന്മാരാണോ?

"ആരാണ് മുസ്ലീം? ആരാണ് ഹിന്ദു? ആരാണ് സിക്ക്? എങ്കിലും എൻറെ ബോധാവസ്ഥയെ കെടുത്തുന്നതുവരെ ആ ചോദ്യം തുടർന്നുകൊണ്ടിരുന്നു!—"നിങ്ങൾ ആരാണ്" "നിങ്ങൾ ആരാണ്?" "ഹിന്ദുവോ? മുസ്ലീമോ?" "മുസ്ലീമോ ഹിന്ദുവോ?"

ഞാൻ ആരാണ്? ഒരു ഹിന്ദുവോ മുസ്ലീമോ?

"രാവും പകലും ഈ ചോദ്യം എന്നെ വിട്ടുപിരിഞ്ഞില്ല,

"ഞാൻ ഉറങ്ങുമ്പോൾ തീ തിന്നുന്ന രാക്ഷസന്മാർ എന്നെ വട്ടമിടുകയും അവരുടെ ചോദ്യത്തിനു ഉത്തരം നൽകുവാൻവേണ്ടി എന്നെ അഗ്നിപ്രായമായ കനത്തമുനകളെക്കൊണ്ടു കുത്തുകയും ചെയ്തു. നിങ്ങൾ ആരാണ്? ഹിന്ദുവോ, മുസ്ലീമോ?"

ഞാൻ സ്വപ്നത്തിൽ നിലവിളിച്ചു,

"എന്നെ വിടൂ, ഞാനാരാണെന്നു എനിക്കറിഞ്ഞുകൂടാ, ഞാൻ ഹിന്ദുവല്ല, മുസ്ലീമല്ല, സിക്കുമല്ലാ ഞാൻ യാതൊന്നുമല്ല. ഞാനൊരു മനുഷ്യൻ മാത്രമാണ്!",

"ബോമ്പെയിൽ അഭയാർത്ഥികൾക്കു കുമ്പുകൾ ഉണ്ടായിരുന്നു നിങ്ങൾ ഒരു സിക്കാണെങ്കിൽ ഖൽസാകാളേജിലേക്കു പോകണം നിങ്ങൾ ഒരു ഹിന്ദുവാണെങ്കിൽ രാമകൃഷ്ണാശ്രമത്തിൽ അഭയംപ്രാപിക്കണം നിങ്ങൾ ഒരു മുസ്ലീമാണെങ്കിൽ അഞ്ജുമൻ ഇസ്ലാംഹൈസ്കൂളിലേക്കു പോകണം.

"ഞാൻ എവിടെയാണ് പോകേണ്ടതു്—ഞാൻ ആരാണെന്നു എനിക്കറിഞ്ഞുകൂടാ.

ഞാൻ ഒന്നിലും ചെർന്നവനല്ല.

"കരുണപോലും എനിക്കു നിഷേധിക്കപ്പെട്ടു. ഓരോരുവരും സഹായഹസ്തം നീട്ടുന്നതിനു മുമ്പു് ഞാൻ ശരിയായ സമുദായത്തിലാണോ ഉൾപ്പെട്ടിട്ടുള്ളതു് എന്നറിവാൻ ഉൽക്കണ്ഠ പ്രകടർശിപ്പിച്ച കണ്ടു

പക്ഷേ, ഞാൻ ഒരു സമുദായത്തിലും പെട്ടവനല്ല.

"എന്നാൽ പിന്നെ മരണംവരെ പട്ടിണികിടക്കണം, ഇല്ല, ഇല്ല, എങ്ങനെയെങ്കിലും ഞാൻ ആരാണെന്നു കണ്ടുപിടിക്കും. അതുകൂടാതെ ജീവിക്കുവാനുള്ള യാതൊരു വഴിയും ഉണ്ടായിരുന്നില്ല.

"ചിലർ എന്നെ ഉപദേശിച്ചു: "ഡോക്ടർ സാമന്തിയുടെ അടുക്കൽ ചെല്ലുക. അയാൾക്കു മാത്രമെ കഴിയുകയുള്ളു, നിങ്ങൾക്കു ഓജ്ജശക്തി തിരിച്ചുതരുവാൻ."

"നിങ്ങൾ എല്ലാവരും ഡോക്ടർ സാമന്തിയെപ്പറ്റി കേട്ടിരിക്കും. അയാൾ വൈദ്യശാസ്ത്ര സംബന്ധമായ ഓപ്പറേഷൻകൊണ്ടല്ല, അയാൾ രോഗികളെ ചികിത്സിക്കുന്നതു്; പ്രത്യുത, അവരോടു സംസാരിച്ചും അവരെക്കൊണ്ടു സംസാരിപ്പിച്ചും ആണ്. അതിനാൽ ഞാൻ അയാളുടെ അടുത്തേക്കുപോയി.

ആ മുറി അസാധാരണമായിരുന്നു. ഒരു വല്ലാത്ത പ്രകാശമുണ്ട് ചുമരുകളും ഡോക്ടരുടെ കോട്ടും നേഴ്സിൻറെ യൂനിഫാറവും എല്ലാം തുവെള്ള.

"എല്ലാ സാധനങ്ങളും വെളുത്ത മാർദ്ദവമേറിയവയായിരുന്നു. പക്ഷേ ഏറ്റവും ശാന്തമായിരുന്നതു് ഡോക്ടരുടെ സ്വരമത്രേ. ലോലമായും ശാന്തമായും അയാൾ പറഞ്ഞു. "ഇപ്പോൾ നിങ്ങളുടെ മനസ്സിനെ കെട്ടഴിച്ചു വിടുക. അതിനെ ഒട്ടും തളർത്താതിരിക്കുക. പിന്നെ നിങ്ങളുടെ മനസ്സിൽ ഉണ്ടാവുന്ന എല്ലാ കാര്യങ്ങളും—എത്രതന്നെ ആവശ്യമില്ലാത്തതായാലും—പുറമേ പറയണം. അയാൾ കടലാസും പെൻസിലും എടുത്തു ഞാൻ പറയുന്നതു് കുറിക്കുവാൻ തയ്യാറായിരുന്നു! ഞാൻ കണ്ണുകൾ ചിമ്മി; എൻറെ മനസ്സ് എങ്ങോ അലഞ്ഞുതിരിയുകയാണ്.

"നീല ആകാശം" ഭൂതകാലത്തിൽനിന്നു വിസ്മൃതമായ ഒരു സ്ഥലത്തിൻറെ പ്രതീതി ഉണ്ടായതുപോലെ ഞാൻ പറഞ്ഞു "നീലആകാശം, പച്ചവയലുകൾ, ഒരു നദി ഇളംകാറ്റ് തട്ടി ചലിക്കുന്നു; നദിയിൽ വള്ളങ്ങൾ; ഒരുതോട്ട്; തോട്ടിൽ കുട്ടികൾ കളിക്കുന്നു; ഒരാൾ മരാറാളുടെമേൽ വെള്ളം കോരിയെറിയുന്നു; കുട്ടികളുടെയിടയിൽ ഞാനും ഒരു കുട്ടിയെപ്പോലെ കളിക്കുന്നു; വെള്ളംകോരിയെറിയുന്നു ....."

"ഈ കുട്ടികൾ ആരാണ്?" ദൂരത്തുനിന്നോ എന്നു തോന്നുമാറ് ഡോക്ടരുടെ ശബ്ദം ഉയർന്നു: "ഹിന്ദുകുട്ടികളോ, മുസ്ലീം കുട്ടികളോ, സിക്ക്കുട്ടികളോ?"

"വെറും കുട്ടികൾ" ഞാൻ തന്നത്താൻ പറയുന്നതുകേട്ടു

"ശരി തുടരുക"

"കൊയ്ത്തിനു ശേഷമുള്ള ഒരുവയൽ; സുവർണ്ണച്ചായംപൂശിയ ധാന്യങ്ങളുടെ ഒരു വലിയ കൂമ്പാരം ആകാശത്തിലേക്കു എത്തിപ്പിടിക്കുന്നു "ബൈശാഖി" ഉത്സവം ഓ, ശ്രദ്ധിക്കൂ, "ഡോലക്കിൻറെ ഈണം. ശ്രദ്ധിക്കൂ. ഒരു പാട്ട് പാട്ട്"

"ആരാണ് പാട്ട് പാടുന്നതു്?

"സ്ത്രീകൾ"

"അതേ, അതേ ഹിന്ദുസ്ത്രീകളോ, മുസ്ലീംസ്ത്രീകളോ, സിക്ക്സ്ത്രീകളോ?"

"പഞ്ചാബ് സ്ത്രീകൾ—ഹിന്ദുസ്ത്രീകളും, മുസ്ലീംസ്ത്രീകളും സിക്ക്സ്ത്രീകളും"

എനിക്കു ഡോക്ടരുടെ നിരാശപൂണ്ണമായ നെടുവീർപ്പ് കേൾക്കാൻ കഴിഞ്ഞു.

"ശരി തുടരുക"

പക്ഷേ ഇപ്പോൾ എനിക്കു യാതൊന്നും കേൾക്കുവാനോ കാണുവാനോ കഴിഞ്ഞില്ല. ഞാൻ വിവരം അദ്ദേഹത്തോടു പറഞ്ഞു.

"എന്തുകൊണ്ടു്? എന്താണങ്ങനെയായതു്?"

— കൂടുതൽ അ

എനിക്ക അതികഠിനമായ ഒരു തലവേദന. ചുറ്റും കൂരിരുട്ട് അസാധാരണവും ഭയങ്കരവുമായ ആരവം.....

"ശ്രമിക്ക, നല്ലവണ്ണം ശ്രമിക്ക

എന്തെങ്കിലും കാണുവാൻ കഴിയുന്നുണ്ടോ?"

"ഉണ്ട്, തീജ്വാലകളും ആകാശത്തിലേക്ക ചീറ്റുന്നു. എല്ലാഗ്രാമങ്ങളും അഗ്നിയിൽ. ശബ്ദം കൂടുതൽ ഉച്ചത്തിലാവുന്നു. നിലവിളികളും അട്ടഹാസങ്ങളും, സ്ത്രീകളുടെ കരച്ചിലുകളും ....."

നല്ലത്. ഇവരാണ് വഞ്ചകന്മാർ, ഇവരാണ് നിങ്ങളുടെ കുടുംബത്തെ കൊന്നവർ, വീട്ടിന്നു തീവെച്ചവർ, മാന്യസികപ്രവണതയെ നശിപ്പിച്ചവർ.....ശ്രദ്ധിക്കൂ, അവരെന്താണ് പറഞ്ഞുകൊണ്ടിരുന്നത്?"

"എനിക്ക ഒന്നും പുറമെ കൊണ്ടുവരുവാൻ കഴിയുന്നില്ല. അവിടെ ഭയങ്കരമായ ശബ്ദം ഉണ്ടായിരുന്നു ഒരുവാക്ക് മാത്രം കേട്ടിരുന്നു, ഒകൊല്ലുക! എന്നെ രക്ഷിക്കുക, എന്നെ രക്ഷിക്കുക ഡോക്ടർ!"

"ഇപ്പോൾ സൂക്ഷ്മമായി ശ്രദ്ധിക്കുക, സാവധാനം നോക്കുക, ഓർക്കുവാൻ ശ്രമിക്കുക. നിങ്ങളുടെ വീട് കത്തിക്കുകയും ആൾക്കാരെ കൊല്ലുകയും ചെയ്യുന്ന ഇക്കൂട്ടർ ആരാണ്? നിങ്ങൾ പ്രതികാരം ചെയ്യണം. പ്രതികാരം!!....

"എന്റെ തലച്ചോറിൽ ഒരു ഇടിയുടെ ശബ്ദം മുഴങ്ങിയതുപോലെ തോന്നി: ഇപ്പോൾ, ഡോക്ടർ! ഞാനൊരു ഹിന്ദുവോ, മുസ്ലീമോ, സിക്കോ എന്നു ആരായുവാൻ പോകയാണ് ഇപ്പോൾ! ഇപ്പോൾ!!.....

"ഞാനൊരു മുസ്ലീമാണ്. ഞാൻ സർദാർ സാഹിബ്ബിന്റെ ബന്ധുക്കളെകൊന്നു. ആ പഞ്ചാബി ഹിന്ദുയുവാവിന്റെ പീടിക കവർന്നു ഞാൻ ആയിരക്കണക്കിൽ ഹിന്ദുക്കളേയും സിക്കുകളേയും കൊന്നിരുന്നു.....

"ഞാനൊരു ഹിന്ദുവാണ്. ഞാൻ ഹക്കീംസാഹിബ്ബിന്റെ മകനേയും ആയിരക്കണക്കിലുള്ള മറ്റുമുസ്ലീം പുരുഷന്മാരേയും സ്ത്രീകളേയും കുട്ടികളേയും വേട്ടയാടി.....

"ഇല്ല! ഇല്ല!! ഞാൻ നിലവിളിച്ചു. ഞാനാരാണെന്നറിവാൻ എനിക്കാഗ്രഹമില്ല. ഒരു ഹിന്ദുവോ മുസ്ലീമോ, സിക്കോ ആവാൻ എനിക്കുവയ്യ, ഞാൻ കേവലം ഒരു മനുഷ്യനാകുവാൻ ആശിക്കുന്നു"

പെട്ടെന്നു ഞാൻ കണ്ണുമിഴിച്ചു ഡോക്ടറുടെ മൃദുവും ശാന്തവുമായ ശബ്ദത്തെ മുറിച്ചുകൊണ്ടു ഞാൻ ഡോക്ടറെ മുകനാക്കമ്മറ് പരിശോധനമുറിയിൽനിന്നു കൂടിക്കേട്ടത:

"ഞാൻ ഒരു ഹിന്ദുവാണ്!"

"ഞാൻ ഒരു മുസ്ലീമാണ്!"

"ഞാൻ ഒരു മുസ്ലീമാണ്!" "ഞാൻ ഒരു ഹിന്ദുവാണ്"

"ഞാനൊരു ഹിന്ദുവാണ്" "ഞാനൊരു മുസ്ലീമാണ്."

"ഞാനെന്താണ്? ഞാനാരാണ്?"

"ഞാൻ ഒന്നുമല്ല. ഞാൻ ഒന്നുമല്ല."

"ഞാനൊരു ഹിന്ദുവാണ്. ഞാൻ ഒരു മുസ്ലീമാണ്."

"പ്ലേഗിൽനിന്നു രക്ഷപ്പെട്ടതുപോലെ ഞാൻ ഓടി. എങ്കിലും ഈ വാക്കുകളും എന്നെ പിന്തുടർന്നു. ഞാൻ പോകുന്നേടത്തെല്ലാം അതെന്നെ പിന്തുടരുകതന്നെ ചെയ്തു

ഏതു സ്ഥിതിഗതികളിൽക്കൂടെയാണ് ഞാൻ പോകുന്നതെന്നറിഞ്ഞില്ല.

കാഴ്ചയ്ക്കു ശക്തനായ ഒരു മനുഷ്യൻ എന്നെ തടഞ്ഞുനിർത്തി

"'ഏയ്', 'സാലാ', നിങ്ങളും എവിടെ പോകുന്നു? ആരാണ് നിങ്ങൾ?"

അയാളും ഒരു മുസ്ലീം മാവാലിയായിരുന്നു അയാളുടെ കണ്ണുകളിൽ ഞാനൊരു ഘാതകനെ കണ്ടു. കയ്യിൽ ഒരു ഭീകരമായ കത്തി! പക്ഷേ ഞാൻ പരിതഃസ്ഥിതികളെ മറന്നിരുന്നു.

ഞാൻ മന്ത്രിക്കുകയാണ് "ഞാൻ ഒരു ഹിന്ദു, ഞാൻ ഒരു മു....."

മുസ്ലീം എന്ന വാക്ക് പൂരിപ്പിക്കുന്നതിനു മുമ്പേ അവന്റെ കത്തി എന്റെ പുറത്തെ കത്തിത്തുരന്നു! ആ മുറിവാണ് നിങ്ങളും ഇപ്പോൾ കാണുന്നത്.

"കാഫിർക്കാ ബച്ചാ"— ഞാൻ വേദനകൊണ്ടു ചുളുങ്ങുമ്പോൾ അയാൾ പറയുന്നതു കേട്ടു. മരണപ്പിടച്ചിലോടെ വീഴുവാൻ ഭാവിച്ചെങ്കിലും എന്റെ സർവ്വശക്തിയും പ്രയോഗിച്ചു ഞാൻ നടക്കുവാൻ തുടങ്ങി, എന്റെ പിന്നിൽനിന്നു പുതുപോരയുടെ ഒരു ചുവന്ന ചാൽ ഒഴുകി.

നിങ്ങളും അതു വിശ്വസിക്കുകയില്ലേ? എന്നാൽ വേണ്ട മരണനിമിഷത്തിൽ നിങ്ങളുടെ സത്യത്തിന്റെ സാക്ഷ്യപത്രം എനിക്കാവശ്യമില്ല.....

"അതേ, ഞാൻ മുന്നോട്ടു നീങ്ങിക്കൊണ്ടിരുന്നു. അതാ മറാരോ വരുന്നു. ഇപ്രാവശ്യം ഒരു ഹിന്ദു ഗ്രൂണ്ടയാണ്.

"ഏയ്, നിങ്ങളും ആരാണ്? ഹിന്ദുവോ, മുസ്ലീമോ?" വസ്ത്രത്തിന്റെ ഉള്ളിൽനിന്നു ഒരു ഛുക്രി വലിച്ചെടുത്തുകൊണ്ടു അയാൾ ചോദിച്ചു

ഞാൻ എന്റെ ഭയങ്കരമായ പോയ്മുഖത്തെ വലിച്ചുമന്ത്രിക്കുന്നതു തുടർന്നു "ഞാനൊരു മുസ്ലീമാണ്, ഞാനൊരു ഹി....." ഇത്രവണ ഹിന്ദു എന്ന വാക്ക് ഉച്ചരിക്കുന്നതിനു മുമ്പ് മൂർച്ചയേറിയ കത്തി എന്റെ ആമാശയം കീറിപ്പിളർന്നു.

"ഇപ്പോൾ നിങ്ങൾക്കു മനസ്സിലായില്ലേ, എനിക്കെങ്ങനെയാണ് രണ്ടു ക്ഷതങ്ങൾ ഏറ്റിട്ടുള്ളതെന്നു. ഞാൻ മുസ്ലീമിനാലും ഹിന്ദുവാലും ഹിംസിക്കപ്പെട്ടു. അതുകൊണ്ടാണ് ഡോക്ടരേ, നിങ്ങൾക്ക എന്നെ സഹായിക്കുവാൻ സാദ്ധ്യമല്ലെന്നു പറഞ്ഞതു. 'നിങ്ങൾ അക്ഷമയാകൂടാ ഞാൻ മരിക്കുവാൻ കാത്തിരിക്കുകയാണ്. തീർച്ചയായും നിങ്ങളിലാരും തന്നെ എന്നെ രക്ഷിക്കുവാൻ ഇഷ്ടപ്പെടുന്നില്ലെന്നതാണ് വാസ്തവം. നിങ്ങളിൽ ഓരാൾപോലും! നിങ്ങൾ തീർച്ചയായും എന്റെ ഘാതകനോടു പ്രതികാരം ചെയ്വാൻ ആഗ്രഹിക്കുന്നവരത്രെ. അന്ത്യശ്വാസത്തിൽ ഞാൻ ഹിന്ദുവാണെന്നു തീർത്തുപറയുകയാണെങ്കിൽ, ഈ സമർത്ഥരായ ഹിന്ദുക്കൾ തൽക്ഷണം നാലുമുസ്ലീമിങ്ങളെ പകരം നശിപ്പിക്കുന്നതാണ്. ഞാനൊരു മുസ്ലീമാണെന്നു പ്രഖ്യാപിക്കുകയാണെങ്കിൽ, ഈ ശ്രേഷ്ഠന്മാരായ മുസ്ലീമിങ്ങൾ ഹിന്ദുസമുദായത്തെ മുഴുവൻ പകയ്ക്കും ഇരയാക്കും.....

.....

"ഞാൻ ചിരിക്കുകയാണ് കാരണം, ഇപ്പോൾ ഞാനാരാണെന്നു മനസ്സിലായതുതന്നെ. എല്ലാ സ്മരണകളും എനിക്കിപ്പോൾ തിരിച്ചുകിട്ടി എന്റെ ഭാര്യയുടെ മനോഹരമായ നീലക്കണ്ണുകളും; എന്റെ കുഞ്ഞിന്റെ നിഷ്കളങ്കമായ ഭാവങ്ങളും; അവർ രണ്ടുപേരും എന്റെ കൺമുമ്പിൽവെച്ചു കൊല്ലപ്പെട്ടതു ഞാൻ ഓർക്കുന്നു ഇതു കാരണമാണ് എന്റെ ഓർമ്മ നഷ്ടപ്പെട്ടതു. അതേ ഇപ്പോൾ ഞാൻ എല്ലാം ഓർക്കുന്നു —എന്റെ വയലുകളും, എന്റെ ഗ്രാമം, എന്റെ സ്നേഹിതന്മാർ, എന്റെ അയൽപക്കക്കാർ—ഇപ്പോൾ, ഞാൻ അന്ത്യശ്വാസം വിടുമ്പോൾ! മരണനിമിഷത്തിൽ എല്ലാം ഓർക്കുന്നു.

"പക്ഷേ എന്റെ സ്നേഹിതന്മാരേ, നിങ്ങളും എന്നെ കാത്തിരിക്കുന്നതു വ്യർത്ഥമാണ്! ഒരിക്കലും ഞാൻ പറയുകയില്ല, മുസ്ലീമോ, ഹിന്ദുവോ എന്നു് എന്റെ ഹന്ത ഘാതകനോ, മുസ്ലീം ഘാതകനോ തങ്ങളും "പ്രാമദ"മായി ഒരു സഹനം സമുദായക്കാരനെ കൊന്നുവെന്നു ഒരിക്കലും അറിയുകയില്ല! ഇതു് ഈ രണ്ടു കൂട്ടക്കാരോടു മാത്രമുള്ള പ്രതികാരമല്ല, എന്റെ പ്രിയപ്പെട്ട പഞ്ചാബിനെ കളങ്കപ്പെടുത്തുകയും അധഃപതിപ്പിക്കുകയും ചെയ്തവരും എപ്പോഴുള്ള ആയിരക്കണക്കായ മനുഷ്യരെ നശിപ്പിച്ചവരും ആയ ഹിന്ദുക്കളോടേയും മുസ്ലീമിങ്ങളോടേയും സിക്കുകളോടേയും പോരിലുള്ള പകയാണ്.

"ഞാനൊരു ഹിന്ദുവോ, മുസ്ലീമോ?"

"ഞാനൊരു മുസ്ലീമോ, ഹിന്ദുവോ?

ഈ ചോദ്യം അവരെ ഇരവും പകലും പിന്തുടരുന്നു. ഉന്നത സൗധങ്ങളും നിറഞ്ഞ പട്ടണങ്ങളിലും നെൽപ്പാടങ്ങളും നിറഞ്ഞ ഗ്രാമപ്രദേശങ്ങളിലും ഫാക്ടറിയിലെ യന്ത്രങ്ങളും ഇരമ്പലോടെ മുഴങ്ങുമ്പോൾ അവർ ഈ ചോദ്യം കേൾക്കുന്നു. ഓഫീസുകളിൽ—ബസ്സുകളിൽ—തീവണ്ടികളുടെ ചൂളം വിളിയിൽ—കണ്ണാന്തളികരമായ സംഗീതധ്വനിയിൽ—എവിടെയും—പ്രകൃതിയും മനുഷ്യനും യന്ത്രവും ചേരുന്ന എല്ലാ സ്ഥലത്തും വിഷസർപ്പംപോലെ ഈ പ്രശ്നം തലയുയർത്തുന്നു.

"നീ ഒരു ഹിന്ദുവാണോ?"

"നീ ഒരു മുസ്ലീമാണോ?"

മരണസമയത്തു ഞാൻ ഉത്തരം പറയുകയാണ് അതാണീചിരി. എന്താ? ഇനിയും ചിരിക്കുന്നതിനു കാരണമറിയണോ?

——

കാളേജ്

(നാലാം പേജിൽനിന്നും തുടർച്ച)

മറെറാരുവന്റെ തലയിലേക്കാരേ്. അവൻ അതെടുത്തു് മറെറാരുവന്റെ തലയിലെറിഞ്ഞു. അവൻ മറെറാരുവന്റെ. അങ്ങിനെ ആ തുണി, വിദ്യാർത്ഥികളുടെ തലക്കുമീതേ, അങ്ങോട്ടുമിങ്ങോട്ടും പറക്കുവാൻ തുടങ്ങി. ഒരു വിടവിൽ അതു കയ്യിലെടുത്തു് സ്വീകാം ഇട്ടുനപോലെ ഷർട്ടിനുമീതെ ചുറ്റിയിട്ടു. അവൻ അതിന്റെ പിറകിലെ തുമ്പിൽപിടിച്ച കൈകൊണ്ടും മാറിമാറിപ്പിടിച്ചുകൊണ്ടു് തല കുനിച്ചു്, സ്വീസഹജമായ ലജ്ജാനടിച്ചു് പിറകിലേക്കു നടന്നു തുടങ്ങി. ക്ലവൽ നിറുത്തില്ലാതെ വീണ്ടും ആരംഭിച്ചു. അവൻ വിദ്യാർത്ഥിനികളുടെ പിറകിൽ കഴിഞ്ഞു കിടന്ന ഒരു ബഞ്ചിൽ സ്ഥാനമുറപ്പിച്ചു. ക്ലവലിനു് ഏതാണ്ടു ശമനം വന്നപ്പോൾ വാദ്യമേളങ്ങളും മുഴക്കുകയായി. ഒരു വിവാഹപ്പന്തലിന്റെ പ്രതീതി അവിടെങ്ങും നിഴലിച്ചു. കുറേക്കഴിഞ്ഞപ്പോൾ ഒരു 'കുരവ' എല്ലാവരും പിറകിലേക്കു തിരിഞ്ഞു നോക്കി. സ്ത്രീവേഷധാരിയായ യുവാവിന്റെ കരങ്ങളും വരമാല്യമണിഞ്ഞ മെറെറാരുവൻ ഗ്രഹിച്ചുകൊണ്ടു നിൽക്കുന്നു. ക്ലവലും ആർത്തുവിളികളും അന്തരീക്ഷത്തിലെങ്ങും മുഴങ്ങി. വരനും വധുവും ക്ലാസ്സിന്റെ മധ്യഭാഗത്തുകൂടി മന്ദം മന്ദം ഇറങ്ങിപ്പോയി. കൂടെ കുറെയാളുകളും കുരവയുടെ തുടർച്ചയായി 'വാക്കവുട്ട്' നടത്തി. ക്ലാസ്സു ശാന്തമാക്കാനുള്ള ശ്രമത്തിൽ പരാജിതനാക്കപ്പെട്ട അദ്ധ്യാപകൻ അക്ഷമനായി അനവരതം ശാപവർഷങ്ങളും ചൊരിഞ്ഞു അതുകൊണ്ടും ഫലമില്ലെന്നു കണ്ടപ്പോൾ അദ്ദേഹം തന്റെ ഏറുവും വലിയ ഉച്ചസ്വരത്തിൽ 'ലക്ച്ചർ' തുടങ്ങി. 'ആളിറങ്ങണം! നിറുത്തു് ആളിറങ്ങണം' എന്നു് ഒന്നിച്ചുള്ള വിളികളും പുസ്തകം ഡസ്ക്കിൽ ആഞ്ഞടിക്കുന്ന ഭയങ്കര ഒച്ചപ്പാടുകളും അദ്ദേഹത്തിന്റെ അദ്ധ്യയനത്തെ ചുറുചുറുപാടുകളിൽനിന്നും തള്ളിമാറ്റി. അതുകൊണ്ടും ക്ലാസ്സു വിടുന്നില്ലെന്നു കണ്ടപ്പോൾ 'വഞ്ചിശ്ലോകമംഗളം പാടിക്കൊണ്ടു് വിദ്യാർത്ഥികൾ ക്ലാസ്സിൽനിന്നു് പാറമ്പാറമായി ഇറങ്ങിപ്പോയി ആദ്യന്തം ക്ലവൽനിറഞ്ഞ ആ ക്ലാസ്സിൽനിന്നും അദ്ധ്യാപകൻ അങ്ങിനെ വിമോചിതനായി.

ചുറുചുറുപാടും നടന്നു പരിശോധിച്ചതിൽ അന്നു് മിക്കക്ലാസ്സുകളുടെയും അവസ്ഥ ഇതിനെക്കാൾ പരിതാപകരമാണു് എന്നു് എനിക്കു ബോദ്ധ്യമായി അഞ്ചുൾപ്പുണ്ണ നോട്ടീസ് ബോർഡിൽ എഴുത്തിട്ടുനതുകണ്ടു് ഞങ്ങളും അവിടേക്കുപോയി. എന്നാലും വിദ്യാർത്ഥികളും പ്രൂണിനെ കബളിപ്പിച്ചു് പല പ്രൈൺകുട്ടികൾക്കുള്ള എഴുത്തുകളും ആ ബോർഡിൽ ഇട്ടുവിച്ചു. പ്രൂൺ പോയികഴിഞ്ഞപ്പോൾ 'ലീല'യുടെ പേർക്കു വന്ന ഒരെഴുത്തു് ഒരു വിദ്യാർത്ഥി എടുത്തുകൊണ്ടുവന്നു. മറെറള്ളവർ കൂടിച്ചേർന്നു് അതു കൈക്കലാക്കുവാൻ ശ്രമിച്ചു. മറെറള്ളവർ അതു വാങ്ങിക്കാൻചെയ്ത പരിശ്രമത്തിനിടയിൽ കവർ മുഴുവനും എഴുത്തിന്റെ ഏതാനും ഭാഗവും കാറിൽ പറന്നു. ഭാഗ്യദോഷം പുരുഷന്മാർ കുറെ അകലെ നിന്ന എന്റെ പക്കലേക്കെറിഞ്ഞു തന്നു. ഞാൻ അതെടുത്തുകൊണ്ടോടി അകലെ മാറി നിന്നു് വായിച്ചുനോക്കി. മുഴുവൻ വായിച്ചു തീരുന്നതിനു മുൻപു് അവർ പാഠത്തോടെ വന്നു് അതു കൈക്കലാക്കി എന്നു മാത്രമല്ല; ഓരോരുത്തരും അവരുടെ പങ്കു് കീറി എടുക്കുകകൂടിചെയ്തു. ഞാൻ സംബ്രമനായി; അവരെ കാറപ്പെടുത്തി അവർ ചുറും നിന്നു് ക്ലാക്കി വിളിച്ചു. എഴുത്തിലെ താല്പര്യം ഞാനവരോടു പറഞ്ഞു. ആ യുവതിയുടെ മൂത്ത സഹോദരൻ, കല്പനായിൽ നിന്നുകൊണ്ടു് തന്റെ സഹോദരിക്കു്, പഠിക്കാൻ കൊടുത്ത ബുക്കിൽ മറന്നുവച്ചിരുന്ന 'സർട്ടിഫിക്കറേ്' ഉടൻ എടുത്തയച്ചുകൊടുക്കണമെന്നു പറഞ്ഞെഴുതിയ ഒരെഴുത്തായിരുന്നു അതു്. കീറിക്കളഞ്ഞ എഴുത്തിലെ വിവരം പറയാൻ ഭീരുക്കളും ചപലന്മാരുമായ അവർ മടിച്ചു. ഈ സംഗതി എങ്ങിനെയെങ്കിലും ലീലയെ ധരിപ്പിച്ചില്ലെങ്കിൽ കല്പനായിൽ താമസം തുടങ്ങിയിരിക്കുന്ന ഒരു സഹോദരൻ വളരെ കഷ്ടപ്പെടാൻ ഇടയുണ്ടെന്നു കരുതി, ഞാൻ ലീലയെ ചെന്നു കണ്ടു് കാര്യം പറഞ്ഞു. എന്റെ ഉപകാരസ്മരണയോർത്തു ലീല ആ എഴുത്തിന്റെ കാര്യം അധികൃതരെ അറിയിച്ചില്ല. കാളേജു അഡ്മിസ്സിൽ വരുന്ന ഭൂരിപക്ഷം പെൺകുട്ടികളുടെ എഴുത്തും അവർക്കു കിട്ടാറില്ല. എന്നല്ല, പെൺകുട്ടികൾ ഈ പാർട്ടിയുടെ ഞെരുക്കിൽ എത്രമാത്രം വീർപ്പുമുട്ടുന്നുണ്ടെന്നും ആ ക്ഷമാശീലകളുടെ ഹൃദയങ്ങളിൽ തുളച്ചു കയറിനോക്കിയെങ്കിൽ മാത്രമേ അറിയാവൂ.

ബാലാ! നിനക്കു കേൾക്കണോ? സ്മരണീയമായ മറെറാരു കഥ ആക്കു് ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും ശരി, "ഒരു സുന്ദരനും ഒരു സുന്ദരിയും ഇങ്ങനെ ഒരു പങ്കിടീലുണ്ടു് കാളേജുകളിൽ അന്നു മണി ഒന്നു കഴിഞ്ഞപ്പോൾ ബാബുവും ചന്ദ്രനുംകൂടി മകളിലത്തെ നിലയിലുള്ള ഒരു ക്ലാസ്സിൽവന്നു് പെൺകുട്ടികളിരിക്കുന്ന ഭാഗത്തിൽ സ്ഥലം പിടിച്ച ചന്ദ്രൻ ഒരു ബഞ്ചിൽ കിടന്നു; ബാബു ഒരു ഡസ്ക്കിൽ ചാരി ഇരുന്നു "ഒരു ഈ ബഞ്ചിനു് എത്ര മുട്ടലുണ്ട" ചന്ദ്രൻ ഫലിതരസത്തിൽ പറഞ്ഞു "വനവേദമാരിരുന്നതല്ലേ? അതിന്റെ മാധുര്യം ഒന്നു പ്രത്യേകമാണു്. (അടുത്ത ജനാലയിലേക്കു നോക്കി) അതാ പോയെടേ" ചന്ദ്രൻ അന്വേഷിച്ചു; "ആരു്? "നിന്റെ പനിനീർ പുഷ്പം" "റോസോ?" "ആണടേ"

ഈ സംഭാഷണം ആരംഭിക്കുന്നതിനു മുൻപു മുതൽക്കേ മിസ്സ് റോസ്സിന്റെ പിതാവും ഞാനുംകൂടി എതിർവശത്തുള്ള ജനലിനു സമീപം നിന്നു് സംസാരിക്കുകയായിരുന്നു കാളേജു വളരെ ചെറുപ്പം തോന്നിക്കുന്ന അദ്ദേഹത്തെ മനസ്സിലാക്കാതെ ആ വിഡ്ഢിത്തം അവരുടെ പേയ്ത്തുകൾ തുടർന്നു. അദ്ദേഹം ഇതെല്ലാം ശ്രദ്ധിക്കുന്നുണ്ടായിരുന്നു

ചന്ദ്രൻ ചാടി എഴുനേറു് അടുത്ത ജനലിൽ പോയി നോക്കീട്ടു വീണ്ടും പഴയസ്ഥാനത്തുവന്നു കിടന്നു് "തിരിഞ്ഞൊരു ദർശനം നൽകീട്ടാണേടേ, അവൾ പോയതു്." സംതോഷണം തുടർന്നു ഏടെ, "എനിക്കവളെ കണ്ടപ്പോൾ മുതൽ മനസ്സിനു് ഒരു വല്ലാത്ത അസ്വസ്ഥത" ഇതെല്ലാം ആ പിതാവു ശ്രദ്ധിച്ചുകേൾക്കുന്നുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഭാവം വളരെ വ്യത്യസ്തപ്പെട്ടു. ആ മുഖം വളരെ ശ്രദ്ധമായിത്തീരുന്നു എനിക്കു തോന്നി. ബാബു മകപടിനൽകി" "ആ സുഖക്കേടിനു മരുന്നു് സത്യംചെയ്യുകയെന്നുള്ളതാണു്. നീ ഒരു പത്തൻ പതു സത്യംചെയ്യു! അപ്പോൾ ആ രോഗത്തിനു ശമനമുണ്ടാവും." "ഇല്ലെടാ! എന്റെ രോഗത്തിനൗഷധം അവൾ തരുന്നയാണു്; അല്ലാതൊന്നുമല്ല."

അദ്ദേഹം അവിടെ നിന്നു നടന്നുകളഞ്ഞു കുറച്ചുകഴിഞ്ഞപ്പോൾ മിസ്സ്റോസ്സ്, പുസ്തകവുമായി പിതാവിന്റെ പിറകേ, അമ്പരപ്പോടെ നടന്നുപോകുന്നതുകണ്ടു യാഥാസ്ഥിതികനല്ലെങ്കിലും തൽക്കാലം ആ നിലയിൽ എത്തിച്ചേർന്ന പിതാവിന്റെ പിൻപേ കാര്യമറിയാതെ വിവശഹൃദയയായി ആ പെൺകുട്ടി പോകുന്ന കാഴ്ചകണ്ടു് ഞാൻ സ്തബ്ധനായി നോക്കിനിന്നു റോസ്സിന്റെ മണിസദനം പിന്നീടു കോളേജിലെങ്ങും കേട്ടിട്ടില്ല അവളുടെ മധുരരൂപം പിന്നിടൊരിക്കലും കോളേജുകുമാരന്മാരുടെ വികാരനിറഞ്ഞ ഹൃദയങ്ങൾക്കു കുളിർമയേകീട്ടുമില്ല. ആ കോളേജിൽ പഠിക്കുന്ന എന്റെ സഹോദരിയുടെ സൗന്ദര്യത്തേയും വൈരൂപ്യത്തേയും നിശ്ചയിക്കുന്നതു കേൾക്കാനുള്ള സന്ദർഭങ്ങൾ എനിക്കും ഉണ്ടായിട്ടുണ്ടു്. ഞാൻ പ്രാർത്ഥിച്ചു "എന്റെ പിതാവു് ഇതു കേൾക്കാൻ ഇടവരുത്തരുതേ" എന്നു് പെൺകുട്ടികളെക്കാണുമ്പോൾ ഇത്തരക്കാരുടെ സ്വഭാവോദ്ധം അസ്തമിക്കുന്നതായി തോന്നും അങ്ങിനെയല്ല, കോളേജുജീവിതം ആരംഭിക്കുന്നതു മുതൽക്കേ അവരുടെ പിരിവെട്ടിപ്പോകുന്നു എന്നു് അടുത്തു പരിചയമുള്ള എനിക്കറിയാം

കഷ്ടകാലത്തിന്റെ കൂടുതലുകൊണ്ടാണു് ഇന്നു് കോളേജുക്ലാസ്സുകളിലെ അദ്ധ്യയനവൃത്തിക്കു പോകേണ്ടിവരുന്നതു്. ഇതു വിഷമമേറിയ ഒരു പ്രശ്നം മറെറാന്നുമില്ല. പാഠമെടുത്തുകൊണ്ടിരിക്കവെ, ക്ലാസ്സിൽ കാണിക്കുന്ന ഗോഷ്ടികൾക്കു് അതിരില്ല ചുരുളൻമുടിയുടെ ക്ലവലും വട്ടയുടെ കരയും, താറാവിന്റെ കരച്ചിലും, പലജാതി ഹോക്കഴ്സിന്റെ വിളികളും, പലവിധ വാഹ

—കു

നിവൻസ് നിൽക്കാറായി

[ഒരു നാടകം]

★

വി. ടി. ഇന്ദുചൂഡൻ

കഥാപാത്രങ്ങൾ

1. കുഞ്ഞൻപണിക്കർ:—ഒരു വൃദ്ധനായ കൃഷിക്കാരൻ.
2. അമ്മു:—പണിക്കരുടെ മകൾ.
3. വാസു:....അമ്മുവിന്റെ കാമുകൻ.
4. മത്തായി:—ഒരു ജന്മിയും കച്ചവടക്കാരനും.
5. കരുണാകരമേനോൻ:—എം. എൽ. എ.
6. അന്തോണി:—മത്തായിയുടെ കാര്യസ്ഥൻ.
7. പാക്കപ്പൻ:—മത്തായിയുടെ വേലക്കാരൻ.
8. കിട്ടണ്ണി:—കരുണാകരമേനോന്റെ വേലക്കാരൻ.

രംഗം. 6.

പണിക്കർ:—(ജിജ്ഞാസയോടേ) പറഞ്ഞോ?

കിട്ടണ്ണി:—പറഞ്ഞ....

പണിക്കർ:- (അക്ഷമനായി ഇടയ്ക്കുചാടി) മുപ്പരെന്തുപറഞ്ഞൂ? ഏ?....

കിട്ടണ്ണി: —ഇപ്പോൾ കാണാൻ സൌകര്യപ്പെടില്ല. പിന്നെ വരാൻ

പണിക്കർ:—(പാരവശ്യത്തോടെ) അയ്യോ; അങ്ങനെ പറയല്ലേ! എനിയ്ക്കു നടക്കാൻവയ്യ 30 വയസ്സിൽപ്പുറമിതാണ് ഈ കുനു ഉഴിച്ചില്, പിഴിച്ചിലും വളരെ കഴിച്ചു പക്ഷെ കായ്മുണ്ടായില്ല ജാതകത്തിലു ഒരു കുജ രാഹു സന്ധിവൈരന്നു പിന്നെ പിടിച്ചുനിക്കേണ്ടി വയസ്സായപ്പോൾ തീരെ നടക്കാൻ വയ്യാണ്ടായി....

കിട്ടണ്ണി:—ആവലാധി പറഞ്ഞിട്ടെന്തു കായ്ക്കു, കാരണവരേ? ഏമാൻ പറഞ്ഞു പിന്നെ വരാൻ.

പണിക്കർ:—അയ്യോ! ഇനി ഇങ്ങനെ ഒരു നടത്തവുംകൂടിയുണ്ടായാൽ എന്റെ കഥ കഴിയും.

കിട്ടണ്ണി—ഞാൻ വിചാരിച്ചാൽ നിവൃത്തിയില്ലാ, കാരണവരേ ഏമാൻ സൌകര്യപ്പെടില്ല, എന്നു പറഞ്ഞാൽപിന്നെ ഞനെന്തുചെയ്യും?

പണിക്കർ:—എന്നാലിനി എന്തുചെയ്യും? (ആലോചിച്ചിട്ട്) മുപ്പരോട് നിങ്ങൾ സംഗതി അടിയന്തരമാണെന്നു പറഞ്ഞോ?

കിട്ടണ്ണി:—പറഞ്ഞു

പണിക്കർ:—എന്റെ പേരു നല്ലോണംപോലെ പറഞ്ഞോ?

കിട്ടണ്ണി:—അതൊക്കെ ഞാൻ പറഞ്ഞു, കാരണവരേ

പണിക്കർ:—(ആലോചിച്ചിട്ട്) ആട്ടെ, ഞാൻ ഗോപാലന്റെ അച്ഛനാണെന്നു മനസ്സിലായോ?

കിട്ടണ്ണി:—ഏതു ഗോപാലൻ?

പണിക്കർ:—ഏതു ഗോപാലനെന്നോ? ഗോപാലനെപ്പറ്റി കേട്ടിട്ടില്ലേ?

കിട്ടണ്ണി:—ഇല്ല

പണിക്കർ—ഏ? കേട്ടിട്ടില്ലേ?

കിട്ടണ്ണി:—ഇല്ല.

പണിക്കർ:—എന്ത്! കേട്ടിട്ടില്ലാന്നോ?

കിട്ടണ്ണി:—ഇല്ലല്ലോ, കാരണവരേ.

പണിക്കർ: - ഗോപാലനെപ്പറ്റിക്കേട്ടിട്ടില്ലന്നോ? ഏ?

കിട്ടണ്ണി:—ഞാൻ കേട്ടിട്ടില്ല.

പണിക്കർ:—(മൂക്കിന്മേൽ വിരൽവെച്ചുകൊണ്ട്) ഗോപാലനെപ്പറ്റി കേട്ടിട്ടില്ലാത്രേ! അത്ഭുതം!

കിട്ടണ്ണി:—അതെന്താ, കാരണവരേ?

പണിക്കർ:—ഗോപാലനെപ്പറ്റി കേൾക്കാത്തതു് അത്ഭുതം തന്നെയോ!

കിട്ടണ്ണി:എന്താ കാരണവരെ, അത്ഭുതം?

പണിക്കർ—അവൻ കാങ്ഗ്രസ്സിച്ചേർന്നു് ജയിലിപ്പോയപ്പോൾ പത്തുങ്ങളിലൊക്കെ അച്ചടിച്ചിട്ടുണ്ടായിരുന്നല്ലോ അവന്റെ പേരു്?

നങ്ങളുടെ ഫോണടിശബ്ദവും, വാദ്യമേളങ്ങളോടുകൂടിയുള്ള പാട്ടുകച്ചേരികളും, കുരവയിട്ടുകൊണ്ടിരിക്കവേ, വധൂവരന്മാർ പരസ്പരം ഹാരമണിയിക്കുന്ന കല്ല്യാണമണ്ഡപങ്ങളും എന്നല്ല, ലോകത്തു കണ്ടിട്ടുള്ള സകലതിന്റെയും അനുകരണങ്ങളും ക്ലാസ്സിൽ പ്രദർശിപ്പിക്കാറുണ്ടു്.

ബാലരേ! നിനക്കറിയാമോ ഇങ്ങനെയൊരു പാരമ്പര്യം കാളേജുകളിൽ സൃഷ്ടിക്കപ്പെട്ടവനുള്ള കാരണം എന്താണെന്നു? ഇവിടത്തെ വിദ്യാഭ്യാസരീതി മനുഷ്യരുടെ സാംസ്ക്കാരികമൂല്യത്തെ വളർത്തുവാൻ ഒരു വിധത്തിലും പര്യാപ്തമല്ല. ജീവിക്കാൻ ഒരു വിധത്തിലും അറിഞ്ഞുകൂടാത്ത കുറേ 'ഡിഗ്രിമുതലാളിമാരെ' സൃഷ്ടിച്ചുവിടുന്നതിൽ കവിഞ്ഞു് നമ്മുടെ കലാശാലകൊണ്ടും ഒന്നും സാധിക്കുന്നില്ല. ജീവിതമാഗ്രഹിക്കുന്ന പ്രായോഗികവശങ്ങളും ഇന്നത്തെ വിദ്യാഭ്യാസരീതിയിൽ എന്തൊണുള്ളതു്?

നാമെല്ലാംതന്നെ ഒരു ദുഷിതവലയത്തിൽ കിടന്നു കറങ്ങുകയാണെന്നു തോന്നുന്നു. ജീവിതവുമായി ബന്ധമില്ലാത്ത—ജീവിതസത്യങ്ങളുമായി അടുക്കാൻ വിജ്ഞാനം നൽകാത്ത—ഒരു വിദ്യാഭ്യാസരീതി പഠിക്കുവാനും അറിയുവാനും വികസിക്കുവാനുമല്ല അറിയുവാനും അറിയപ്പെടാനും രസിക്കുവാനും ഉദ്യോഗസമ്പാദനത്തിനു ഉപകരിച്ചേക്കാവുന്ന കടലാസുരേഖകൾ സമ്പാദിക്കുവാനുമാണു് നാം കാളേജുകളിലേക്കു പോകുന്നതു്. ദുഷിച്ച ഒരു സാമൂഹ്യനീതി പ്രാമാണ്യത്തിനുവേണ്ടി മനുഷ്യനെ കുരുകുളിപ്പിക്കുന്ന ചിത്രം കാളേജുകളിൽ പ്രതിഫലിക്കുന്നു. സ്ത്രീപുരുഷബന്ധത്തെപ്പറ്റി ഒരു പാവനമായ സങ്കല്പം രൂപമെടുക്കാൻ അവസരം നൽകാത്തവിധം നമ്മുടെ സാമൂഹ്യഘടന അധഃപതിച്ചുപോയി ഈ അധഃപതനത്തിന്റെ സന്തതികളാണു് വിദ്യാർത്ഥികളായ നാമെല്ലാം തന്നെ അടുത്ത തലമുറയും അങ്ങനെ നശിച്ചുകൊണ്ടിരിക്കയാണു്. അങ്ങിങ്ങു ചില രാഷ്ട്രീയക്കാരെ കാണാറുണ്ടു്. പക്ഷേ അവരിൽ കൂടുതൽ പേർക്കും തങ്ങൾ പറയുന്നതും പ്രവർത്തിക്കുന്നതും നിശ്ചയമില്ല. ആരൊക്കെയോ പറയുന്നതു അവർ ഏറ്റുപാടുന്നു എന്നു മാത്രം. അറിഞ്ഞു പ്രവർത്തിക്കുവാനല്ല അറിയാതെ കുട്ടിക്കുരങ്ങു കളിക്കുവാനാണു് കൂടുതൽ പ്രവണത.

ഈ നില തുടർന്നാൽ ആരോ പറഞ്ഞപോലെ കലാലയം ഒരു ഭ്രാന്താലയമാണെന്നു പറയുന്നതിൽ വലിയ തെറ്റുകാണുമെന്നു തോന്നുന്നില്ല. യൂണിവേഴ്സിറ്റി വിദ്യാലയം യൂണിവേഴ്സൽ ഭ്രാന്താലയമായ് രൂപാന്തരപ്പെടാതിരിക്കണമെങ്കിൽ അയഥാർത്ഥങ്ങളും സങ്കല്പികങ്ങളുമായ ഇന്നത്തെ ചുറ്റുപാടുകളിൽനിന്നു സത്യനിഷ്ഠവും ഭാവനാസമ്പന്നവുമായ ഒരു പുതിയ ചുറ്റുപാടിലേയ്ക്കു ജനതയെ വളർത്തുവാൻ പര്യപ്തമാകത്തക്കവണ്ണം നമ്മുടെ വിദ്യാഭ്യാസരീതിയെ ഉടച്ചുവാർക്കുകതന്നെ വേണം.

നിനക്കെന്തു തോന്നുന്നു? സ്നേഹം,

ഭാസി.

കിട്ടണ്ണി:—അതുവ്വോ? എനിക്കറിയില്ല

പണിക്കർ:—താനെത്രകാലമായി മുപ്പരുടെകൂടെ നില്ക്കാൻ തുടങ്ങീട്ട്?

കിട്ടണ്ണി:—ഞാനിവിടെ വന്നിട്ട് 6 മാസേ ആയിട്ടുള്ളു. നമ്പ' ഇവിടെ ഒരു വേലക്കാരൻ ഉണ്ടായിരുന്നു. അയാളെ, യജമാനൻറെ ഭാര്യ തല്ലീന്നും പറഞ്ഞ് പോയി. അങ്ങനെയാണ് ഞാൻ വന്നതു.....

പണിക്കർ:—പെണ്ണുങ്ങളുടെ കയ്യീന്ന് തല്ലുകൊള്ളുന്നതു കഷ്ടമാണേയ്.

കിട്ടണ്ണി:—അതൊന്നും പറയണ്ട വല്ലാത്ത കഷ്ടം

പണിക്കർ:—തനിക്ക വയസ്സെത്രയായി?

കിട്ടണ്ണി:—ഇരുപത്തിരണ്ട്.....

പണിക്കർ:—അങ്ങനെവരട്ടെ! എന്നാൽ അതാണ് എൻറെ മോൻ ഗോപാലനെപ്പറ്റി കേൾക്കാഞ്ഞതു! ഗോപാലൻ ജനിച്ചപ്പോയതു് ഏഴെട്ട് വർഷംമുമ്പാണ്. അന്നു തനിയ്ക്കൊരു പത്തുപതിനാലു് വയസ്സേ പ്രായംകാണൂ...മുപ്പരായും ഗോപാലനെ ഒന്നു പെറയൂ, ഗോപാലൻറെ അച്ഛനാണ് വന്നിട്ടുള്ളതെന്നു്.

കിട്ടണ്ണി:—ഇങ്ങനെ ഇടയ്ക്കിടയ്ക്ക് ഓരോന്ന് ബുദ്ധിമുട്ടിച്ചാൽ ഏമാൻ ദേഷ്യപ്പെട്ടാലോ?

പണിക്കർ:—ഗോപാലൻറെ അച്ഛനാണെന്നു പറഞ്ഞാൽപിന്നെ മുപ്പരൊന്നും പറയില്ല...ഒന്നുപെന്നെ പറയുന്നു്.

[കിട്ടണ്ണി ആലും സംശയിക്കുന്നു. പിന്നീട് അകത്തേയ്ക്കു പോകുന്നു. പണിക്കർ കാറ്റായപ്പോലും ഏഴുന്നാറ വീടിൻറെ പണിത്തരങ്ങൾ പരിശോധിക്കുന്നു. കതകും, ജനലും കൈകൊണ്ടു തൊട്ടുനോക്കി, തലകുലുക്കി, "നല്ല ശരത്തിതേക്കു'!" എന്നു് പിറുപിറുക്കുന്നു കിട്ടണ്ണി വീണ്ടും പ്രവേശിക്കുന്നു]

പണിക്കർ:—പറഞ്ഞോ?

കിട്ടണ്ണി:—പറഞ്ഞു....

പണിക്കർ:—(അക്ഷമനായി) എന്നിട്ടെന്തുപറഞ്ഞു?

കിട്ടണ്ണി:—ഏമാൻ ദേഷ്യപ്പെട്ടു, കാണാൻ പറ്റില്ലാന്നും ഒരിക്കൽ പറഞ്ഞതല്ലേന്നും ചോദിച്ചു.

പണിക്കർ:—ഗോപാലൻറെ അച്ഛനാണെന്നു് പറഞ്ഞോ?

കിട്ടണ്ണി:—പറഞ്ഞു....

പണിക്കർ:—മുപ്പക്ക് അപ്പോഠം കാര്യം മനസ്സിലായിട്ടുണ്ടാവും.

കിട്ടണ്ണി:—ഏമാനാരായില്യ, നിങ്ങടെ ഗോപാലനാ!

പണിക്കർ:—മുപ്പരറിയില്ലേ? ഏ?

കിട്ടണ്ണി:—ഇല്ല.

പണിക്കർ:—എന്ത്? അറിയില്ലാന്നോ?

കിട്ടണ്ണി:—ഇല്ലാന്നു് പറഞ്ഞല്ലേ?

പണിക്കർ:—അതു് വെരതെ! മുപ്പരറിയാണ്ടിരിക്കില്ല താൻ ശരിക്ക പറഞ്ഞു മനസ്സിലാക്കീട്ടുണ്ടാവില്ല. താൻ അവിടെച്ചെന്നു് എന്താ പറഞ്ഞതു്?

കിട്ടണ്ണി:—ഞാനെല്ലാം ശരിക്ക പറഞ്ഞു...കാരണവരു് കൂടനാ പോയതു്! എനിക്ക രോക്കെ ജോലിയുണ്ടു്.

പണിക്കർ:—മുപ്പരെ ഒന്നു കാണാനെന്തു ചെയ്യും?

കിട്ടണ്ണി:—അതിനു് പിന്നെ വല്ലപ്പോഴും വരാൻ പറഞ്ഞില്ലേ?

പണിക്കർ:—അയ്യോ, മോനെ, എനിക്ക നടക്കാൻ വയ്യ വൈകുന്നേരംവരെ ഇവിടെ ഇരിക്കാം. എന്നാലും ഒന്നു കണ്ടിട്ടേ ഞാൻ പോകുന്നുള്ളു.

കിട്ടണ്ണി:—ഇവിടെയിരിക്കാൻ പാടില്ല. (സ്വരം ഉയർത്തിക്കൊണ്ടു്) എന്തൊരു കണ്ടാമണ്ടിയാണിതു്. കടന്നു പോടോ, ആരെ ബുദ്ധിമുട്ടിക്കാതെ! (പിന്നേയും സ്വരം ഉയർത്തുന്നു) പോവില്ലേ? താൻ എൻറെ കയ്യീന്നു് വാങ്ങിയ്ക്കും!

[കിട്ടണ്ണി കഴുത്തിൽ പണിക്കരെ കഴുത്തിൽ പിടിച്ചു തള്ളാൻ ചെല്ലുന്നു പണിക്കർ മുക്കിന്മേൽ വിരൽവെച്ചു് യേനിയമയി നോക്കിക്കൊണ്ടു് പോകുന്നു]

രംഗം 7

[ക്ഷേത്രപരിസരം മുൻരംഗത്തിലെ സംഭവങ്ങൾ നടന്ന അതേ ദിവസം തന്നെ ഉച്ചയ്ക്കു് 12 മണി സമയം. അമ്മു ഒരു ആൽവൃക്ഷത്തിൻറെ തണലിൽ നിൽക്കുന്നു. കീറിയതെങ്കിലും വെളുത്ത മുണ്ടും ബ്ലൗസും ആണ് ധരിച്ചിട്ടുള്ളതു്. നെറ്റിയിൽ ഒരു ചന്ദനക്കുറിയും അതിൻറെമീതെ ഒരു കുങ്കുമക്കുറിയുമുണ്ട്. അവർ ആരേയോ കാത്തുനിൽക്കുന്നതുപോലെ തോന്നും. ഇടക്കിടക്ക ക്ഷമകെട്ട് ഇരുവശത്തേക്കും നോക്കുന്നുണ്ട്. ആൽവൃക്ഷത്തിൻറെ ഒരു തൊലിപൊളിച്ചു് കടിച്ചുചവച്ചു് തുപ്പുന്നു. പിന്നേയും ഇരുവശത്തേയ്ക്കും നോക്കുന്നു. അവർ കനിഞ്ഞ ഒരു പുൽക്കൊടിയിന്മേൽ വിടർന്നുനിൽക്കുന്ന പൂ പറിച്ചെടുക്കുന്നു. പെട്ടെന്നു് ദൂരെ ആരെയോ കണ്ടതുപോലെ അമ്മുവിൻറെ ദൃഷ്ടി കഠിനവിടരുന്നു. വാസു ഇടത്തു ഭാഗത്തുള്ള വഴിയിൽകൂടി പ്രവേശിക്കുന്നു, മുൻരംഗത്തിലെപ്പോലെ കള്ളിമുണ്ടും, ബനിയനുംതന്നെ വേഷം. ഒരു ബീഡികത്തിച്ചു വലിക്കുന്നുണ്ടു്.]

അമ്മു:—(മുക്കിന്മേൽ വിരൽവെച്ചുകൊണ്ടു്) നല്ല പണി!.....

വാസു:—എന്തേ?

അമ്മു:—പത്തുമണിക്കു വരാമെന്നു പറഞ്ഞിട്ടു്—മണി പത്തരയായില്ലേ?

വാസു:—അങ്ങനെ പറഞ്ഞിട്ടായി. മാപ്പു്. ഞാൻ പോരാൻ പുറപ്പെട്ടപ്പോൾ വേറെ ഒരാൾ വന്നുകയറി.



അമ്മു—സ്കൂളിലെ മണിയടിക്കുന്ന കേട്ടപ്പോൾ ഞാൻ ഇവിടെ വന്ന് കാത്തുനിൽക്കുന്നതാണ്. മണിക്കൂർ രണ്ടായി!

വാസു:—ഒ! പാവം, കുട്ടി! ബുദ്ധിമുട്ടിച്ചതിനു് മാപ്പ്. മേലാൽ ഇങ്ങനെ വരില്ല.....

അമ്മു:—എന്തു് മാപ്പു്! ഞാൻ കാണിച്ചതരാം!.....

വാസു: —എന്നെ എന്തു വേണമെങ്കിൽ ചെയ്തുകൊള്ളു പക്ഷേ ഒരു ശിക്ഷമാത്രം കല്പിക്കരുതു്. അതനുഭവിക്കുവാൻ വയ്യ

അമ്മു:—എന്താണതു്?

വാസു:—ഈ ഗവർമ്മെൻറിൽ എന്നെ ഒരു മന്ത്രിയാക്കരുതു്. തെറിയും, കൂകുവിളിയും എത്രമാത്രം കേൾക്കേണം.....! (രണ്ടുപേരും ചിരിക്കുന്നു)

അമ്മു:—അതൊന്നുമല്ല, ശിക്ഷ.

വാസു:—മറെറന്തുശിക്ഷ കല്പിച്ചാലും ഞാൻ സഹിയ്ക്കാം.

അമ്മു:—സഹിയ്ക്കുമോ?

വാസു:—സഹിയ്ക്കും

അമ്മു:—തീർച്ച?

വാസു: - സഹിയ്ക്കുമെന്നാണെൻറെ വിശ്വാസം.

അമ്മു:—വല്ലാത്ത ശിക്ഷയാണു് നമുക്കു് വിധിച്ചിട്ടുള്ളതു്.

വാസു:—എന്താണതു്?

അമ്മു:—(അല്പനേരത്തെ നിശബ്ദതയ്ക്കുശേഷം) ഇനി....നാം തമ്മിൽ....കാണാൻ പാടില്ലാന്നു്.

വാസു:—അതെന്താണമ്മൂ?

അമ്മു:—പാടില്ലാന്നു് അച്ഛൻ പറഞ്ഞു.

വാസു:—അച്ഛനതു് ഇഷ്ടമല്ലായിരിയ്ക്കും, അല്ലേ?

അമ്മു:—അതെ മിനിയാന്നു രാത്രി അച്ഛൻ ശുണ്ഠിയെടുത്തു. ഞാൻ നിങ്ങളുടെ കൂട്ടുകൂടാൻ പാടില്ലാന്നു് പറഞ്ഞു.

വാസു:—അമ്മൂനെ അച്ഛൻ തല്ലിയോ?

അമ്മൂ:—എന്നെ തല്ലാറില്ല. അച്ഛനെന്നെ ഇഷ്ടാണു് ഒരു മകളല്ലേ ഉള്ളൂ!.....ആട്ടെ, ഇനിയെന്തുചെയ്യും;

വാസു:—(വിദൂരതയിലേയ്ക്കു് നോക്കിക്കൊണ്ടു്) എന്തുചെയ്യാനാ? നമ്മൾ തമ്മിൽ ഇനി എടവാങ്കാനുമില്ലെന്നു് നിശ്ചയിച്ചേയ്ക്കുണം.

അമ്മു:—അയ്യോ! എന്നിട്ടെങ്ങനെ ജീവിയ്ക്കും? അച്ഛൻ പറയുന്നതു് നിങ്ങൾ കമ്മ്യൂണിഷ്ട്ടാണു്, കുഴപ്പക്കാരനാണു് എടന്നാക്കെയാണു്. അച്ഛനെ എങ്ങിനെയെങ്കിലും ഒന്നു പാഞ്ഞു ബോദ്ധ്യപ്പെടുത്തണം.....

വാസു:—(വിദൂരതയിലേയ്ക്കു നോക്കിക്കൊണ്ടുതന്നെ) അതിനെപ്പററി ആലോചിക്കാം.....—

അമ്മു:—(നെററി ചുളിച്ചുകൊണ്ടു്) എനിയ്ക്കുൻറെ ഗ്രഹവായുരപ്പാ, കെട്ടിത്തൂങ്ങിച്ചാകാൻ തോന്നുന്നു! ഒരു സൈര്യമില്ലാണ്ടായാൽ പിന്നെന്തു ചെയ്യും? ഏതു നേരത്തും ഉത്സാഹവും എന്തെങ്കിലും ഒന്നു്! അതായി മാപ്പു കേസാക്കിട്ടങ്ങത്രേ കിടക്കാനൊരു വീടും കൂടിയില്ലാണ്ടായാൽ!.....

വാസു:—ഞാൻ പറഞ്ഞില്ലേ, ഒഴിഞ്ഞുകൊടുക്കണമെന്നു്?

അമ്മു: —ഞാൻ അതു് അച്ഛനോടു പറഞ്ഞു. അപ്പോഴാണു് പറഞ്ഞതു്, നിങ്ങടെ കൂട്ടുകൂടരുതു്, കമ്മ്യൂണിഷ്ട്ടും കണ്ടാമണ്ടിയും ഒന്നും വേണ്ടാന്നു്

വാസു: —മുപ്പരു് പിന്നെന്തു ചെയ്യാൻപോകുന്നു?

അമ്മു: —ഇന്നു രാവിലെ ആ കരുണാകരമേനോൻ കാണാൻ പോയിട്ടുണ്ടു്.

വാസു: ഏതു്? കോൺഗ്രസ്സു് മേനോനോ?

അമ്മു:—അതേ. പോട്ടൻ കാങ്ഗ്രസ്സിനു് വേണ്ടി ജേലിപ്പോയി മരിച്ചതല്ലേ; അതേണ്ടു് അപേക്ഷം എന്തെങ്കിലും സഹായം ചെയ്യാണ്ടിരിക്കില്ലാന്നു്

വാസു: (പരിഹസിച്ചു് തലയാട്ടിക്കൊണ്ടു്) ഉവ്വ്! ഉവ്വ്! അതും കാത്തിരുന്നോളൂ!.....ഹും!....പട്ടിപന്തയ്ക്കു പോയതുപോലെ മടങ്ങും. ഇക്കൂട്ടരോടു് സങ്കടം പറഞ്ഞതുകൊണ്ടൊന്നും യാതൊരു പുണ്യവും കിട്ടില്ല കായ്സ്ഥൻ ശങ്കരയ്യർ തല്ലുൻ പന്തിയെപ്പററി ഇവർക്കു് ഞാൻ ഹരിജി കൊടുത്തിട്ടുണ്ടായിരുന്നു! എന്നെ ജേലിപ്പിടിച്ചോണ്ടു് പോയി തല്ലിച്ച മനുഷ്യനായിരുപ്പുടെ കാലിന്നടിയിലു് കിടക്കുന്നോനാണു് ഈ കരുണാകരമേനോൻ എന്നുപറഞ്ഞ പ്രമാണിമനസ്സിലായോ? മനുഷ്യനായി മാപ്പ ആളെന്തു ജഗജല്ലിയാണെന്നോ? കരിഞ്ചന്ത നടത്തീട്ടും, പലിശയ്ക്കുകൊടുത്തും ആളെപ്പററിച്ചും, ഒന്നരണ്ടു ലക്ഷത്തിൻറെ സ്വത്തുണ്ടു്, അവൻറെ കയ്യിൽ, ഈ നാട്ടുപ്രമാണികളൊക്കെ അവൻറെ പോക്കററിലാണെന്നാ അമ്മൂൻറെ അച്ഛനു് ഇതൊന്നും അറിയില്ല പാവത്താൻ!

അമ്മു:—ഇനി എന്താചെയ്യും?

വാസു:—എന്താചെയ്യാ?....ആരോടും ഇരന്നിട്ടു് ഫലമില്ല. 'തോടയുള്ളപ്പനെ പേടിയുണ്ടു്" നമുക്കു ബലമുണ്ടെങ്കിൽ ഇവറെങ്ങളു് അനങ്ങില്ല

അമ്മു:—അവരോടു ശണ്ഠകൂടാൻ അച്ഛനു് സമ്മതമില്ല. കമ്മ്യൂണിഷ്ട്ടു്" അച്ഛനു് വലിയ പേടിയാണു്.

വാസു:—ഞാൻ പറയുന്നതു് നമ്മുടെകയ്യും നടക്കാനുള്ള വഴിയാണമ്മൂ

അമ്മു: —അതച്ഛൻ സമ്മതിയ്ക്കില്ല

വാസു:—വേണ്ടാ....മുപ്പരു് മുപ്പരുടെ വഴിനോക്കട്ടെ. പക്ഷേ, കായ്യം ഞാൻ പാഞ്ഞേടത്തേ എത്തൂ

അമ്മു: —എന്തോ, എനിയ്ക്കൊന്നും അറിയില്ല....ഞാൻ പോകട്ടെ അച്ഛൻ വന്നിട്ടുണ്ടാവും. ഇനിയെന്നാ കാണുക?

വാസു: അമ്മൂനു് ഇഷ്ടമുള്ളപ്പോഠം ഞാൻ വരാം.

[അമ്മു തിരിഞ്ഞുനോക്കിക്കൊണ്ടു് പോകുന്നു മറേറ വഴിയ്ക്കു് വാസുവും പോകുന്നു.]

മെൻസാണ


മുതൊറിയുള്ള ആത്തവം, ആത്തവർക്തതടസ്സം, അതിസ്രവണം, അതിവേദന, അസ്ഥിസ്രാവം, പൂയമേഹം (പഴുപ്പുപോക്കു്) വയറുകത്തൽ, നടുവുവേദന, തലകറക്കം, കൈകാൽപുകച്ചിൽ എന്നിങ്ങനെയുള്ള രോഗങ്ങളിൽപെട്ടുഴലുന്ന സ്ത്രീജനങ്ങൾ ഞങ്ങളുടെ "മെൻസാണ" സേവിക്കുക. ഗർഭാശയസംബന്ധമായും തജ്ജനുക്കളായുമുള്ള എല്ലാരോഗങ്ങളെയും ശമിപ്പിക്കുന്നു. ഗർഭാശയത്തെ ശുദ്ധവും ബലിഷ്ഠവുമാക്കിത്തീർക്കുന്നു. ആകർഷകമായ ആരോഗ്യവും സൗന്ദര്യവും ലഭ്യമാകുന്നു. പ്രസവരക്ഷയ്ക്കും ഉത്തമം.

കുപ്പി 1-ക്കു് 4 രൂ. 8 ണ. (പാക്കിംഗ് & പോസ്റ്റേജ് പുറമേ)

സ്റ്റോക്കിസ്റ്റ് സ്റ്റഡി അൻഡ് കമ്പനി, എടത്വാ, വി പി. ഏർപ്പാടിനു ഞങ്ങൾക്കു നേരിട്ടെഴുതുക.

എസ്. കെ. വി. ഫാർമസി,

പാലസ് റോഡ് :: ആലപ്പുഴ



കഴിഞ്ഞ ലക്കം മുഴുവൻ കാണാൻ സാധിച്ചില്ല. പേച്ചിയുടെ കോപം തന്നെയായിരുന്നു അതിനു കാരണം. ഈ ആഴ്ച കഴിഞ്ഞ രണ്ടുമൂന്നാഴ്ച മുമ്പുണ്ടായിരുന്ന ചോദ്യങ്ങളുടെ ഉത്തരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നു എല്ലാം ശരിയായിട്ടുള്ളവർക്ക് മാത്രം പുസ്തകം താമസിയാതെ തന്നെ അയച്ചുകൊടുക്കുന്നുണ്ട്. അഞ്ചുശ്രമാ സമ്മാനങ്ങൾക്കുള്ള ഉത്തരങ്ങൾ കിട്ടിക്കൊണ്ടിരിക്കുകയാണ്. പങ്കെടുക്കാത്തവർ വേഗം തന്നെ പങ്കെടുക്കണം. മറക്കരുതേ രണ്ടാഴ്ചയിലെ കാർഡു ഇതുവരെ അയച്ചിട്ടില്ല. അച്ചടിച്ചതീരാറായി. അതുകൊണ്ട് ഈ ആഴ്ചയിലെ അംഗങ്ങളുടെപേര് പ്രസിദ്ധീകരിക്കുന്നില്ല. അടുത്തയാഴ്ച കൂടുതൽ പേരെ അംഗമാക്കേണ്ടതാണ്. പേച്ചിയെ വീണ്ടും കാമ്പിപ്പിക്കണമെന്നില്ല. അംഗത്വം കിട്ടാൻ താമസിച്ചതിനാൽ രണ്ടാമതും കൂപ്പൺപൂരിപ്പിച്ചയച്ചുകൊണ്ടു ചിലരെ രണ്ടുതവണ അംഗമാക്കേണ്ടി വന്നിട്ടുണ്ട്. ചിലർക്ക് കാർഡു കിട്ടിയിട്ടില്ല എന്നുപറഞ്ഞു എഴുതിയിട്ടുണ്ട്. 1085 മുതൽ ഉള്ള നമ്പരുകാർക്കും അതിനുമുമ്പുള്ള കാർഡു ലഭിക്കാത്ത ചിലർക്കും ഡിസംബർ രണ്ടാംതീയതിയിലെ വാരത്തിൽ കാർഡുകൾ അയയ്ക്കുന്നതായിരിക്കും. അതുവരെ ക്ഷമിക്കണം. കാർഡുകിട്ടാത്തവർക്ക് കൂട്ടുകാരെ വേഗം പരിചയപ്പെടുത്തിതരാം എന്നുപറയുന്നു? പേച്ചിക്ക കൈകഴയ്ക്കുന്നതിനുമുമ്പേ. ശേഷം അടുത്തതിൽ.

സ്നേഹം പേച്ചി

ഉഷ

ലീഡ് പദപ്രശ്നം നമ്പർ 1

ഉത്തരം (ഹരിഹരൻ അയച്ചുതന്നതു)

വലത്തോട്ട്—1 ഉഷ, 2 കരം, 5. കുമുദി 8 കര, 9. ബാപ്പു

കീഴ്പ്പോട്ട്. 1. ഉമ. 3 രംഭ. 4 സുഖി. 6. പുക 7 ഉപ്പ്

(ഈ പദപ്രശ്നം ഒന്നാമതു പേരെഴുതിച്ച ബാക്കിയെല്ലവരും ശരിക്കു പൂരിപ്പിച്ചിട്ടുണ്ട്)

ചോദ്യങ്ങളുടെ ഉത്തരങ്ങൾ

1 കാക്കിനു കാലണവില കൂപ്പിക്ക കാർക്കിനേക്കാൾ രണ്ടണ വിലകൂടുതൽ. അതായതു രണ്ടേകാൽ അണ. അപ്പോൾ രണ്ടണംകൂടി രണ്ടരണ

(മിക്കവാറും എല്ലാവരും കാക്കിനു അരയണ എന്നാണ് എഴുതിയിരിക്കുന്നതു. എങ്കിൽ പൈസനോക്കു കൂപ്പിക്ക രണ്ടണ വിലകൂടുതൽ അതായതു അരയണ + രണ്ടണ = രണ്ടരയണ. രണ്ടിനു കൂടി രണ്ടരയണ + അരയണ = മൂന്നര ആയിപ്പോകുന്നു)

2—ബാബുവിന്റെ പോക്കിനു ഉത്തരം ഇതാണ് =66 സെക്കൻഡ്, ആറുമണി അടിക്കുന്നതിനു മുപ്പതു സെക്കൻഡുള്ളപ്പോൾ ഒന്നു മുതൽ ആറുവരെമണി അടിയ്ക്കുന്നതിൻ അഞ്ചു ഇടയുണ്ട്. അപ്പോൾ ഒരിടയിലെ സമയം $\frac{30}{5}$=6 സെക്കൻഡ്. ഒന്നടിച്ചിട്ടു രണ്ടടിക്കുന്നതിനു ഇടയുള്ള സമയമാണ് ആറു സെക്കൻഡ് പന്ത്രണ്ടുമണി അടിക്കുന്നതിനു പതിനൊന്നിടയുണ്ട്. അപ്പോൾ പന്ത്രണ്ടടിക്കാൻ വേണ്ടി വരുന്ന സമയം=11X6=66 സെ (ചിലർ ഒരു ദിവസം ആറു മണിമുതൽ പന്ത്രണ്ടു മണിവരെയുള്ള സമയം കണ്ടുപിടിച്ചിരിക്കുന്നതു കണ്ടു ശ്രദ്ധിച്ചു വായിച്ചിരുന്നെങ്കിൽ—)

3. കതിരയുടെ വേഗം മുന്നരമൈൽ. മണിയുടെ വേഗം ഒരു മണിക്കൂറിനു നാലു മൈൽ. മണിക്കും വണ്ടിക്കും തമ്മിലുള്ള ദൂരം ഇരുന്നൂറ്റി ഇരുപതുഗജം. പതിനഞ്ചുമിനിട്ടിൽ മണി വണ്ടിയുടെ മുമ്പേയെത്തി. അപ്പോൾ പതിനഞ്ചു മിനിട്ടിൽ മണി ഒരു മൈലും, കതിര ഒരു മൈലിനു ഇരുന്നൂറ്റിഇരുപതുഗജം കുറച്ചും നടന്ന എങ്കിൽ ഒരു മണിക്കൂറിൽ കതിര നാലു മൈലിനു 880 ഗജം കുറച്ചു നടക്കുകയായിരുന്നു. അതായതു മുന്നരമൈൽ.

(ഈ കണക്കിൽ ഇരുപതു ഗജം എന്നാണെങ്കിൽ കതിരയുടെ വേഗം മുന്നു മൈൽ ഏഴ് ഫർലോങ്ങ് നൂറിനാല്പതു ഗജം അല്ലെങ്കിൽ $3\frac{21}{22}$ മൈൽ)

4—പടം അയച്ചതിൽ മകനേതാണ് സഹോദരിമാരും സഹോദരന്മാരും ഇല്ലെന്നു പറയുമ്പോൾ അയാൾ തന്റെ അച്ഛന്റെ ഏക മകനായിരിക്കും. അപ്പോൾ പടത്തിൽ ഇരിക്കുന്ന ആൾ പറയുന്ന ആളിന്റെ മകനാണ്.

[ശരിയായ ഉത്തരം അയച്ചവരുടെ പേരു അടുത്തയാഴ്ച പ്രസിദ്ധപ്പെടുത്തും. ഇതുപോലുള്ള ചോദ്യങ്ങൾ ഇനിയും കാണും. നിങ്ങളിൽ ചിലർ ചില ചോദ്യങ്ങൾ അയച്ചു തന്നിട്ടുണ്ട്. അതിൽ നല്ല ചോദ്യങ്ങൾ പ്രസിദ്ധീകരിക്കുന്നതാണ്. ഇതുപോലുള്ള ചോദ്യങ്ങൾ ക്ഷണിച്ചുകൊള്ളുന്നു]

നിങ്ങൾ ആവശ്യപ്പെട്ട കൂട്ടുകാർ

1. ബാലകൃഷ്ണൻ നമ്പർ 469—ആർ. ഗോപിനാഥൻനായർ, കുന്നുംപുറത്തുവീട്, മണ്ണയം, തെക്കുംകര, തൊടുമണ്ണാടു. 2. റാണി സരസ്വതിഅമ്മ കടയ്ക്കൽ, നമ്പ; 471—ശ്യാമളാദേവിഅമ്മ, C/o മി. പത്മനാഭപിള്ള (മുനി: പൊയർമാൻ) അഡ്വക്കേറ്റ് ആറാറിങ്ങൽ. 3. എൻ സിന്ധു, നെടുങ്ങണ്ട. നമ്പ: 472—എൻ. ഇന്ദിരക്കുട്ടി, പീരപ്പൻകോട്ടവീട്, കരിങ്ങന്നൂർ, കായൂർ, കൊട്ടാരക്കര. 4. പുഷ്പാംഗദൻ, പെമ്പഴന്തി നമ്പ: 478—എം. മഹമ്മദ്ഖാൻ, ബംഗ്ലാവ്പീടിക, തെക്കേകൊല്ലംകോട്, പൊഴിയൂർ. 5. കെ. ആർ ഭാനു, മുണ്ടക്കയം—എം. ആനന്ദവല്ലി, വരുണനത്തുവീട്, വലമംഗലം (വടക്ക്) കത്തിയതോട്, തൃശൂർ 6. പി. എൻ. സോമസുന്ദരൻ, പേത്തല. നമ്പ: 477—വി. പാർത്ഥസാരഥി, കോട്ടയ്ക്കുഴികം, നെടുങ്ങണ്ട, 7. ബി. കുമാരിലക്ഷ്മി. നെടുമങ്ങാട് നമ്പ: 486—എഫ്. ബ്രിജിറാഡ്രിക്കുസ്, വസന്തവിലാസ്, റാണി സി 135 പാരുച്ചിറ, നന്തൻകോട്. 8 വി ഉഷയമ്മ, നെടുമങ്ങാട്, ന: 487——കെ പി നരേന്ദ്രൻ, പേരൂർക്കട വയ്യ., പേരൂർക്കട, തിരുവനന്തപുരം 9.—എൻ. നിർമ്മല നെടുങ്ങണ്ട നമ്പ: 492.—എസ്. ബി. സുരജകുമാരി, മണിമന്ദിരം കുമുകിൻകോട് നെയ്യാറ്റിൻകര

പേച്ചിയുടെ മറുപടി

ജീ. സരളമ്മ, പുനലൂർ. ഉത്തരങ്ങൾ ശരിതന്നെയോ? ഇതു

വരെ കൂട്ടുകാരിയെ പരിചയപ്പെട്ടത്തി തന്നില്ല. ഈ കൂട്ടുകാരിയെ ഴുതുക. കെ, സപ്ണ്ണമ്മ, ഗവതിവിലാസം. മുരുക്കുംപുഴ അനുജത്തിയോട് അംഗമാകാൻ പറയണം ഫോട്ടോ അയച്ചുതരൂ

എൻ. ആർ. രാജൻ, മുണ്ടയ്ക്കൽ. ലീഫ്കാർഡ് കിട്ടാത്തതെന്താണെന്നു ചേച്ചിക്കും അറിഞ്ഞുകൂടാ. അയച്ചിട്ടുണ്ടായിരുന്നു പുതിയ കാർഡച്ചടിയ്ക്കുട്ടേ.കന്നയച്ചുതരാം കൂട്ടുകാരനെവേണ്ടേ?

എം. കെ. ഗോപിനാഥൻ, കൊച്ചുതാഴേതിൽ പരിയാരം ഇലത്തൂർ. ചേച്ചിയോട് കോപിക്കല്ലേ രാജൻ.

കെ. പി. ലളിതാംബികാദേവി, തിരുവനന്തപുരം. ഇത്ര വേഗം ചേച്ചിയോട് പിണങ്ങിയോ? എത്ര ദിവസമായെന്നറിയാമോ ലളിതക്ക മറുപടി എഴുതണമെന്നു വിചാരിച്ചിട്ട് മറന്നുപോകും. കൂട്ടുകാരിയുടെ മേൽവിലാസം ഇതാണ്. എസ്. സരോജിനി, C/o മി: കെ. ശങ്കരൻ, ഹൈക്കോർട്ട് ജഡ്ജി, എറണാകുളം. ചേച്ചി പോലീസിൽ ചേരാൻ പോകുന്നെന്നാരു പറഞ്ഞു

ശശി, കീളിമാന്തർ. കൂട്ടുകാരന്റെ എഴുത്തു വന്നില്ലേ. ഈ കൂട്ടുകാരനെഴുതിനോക്കൂ. മറുപടികിട്ടും ഡി സേതുറാം c/o മി: ജി. ദാമോദരൻ, അഡ്വക്കേറ്റ് ആറാങ്കൽ അപ്പുവിനു സുഖം തന്നെന്നറിഞ്ഞതിൽ സന്തോഷിക്കുന്നു.

എൽ. സരളാദേവി, കാഞ്ഞിരംകുളം. മറുപടി വളരെ നേരത്തേയാണ് കിട്ടുന്നതു്. ആരോടും പറയരുതു് കൂട്ടുകാരിയുടെ മേൽവിലാസം ഇതാ. പി. ലീല തെറാവിലാകംവീട്ട്, നന്തൻകോട്ട്, തിരുവനന്തപുരം. മയ്യനാട്ടുകാരെ എനിക്കറിയാം പരിചയം കല്യാണത്തിനു ചേച്ചിക്കു പോകാൻ സാധിച്ചില്ല

കെ. ജയരാജൻ, വക്കം. ചേച്ചിയോട് കുശുമ്പിക്കൂ. അനുജന്റെ പേരു എങ്ങനെയോ കാണാതെ പോയതാണ്. അനുജനെ ഇനി ഒരിക്കലും മറക്കുകയില്ല തീർച്ച. വസന്തയെ ചേച്ചി ചോദിച്ചതായി പറയണേ. കൂട്ടുകാരനു എഴുതണം. മേൽവിലാസം ഇതാണ്. പി. കെ ടാഗോർ, റോസ്മെയ്ൻഡ്, വഞ്ചിയൂർ, തിരുവനന്തപുരം.

അമ്മിണി, കീളിമാന്തർ. ഫോലിയുടെ കൂപ്പണിൽ ബാലിക എന്നാണ് എഴുതിയിരുന്നതു്. അതാണ് പരിചയപ്പെട്ടത്തിയതു്. ഇനി ഫോലിതന്നെ നിശ്ചയിക്കട്ടെ. എതു ടൂരെനിന്നാണ് കൂട്ടുകാരിയെ വേണ്ടതു്?

പി. വിജയചന്ദ്രൻ, തേക്കുംമൂട് ചേച്ചിയുടെ പേരു അറിഞ്ഞുകൂടാത്തവർ കൗമുദിലീഗിൽ ഉണ്ടെന്നു ഇപ്പോഴാണു അറിഞ്ഞതു് ചേച്ചി യൂണിവേഴ്സിറ്റി കോളേജിൽ പഠിക്കുന്നുണ്ടെന്നു ആരുപറഞ്ഞാലും അതു അനുജൻ വിശ്വസിക്കുമോ?

കെ. ജി. രാമഭദ്രൻ, മണക്കാട് കൂട്ടുകാരനെ പരിചയപ്പെടുത്തി തന്നിട്ടുണ്ടായിരുന്നു. കണ്ടിട്ടില്ലേ? വേറെ കൂട്ടുകാരനെ വേണമോ? ഇതാണ് മേൽവിലാസം എ. ആർ. വേണുഗോപാൽ C/o മി: എ കെ. രാമശാസ്ത്രി, ആനന്ദഭവൻ, ആലുവാ.

ഷേളി.എന്ദ്രൻ, തിരുവനന്തപുരം. 'ആത്മസഖി'യുടെ മരണത്തിൽ അനുജത്തിയോട് ചേച്ചിയും ദുഃഖിക്കുന്നു. സുഖക്കേടെന്തായിരുന്നു എന്നറിഞ്ഞില്ലേ? പഠിപ്പിക്കുന്ന അനുജത്തിയുടെ ചോദ്യത്തിനു ഒന്നിനും മറുപടി എഴുതിയില്ലേ? പാവം. കൈലേസ് അയച്ചതു കിട്ടിയില്ലല്ലോ കിട്ടിയാൽ സമ്മാനം തരാം. ആരോടും പറയല്ലേ? ചേച്ചിയുടെ വീട്ടിൽ നിലാരോസാപൂവുണ്ട്, കരത്തമുല്ലപ്പൂവുമുണ്ട്. വേണോ? കൊതിവരുന്നല്ലേ?

എ. ലൈലാബീവി, പെരുമ്പാവൂർ. പിണങ്ങാൻ തീർച്ചപ്പെടുത്തിയതേയുള്ളോ അതോ പിണങ്ങിക്കഴിഞ്ഞോ. പിണങ്ങിയില്ലെങ്കിൽ കാര്യമായി. കൂട്ടുകാരിക്ക ഈ മേൽവിലാസത്തിൽ എഴുതു ഇന്ദിര, അനന്തപുരം പാലസ് ഹരിപ്പാട്

പി. നാരായണപിള്ള, ഇടയ്ക്കാട് മറുപടി ഇതിനു മുമ്പെഴുതിയിട്ടില്ലെന്നാണോ പറയുന്നതു്? കൂട്ടുകാരന്റെ പേരെന്താണു? കവറയച്ചിട്ടുണ്ടെങ്കിൽ തീർച്ചയായും അംഗമാക്കാം പേരു ഇതുവരെ വന്നില്ലേ? ചേച്ചി കുറെഴുത്തും പ്രവറുകൂട്ടയിൽ ഇട്ടിട്ടില്ല. വരൂ ലീഫ് തുടങ്ങിയതുമുതൽ ഉള്ള എഴുത്തു കാണിച്ചുതരാം. മൂന്നാംപ്രാവശ്യത്തിലല്ല പറക്കുന്നതെന്നു വല്ലവരും പറഞ്ഞോ?

എൻ. വി. പുലോമജ, ചേന്ദമംഗലം. അനുജത്തിയുടെ ജ്യേഷ്ഠന്റെ കുറെഴുത്തുകിട്ടി പരിചയപ്പെടുത്തിതരാത്ത വേറെ ആരോ അനുജത്തിക്ക എഴുതിയെന്നു പറയുന്നു. ആ എഴുത്തു അയച്ച

ആനന്ദ തുന്ദിലമായ ജീവിതം കൊതിക്കുന്നവർ ഞങ്ങളുടെ

ധാതുപുഷ്ടി മോദകം

ഉപയോഗിക്കുക.

ഒരു ദിവസം ഒന്നിലധികം പ്രാവശ്യം സ്ത്രീ ഗമനശക്തിയെ പ്രദാനംചെയ്യുന്നതിനു് ഉതകുന്ന ഒരുകാലാന്തരം വാജീകരണൗഷധം

അറിവില്ലായ്മമൂലം പൊരുപ്പകാലത്തുചരിച്ച ദുഷ്പ്രവൃത്തികൊണ്ടോ, അമിതഭോഗംമൂലമോ ദീർഘകാലം രോഗങ്ങൾക്ക് വിധേയമായി പോകയാലോ എന്നല്ല മറൊന്നു കാരണംകൊണ്ടു തന്നെയായാലും ശരി നിങ്ങൾക്ക് പിടിപെട്ടിട്ടുള്ള ജനനേന്ദ്രിയ വൈകല്യം (ഷണ്ഡത) ഹർഷണശക്തിയില്ലായ്മ, അതിക്ഷീണം, ശുക്ലക്ഷയം ഇവയെ അതിവേഗത്തിൽ പരിഹരിച്ച് നവോന്മേഷവും, ധാതുബലവും വാജിയെപ്പോലെ സംഭോഗത്തിൽ സാമർത്ഥ്യവും ഉളവാക്കി സുഖസംപുഷ്ടി അനുഭവിപ്പാനും ഏറ്റവും പറ്റിയ ഇതു


ധാതുപുഷ്ടി മോദകം

ഒരിക്കൽ പരീക്ഷിക്കുക. നിരാശരായ നിരവധി ജനങ്ങൾ പരീക്ഷിച്ച് പ്രത്യക്ഷഫലം അനുഭവപ്പെട്ടിട്ടുള്ള ഈ ദിവ്യൗഷധത്തിൽ യാതൊരുവിധ മാരകദ്രവ്യങ്ങളും ചേർത്തിട്ടില്ല. ഏറ്റവും ഹൃദ്യവും രുചിപ്രദവുമത്രെ.

വില ഗാത്രൻ 1-ക്ക് 7 ക. 8 ണ. വി. പി. ചാർജ്ജ് പുറമേ.

P. S. കേശവൻവൈദ്യൻ, വൈദ്യകലാനിധി.

S. D. ഫാർമസി, നാഗമഹാൽ, ആലപ്പി (S. I.)



പത്മാദേവി

സി. വി. കുഞ്ഞുരാമൻ

15–ാം അദ്ധ്യായം

(തുടർച്ച)

[കഥ: - ഗംഗാധരൻ കൂട്ടുകാരുമൊത്തു വിനോദയാത്രയ്ക്കായി സിലോണിലെത്തി. അവിടെവച്ചു കുലശേഖരന്റെ പുത്രി പത്മാദേവിയിൽ അയാൾ അനുരക്തനായിത്തീർന്നു. ഈ വിവരം അറിഞ്ഞ കുലശേഖരൻ, പത്മാദേവിഗംഗാധരന്മാരുടെ വിവാഹത്തിനു അനുമതി നൽകി അവരെ ആശീർവ്വദിക്കുന്നു. അപ്പോഴാണ് കുലശേഖരന്റെ മാതുലനും, പുത്രി പത്മ തന്റെ മാപ്പെണ്ണാണെന്നു സുകുമാരൻ അറിയുന്നതു്. ഇതു സുകുമാരനെ കൂടുതൽ വൃാകുലനാക്കുന്നുണ്ടെങ്കിലും, അയാൾ ആയതു പ്രകടമാക്കാതെ ചിന്താപ്രസന്നനായിക്കഴിയുകയാണു്. ഈ അവസരത്തിൽ പത്മാദേവി, അവളുടെ ഗൃഹാങ്കണത്തിലുള്ള പൂന്തോട്ടത്തിൽ ചിന്തനിമഗ്നയായി ഇരിക്കുകയായിരുന്ന അപ്പോൾ അടുത്തുണ്ടായിരുന്ന ശേഖരൻ, താൻ അപരിണമരിച്ചുപോകുമെന്നുള്ള വിശ്വാസത്തിൽ, അത്യുത്സാഹത്തോടെ തന്റെ അന്തർഗ്ഗതാഭിപ്രായം, അത്തദിവസം പുറപ്പെടുവിക്കുവാൻ തുനിഞ്ഞു കൂട്ടിലേയ്ക്കു വരുവാൻ പത്മയെ ക്ഷണിക്കുന്നു. അവൾ ആ ക്ഷണം സ്വീകരിക്കുന്നു

—ഇനി തുടർന്നു വായിക്കുക]

ശേഖരൻ ഉണർന്നപ്പോൾ നേരം പ്രഭാതമാകാറായിരുന്നു. കുളിച്ചു കുടിച്ചു മുടി തടവിക്കൊണ്ടു് അവൻ നേരേ പത്മാദേവിയുടെ ജനാലയ്ക്കൽ സമീപം ചെന്നു്, നിശ്ശബ്ദമായി എന്തോ പ്രതീക്ഷിച്ചുകൊണ്ടു് ഇരിപ്പുപിടിച്ച പത്തു പതിനഞ്ചുമിനിറ്റു് നേരം മാത്രമേ അവൻ അങ്ങനെ ഇരിക്കേണ്ടി വന്നുള്ളു പൊട്ടെന്നു്, ആ ജനാല തുറന്നു്, കരിമ്പായലിനിടയിൽ നവമായി വികസിച്ച പദ്മംപോലെ, പത്മാദേവിയുടെ മുഖം പ്രത്യക്ഷപ്പെട്ടു.

അവൾ മൃദുവായി അല്പാല പൂർവ്വം പറഞ്ഞു:—"ശേഖരൻ, ഞാൻ ഇതാ വന്നുകഴിഞ്ഞു. വളരെ താമസം ഇല്ല എന്തൊരു മനോഹരമായ പ്രഭാതം."

അവൾ അപ്രത്യക്ഷപ്പെട്ട തുറന്നുകിടന്ന ജാലകത്തിൽകൂടി ശേഖരൻകേട്ട അവൾ ഒരു മധുരഗാനത്തിന്റെ പല്ലവിമൂളിപ്പാടുന്നതു്. അവളുടെ ശബ്ദസുഭഗത അവന്റെ ആത്മാവിനെത്തന്നെ വലിച്ചു പുറത്തെടുക്കുംപോലെ ശേഖരൻ ശ്രദ്ധിച്ചുകൊണ്ടിരുന്നു. അവൻ അവളുടെ ശ്രുതിക്കിച്ച കൈകൊടുത്തു, എതിരേയും മധുരയമനീയമായി പ്രഭാതസൂര്യനേയും, സുവർണ്ണമയമായ പൂർവ്വദിങ്മുഖത്തേയുംനോക്കി എന്തൊ പ്രാർത്ഥിച്ചു. അല്പം കഴിഞ്ഞപ്പോൾ പ്രഭാതംപോലെ തന്നെ പ്രസന്നയായി പത്മാദേവി വെളിയിൽ ഇറങ്ങിവന്നു. പൂങ്കാവനം മുഴുവൻ ആഹ്ലാദം പൊയ്തു് അഴിഞ്ഞുകിടന്ന അവളുടെ നിബിഡമായ തലമുടി നടുവിൽ വച്ചു് ഒരു നീലറിബൺകൊണ്ടു് ലഘുവായി ബന്ധിച്ചിരുന്നു. ഒരു പൊന്മുകവും, മനോഹരവും ആയ പൂക്കുട അവൾ പിടിച്ചിരുന്നു. മധുരമായി അവൾ പറഞ്ഞു:—"വരൂ, നമുക്കു് പോകാം. എവിടെയാണു് പോകേണ്ടതു്?"

ശേഖരൻ സൌഭാഗ്യത്തിൽ മന്ദഹസിച്ചുകൊണ്ടു് അവളുടെ സമീപം എത്തി:—"അതാ അവിടെ" എന്നു് ദൂരെ കുന്നുകളും കാടുകളും ലക്ഷ്യമില്ലാതെ ചൂണ്ടിക്കാണിച്ചുകൊണ്ടു് പറഞ്ഞു. "ദിവസം മുഴുവനും വൃക്ഷങ്ങൾക്കിടയിൽ സ്വയം പൊട്ടിച്ചിരിച്ചുകൊണ്ടിരിക്കുന്ന ഒരരുവി

വൃക്ഷങ്ങൾക്കിടയിൽ ഉണ്ടു്. ദേവിക്കു് അതിന്റെ ഞെക്കുടെ, വഴിക്കു് എന്തെല്ലാം ജാതിപുഷ്പങ്ങളാണുള്ളതു്. ഹൃദയത്തിനാശ്വാസവും, ആത്മാവിനു് നിർവൃതിയും അരുളുന്ന പലജാതി പുഷ്പങ്ങളും. ആ ആറാറരികിൽ പ്രകൃതിസൃഷ്ടിച്ച ഒരു പത്മാകരം ഉള്ളതു് ദേവിയ്ക്കു

തരുമോ? ജേഷ്ഠൻ ചോദ്ച്ച അംഗങ്ങൾക്കു് ലീഗ്കാർഡ് കിട്ടിയോ? എഴുതിയാലല്ലേ മറുപടി അയയ്ക്കാൻ സാധിക്കൂ. ചേച്ചി എന്തു ചെയ്യണം? ജേഷ്ഠൻതന്നെ പറഞ്ഞുതരട്ടേ.

വി. കെ. നടരാജൻ, എസ്. എൽ. പുരം. ഫോട്ടോ പ്രസിദ്ധീകരിക്കാമെന്നു ചേച്ചി എഴുതിട്ടുണ്ടല്ലോ? കാത്തുകൂടിക്ഷമിക്കൂ. ബ്ലാങ്കിൽ ഉഷച്ചേച്ചി എന്നുള്ളതിൽ ചേച്ചി എന്നുള്ളതു് കണ്ടില്ലേ? ഇതല്ല ആവശ്യപ്പെട്ട കുട്ടുകാരൻ ജെ, ആർ. ജാൺസ്റ്റൺ C/o മി:സി ജാൺസ്റ്റൺ, പേട്ട, പോലിസ്സ്റ്റേഷനു സമീപം, പേട്ട, തിരുവനന്തപുരം

എ. എസ്. സരസ്വതി, മണ്ണാറശാല, ഹരിപ്പാട് നാളത്തെ നിങ്ങളെ നിങ്ങളാക്കിതീർക്കുക എന്നുള്ളതാണു് കുമുദിലിന്റെ ഉദ്ദേശം കൂട്ടുകാരികളോടും ഇഷ്ടമുണ്ടെങ്കിൽ അംഗമാകാൻ പറയണം. നിങ്ങളെല്ലാം എന്തുവേഗം പരിചയപ്പെട്ടു. കമലമ്മക്കും കമലാമോയിക്കും, രാജമ്മക്കും, സുമതിക്കും ലക്ഷ്മിക്കും കേശിനിക്കും കൂടിയാണു് ഈ എഴുത്തു്. നിങ്ങൾക്കു എല്ലാവർക്കും ഈ എഴുത്തു കാണാൻ സാധിച്ചെങ്കിൽ ഭാഗ്യമായി ചേച്ചി അധികം നേരിട്ടെഴുതാറില്ല ക്ഷമിക്കണം. മതിയാക്കട്ടേ.

സ്വന്തം ചേച്ചി

ഉഷ

റിയാമെല്ലാ, അവിടെ ആമ്പലും താമരയും ദേവിയെത്തന്നെ ധ്യാനിച്ച് ദേവിയുടെ സൌകുമാര്യം ആവിഷ്കരിച്ചിരിക്കുംപോലെ എനിക്ക് ഏപ്പോഴും തോന്നാറുണ്ട് എന്റെ ഹൃദയം അസ്വസ്ഥമാകുമ്പോഴെല്ലാം ഞാൻ ആ വൃക്ഷത്തണലുകളിൽ ചെന്നിരുന്ന് എന്റെ ദേവിയുടെ സൌമ്യതയും, സൌശീല്യവും, സൌന്ദര്യവും ആ പുഷ്പങ്ങളിൽ ദർശിച്ച്, ആശ്വസിക്കാം നമുക്കങ്ങോട്ടു പോകാം.'' അവളുടെ വസ്ത്രാഞ്ചലത്തിൽ, അവൾ മാത്രമാണ് തനിക്ക് മാർഗ്ഗദർശനത്തിനുള്ള ഏകവിലംബം എന്നു കരുതി ശത്രുവിനെപ്പോലെ പിടിച്ചുകൊണ്ട് ശേഖരൻ നടന്നു, സ്നേഹവും, അനുകമ്പയും കൊണ്ട് ആർദ്രമായ മിഴികളോടെ, പദ്മാദേവി ആ പാവപ്പെട്ട കൊച്ച മനുഷ്യജീവിയെ നോക്കി:— 'ശേഖരന് എവിടെ പോകണമോ അവിടെ നമുക്ക് പോകാം. ഈ പ്രദേശത്തിൽ ദുഃഖം എത്ര മനോഹരമായിരിക്കുന്നു.

അവർ കലശേഖരന്റെ കൃഷിത്തോട്ടവും കടന്ന് മുന്നോട്ടുപോയി. തോട്ടത്തിൽ ജോലിക്കാർ ഇറങ്ങിക്കഴിഞ്ഞിരുന്ന അവർ ആശ്ചര്യത്തോടും സന്ദേഹത്തോടുംകൂടി പദ്മയേയും, അവളുടെ കൂട്ടുകാരനേയും, അവർ രണ്ടാളും കടന്നു പോകുമ്പോൾ, നോക്കിക്കൊണ്ടുനിന്നു.

ജോലിക്കാരിൽ ഒരാൾ ജോലി നിറുത്തിവച്ചു, കൂട്ടുകാരനോടു പറഞ്ഞു: —''അഴകുള്ള ഒരു പെണ്ണ്! നോക്കൂ''

കൂട്ടുകാരൻ പറഞ്ഞു:—''അതേ, അതേ, പക്ഷേ, ഒരു സുന്ദരിപ്പെണ്ണ് ഒരു യക്ഷിയാണ്. ആരേയും മോഹിപ്പിച്ച് മുടിക്കാൻ ഒരു നാട്ടിൽ ഒന്നു ചേരും. ആ തൃജട പറഞ്ഞതു് ഓർമ്മിക്കുന്നില്ലേ?''

അതേ! അവർ പറയുന്നതിലും പരമാർത്ഥമെല്ലാം. ഈ നാട്ടിൽ ആ സ്ത്രീയെപ്പോലെ അറിവും ബുദ്ധിയുള്ളവർ മറ്റാരുമില്ല. ഈ മലയാളിപെണ്ണുങ്ങൾ മന്ത്രവും മരുന്നുംകൊണ്ട് ആരെയും മയക്കിക്കളയും. ഈ പെണ്ണ് അതിനു് ബഹുമിടുക്കിയാണത്രേ. ഇപ്പോൾ ഇവർക്ക് സ്വന്തം നാട്ടിൽനിന്നും ചില കൂട്ടുകാരുംവന്നു ചേർന്നിട്ടുണ്ട്. ഈ പെണ്ണ് അവരിലാരോടെങ്കിലും പാടിപ്പുകുകാൻ ഇടയുണ്ടെന്നും കേട്ട പക്ഷേ നമ്മോടൊക്കെ ഈ പെണ്ണിനു് എന്തുകായ്മ!''

അവർ മൂകരായി ജോലി തുടർന്നു അവർക്കെല്ലാം കലശേഖരനോടു് വിപ്രതിപത്തിയുണ്ടെന്ന് തോന്നിയിരുന്നെങ്കിലും, സിംഹളരായ യജമാനന്മാരുടെ വേലയ്ക്കുപോവുകയെക്കാൾ അവർ ആയിരം മടങ്ങ് ഇഷ്ടപ്പെട്ടതു് കലശേഖരന്റെ വേലയ്ക്കു പോകുന്നതിനായിരുന്നു എന്തുകൊണ്ടെന്നാൽ ഉദരിഷ്ടം പിടിച്ച ആ മലയാളത്തുപോലും മാറാരെയുംകാൾ അധികം അവർക്കു കൂടുതൽ കൂലികൊടുക്കുകയും, അവരുടെ സുഖക്ഷേമങ്ങളിൽ ശ്രദ്ധപതിക്കുകയും ചെയ്തിരുന്നു എങ്കിലും, എങ്ങനെയോ ആരോ ഉണ്ടാക്കിപരത്തിയ ഒരു അന്ധവിശ്വാസം, അസാധാരണനായ ആ വൃദ്ധനെ അവിശ്വസിപ്പിക്കുന്നതിനും ഭയപ്പെടുന്നതിനും അവരെ പ്രേരിപ്പിച്ചു ആളുകളുമായി അടുത്തിടപഴുന്നതിനു് അദ്ദേഹത്തിനുണ്ടായിരുന്ന വൈമുഖ്യമാണ് ആ പ്രേരണയുടെ മൂലഹേതുവെന്നു് ആരും അപഗ്രഥിക്കാനും പോയില്ല

പാടങ്ങളും, പാമ്പുകളും, പുഴകളും കടന്നു് പദ്മാദേവിയും ശേഖരനും ഇതിനിടയിൽ ആകുന്നകളെയും കുടുകളെയും സമീപിച്ചുകൊണ്ടിരുന്നു. പുഴവക്കത്തും, കുറിക്കാടുകളിലും വിവിധവർണ്ണത്തിലുള്ള പുഷ്പങ്ങളും ധാരാളം വികസിച്ച്, ഒരു നേരിയ സൌരഭ്യം സർവത്ര ഉദ്ഗമിച്ചിരുന്നു. പക്ഷേ, ആ പുഷ്പങ്ങളും പറിച്ചെടുക്കാൻ പദ്മയോ ശേഖരനോ സന്നദ്ധരായില്ല. ചെന്താമരകൊണ്ടും പൂത്തു ശോഭിച്ച ആ പൊയ്കയും പുഴയുമായിരുന്ന അവരുടെ ലക്ഷ്യം. അവർ അധികം താമസിക്കാതെ അവിടെ ഏത്തി. പന്നകളും, ആടിക്കഴഞ്ഞിയുന്ന ആറാവഞ്ചികളും, കോരുമുല്ലകളും വകഞ്ഞുമാറ്റിയും തെളിഞ്ഞും ഒരു വെള്ളിറിബൺപോലെ ആ പുഴ വിശദമായി ചുളിവീണ് ഒഴുകിയിരുന്നു. പാറകളിൽക്കൂടി കുതിച്ചുചാടിയും, ഉഴലക്കല്ലുകളിൽക്കൂടി ഉരുണ്ടൊഴുകിയും പൊയ്ക്കൊണ്ടിരുന്ന ആ 'കടിലങ്കലും' ആനന്ദസന്ദായകമായ സപ്രപഞ്ചവും കാണുന്ന ഒരു വനദേവതയേപ്പോലെ ശോഭിച്ച അല്ലിമന്ന വിശ്രമിക്കുവാൻ അതു് നിമ്നിച്ച പൊയ്കച്ചുവപ്പും വെള്ളപ്പും നിറത്തുള്ള താമരകളും, ആമ്പലുകളും നിറഞ്ഞ ആ വനലക്ഷ്മിക്ക് ഒരു തൊടുകുറിയായി പ്രത്യക്ഷപ്പെട്ടിരുന്ന പ്രഭാതമാരുതൻ ആ തണ്ടാർക്കുടങ്ങളുടെ സൌരഭ്യം കവർന്നെടുക്കുന്നതിനും, അവ സൂര്യരശ്മികളെ ആവാഹിച്ച് സ്വന്തം ഹൃദയത്തിൽ ലയിപ്പിക്കുന്നതിനും ചെയ്തിരുന്ന സാഹസികത്വം മൂന്നിക്കാണിച്ച് ശേഖരൻ പൊട്ടിച്ചിരിച്ചു. ആത്മശോഭ മിഹിരനും സ്വന്തമായ മധുകൊതിപൂണ്ടുണ്ണുന്ന വണ്ടിനും അരുളിയിരുന്ന പൊന്താമരപുഷ്പങ്ങളുടെ ജീവിതം എങ്ങനെ ധന്യമെന്ന് ചിന്തിച്ച് പദ്മാദേവി മന്ദഹസിച്ചു.

ഉത്തരക്ഷണത്തിൽ ശേഖരൻ ആ താമരപ്പൊയ്കയിൽ ആ പുഷ്പങ്ങൾക്കിടയിൽ ചാടി. അവ അവന്റെ സ്നേഹിതവൃന്ദം, അവന്റെ പങ്കാതിമാർ ആയിരുന്ന കുന്നോന്നായും, എന്നാൽ വേദന തോന്നാത്തവിധവും ആ പുഷ്പങ്ങളും അവൻ ഇറുത്തുടങ്ങി അവയോടു് അവൻ ഇങ്ങനെ ചൊന്നു:—''നിങ്ങളെല്ലാം മരിക്കണം പക്ഷേ മരണം വേദന ഉളവാക്കുകയില്ല; ഒരു കാലത്തും ഇല്ല! ജീവിതം വേദനിപ്പിക്കും മരണം അങ്ങനെ ചെയ്യുകയില്ല. നോക്കൂ, ഞാൻ നിങ്ങളെ അവത്തെടുക്കുന്നോറും നിങ്ങൾക്കെല്ലാം ചിറകുകൾ മുളച്ച് നിങ്ങൾ പറന്നുപോകുന്നു— അതിസുന്ദരമായ് സരോവരങ്ങളിൽ വീണ്ടും വികസിക്കുവാൻ! കുബേരന്റെ അളകയുടെ തനിപ്പകർപ്പെന്നു പറയുന്ന ആ സുമേരുവിൽ നിങ്ങൾ വീണ്ടും പൊൻതാമരപുഷ്പങ്ങളായി വിടരുവാൻ പോകയാണ്.'' ഒരു ജലപ്പിശാചിനെപ്പോലെ ആ പുഷ്പങ്ങൾക്കും താമരവലയങ്ങൾക്കും ഇടയിൽ ശേഖരൻ നീന്തിത്തുടിച്ച പെട്ടെന്ന് ഒരു നിമിഷത്തേക്ക് അവൻ നിശ്ചലനായി, ഒരു കഴഞ്ചിയെന്നോട്ടം അവന്റെ കണ്ണുകളിൽ പ്രത്യക്ഷപ്പെട്ട. കരയിൽ ഉണ്ടായിരുന്ന ഒരു കരിമ്പാറപ്പുറത്ത് ഇരുന്നിരുന്ന പദ്മാദേവിയെ തിരിഞ്ഞുനോക്കിക്കൊണ്ട് അവൻ പോദിച്ചു:—''ദേവി ഈ പുഷ്പങ്ങളെ സ്പർശിച്ചത് പോകുമോ?''

അവൾ കനിവോടെ ചിരിച്ചു:—''അതേ, എനിക്ക് തോന്നുന്നതു് അങ്ങനെയാണ് അങ്ങനെ തന്നെ ആയിരുന്നെങ്കിൽ കൊള്ളാമായിരുന്നു. അല്ല, അവ സ്പർശിച്ചതുതന്നെ പോകുന്നുണ്ട് എന്നു് എനിക്ക് നിശ്ചയമാണ്.''

ശേഖരൻ സംതൃപ്തഭാവത്തിൽ തലകുലുക്കി, ''അതാണ് ശരി. അവയെ ഇവിടെ ഉപേക്ഷിച്ചിട്ട് പോകുന്നതു് ശരിയല്ല അവിടെ ചെന്നാൽ അവ ഇല്ലെങ്കിൽ നാം ഇറങ്ങിവന്നു് അവയെ കൂടി കൊണ്ടുപോകേണ്ടിവരും. അല്ലേ?''

അടുത്തു് നിബിഡമായി വളർന്നിരുന്ന വൃക്ഷങ്ങളുടെ ശാഖകൾക്കിടയിൽ ഒരു ശബ്ദംകേട്ട്, ഭയന്ന് അവൻ പെട്ടെന്നു് നാലുപാടും നോക്കി. ഒരു കാട്ടുജന്തുവിനെപ്പോലെ പ്രാകൃതകമായ ഒരു ശബ്ദം പുറപ്പെടുവിച്ചുകൊണ്ട് അവൻ വിളിച്ചുപറഞ്ഞു:—''ചാരദൃഷ്ടികൾ! ചാരജീവികൾ! ഹാ! ഹാ! രഹസ്യമായി ക്രൂരമായ മുഖങ്ങൾ! പരസ്യമായി പ്രത്യക്ഷപ്പെടുവാൻ അറയ്ക്കുന്ന ഭീരുബുദ്ധികൾ! വരൂ! ഇറങ്ങിവരൂ! ദേവീ, അവരോടു് ഇറങ്ങിവരാൻ ആജ്ഞാപിക്കൂ''

അവന്റെ ഭാവഭാവലക്ഷണങ്ങൾ കണ്ട് അത്ഭുതപ്പെട്ട് പദ്മാദേവി എണീറ്റ് നാലുപാടും നോക്കി എന്തുപറയട്ടെ, അവൾ ആശ്ചര്യപരതന്ത്രയായി പോകുമാറ് അവളുടെ മുൻപിൽ തൃജടയും, ധർമ്മസ്ക്കന്ധന്റെ ഭൃത്യ ഉലൂപികയും നിന്നിരുന്ന ജയവും, വിജയവും, ഔദ്ധത്യവും സമ്മിശ്രിതമായ ഒരു വല്ലാത്ത ഭാവം ആ രണ്ടു സ്ത്രീകളുടെയും മുഖത്തുണ്ടായിരുന്നു ഏതാനും നിമിഷം നീണ്ടുനിന്ന നിശ്ശബ്ദതയെ ഭഞ്ജിച്ചുകൊണ്ട് തൃജടയായിരുന്ന സാവധാനതയിൽ ഖരമായ സ്വരത്തിൽ പല്ലുകടിച്ചുകൊണ്ട് അവളും പറഞ്ഞു:—''കാട്ടുവിൽ! കാട്ടുവിൽ! എന്റെ പദ്മക്കുട്ടി യേലുവയെ ഒരേവം നിന്നെ എന്റെ കയ്യിൽ ഏൽപ്പിച്ചിരിക്കുന്നേം. ഹാ! ഹാ! ഹാ!''

——

കഴിഞ്ഞയാഴ്ച

(ശ്രീനി)

ക്രിസ്തുമസ്സിനു മുമ്പ് കൊറിയൻ യുദ്ധപരിസമാപ്തി വാഗ്ദാനം ചെയ്തുകൊണ്ട് ജനറൽ മക്കാർത്തറുടെ നേരിട്ടുള്ള നേതൃത്വത്തിൽ "യുദ്ധം അവസാനിപ്പിക്കുന്നതിനു" വേണ്ടി ആരംഭിച്ച സുശക്തവും, ഉഗ്രവുമായ സൈനിക മുന്നേറ്റം പരാജയപ്പെടുകയാണ്. പെന്റഗൺ ഭയന്നിരിക്കുന്നതു പോലെതന്നെ ചൈനീസ് കമ്മ്യൂണിസ്റ്റ് സേന ആക്രമണകാരികളെ പലായനം ചെയ്തിച്ചുകൊണ്ടിരിക്കുന്നു. അതിശൈത്യകരമായ ഹിമപാതവും, കുന്നുംകുഴിയും നിറഞ്ഞ ഭൂപ്രകൃതിയും മൂലം മക്കാർത്തറുടെ കണക്കുകൂട്ടലുകൾ തെറ്റിയിപ്പോകുകയാണ് ചെയ്തിരിക്കുന്നതു്. ഐക്യരാഷ്ട്രസേനയുടെ പിന്നണിയിൽ വൻതോതിലുള്ള ഒളിപ്പോരു പ്രവർത്തനവും വിജയകരമായി നടന്നു വരുന്നുണ്ട്. ആകപ്പാടെ ഐക്യരാഷ്ട്രസേനയുടെനില വളരെ പരുങ്ങലിലായിട്ടുണ്ടെന്നു പറയാം. ഇരുപതുപ്രാവശ്യത്തിൽപരം അമേരിക്കരാണ് കൊറിയൻ യുദ്ധത്തിൽ മൃതിയടയുകയും, തടവുകാരായി പിടിക്കപ്പെടുകയും ചെയ്തിട്ടുള്ളതു്. രണ്ടു മഹായുദ്ധങ്ങളിലും അമേരിക്കയിലെ ആഭ്യന്തരകലാപത്തിലും മാത്രമാണ് ഇതിൽ കൂടുതൽ അമേരിക്കാക്കാർ നഷ്ടമായിട്ടുള്ളതു് ചുരുക്കിപ്പറഞ്ഞാൽ, കൊറിയായിലെ മുതൽമുടക്കിന്റെ പലിശപോലും നടക്കുന്നില്ലെന്നുള്ളതാണ് പരമാർത്ഥം. കമ്മ്യൂണിസ്റ്റ്സേനയുടെ ഇരമ്പിക്കയറ്റത്തെ തടഞ്ഞുനിറുത്തുന്നതിനുള്ള കരുതിപ്പടയായി ഉത്തരകൊറിയൻ സൈന്യത്തെ നിയോഗിച്ചുകൊണ്ട്, അമേരിക്കൻസേന ദക്ഷിണകൊറിയായിലേയ്ക്കു പിൻവാങ്ങുമോ എന്നുപോലും സംശയിക്കേണ്ടിയിരിക്കുന്നു പക്ഷേ അമേരിക്കൻസേനയുടെ പിന്നണിയിൽ സുശക്തമായ ഒളിപ്പോർസംഘങ്ങൾ പ്രവർത്തിക്കുന്നതുമൂലം പിന്മാറ്റവും ഒരു പക്ഷേ ശ്രമകരമായിവരും. എങ്കിൽ മക്കാർത്തറുടെ അടുത്തപടി എന്തായിരിക്കും?

ചൈനയിൽ ആറ്റംബോംബ് പ്രയോഗിക്കണമെന്നു് റിച്ചാർഡ്സ്സൽ എന്ന ഡെമോക്രാറ്റിക്ക് പാർട്ടിയിൽപെട്ട അമേരിക്കൻ സെനറ്റർ ഇയ്യിടെ പ്രസ്താവിക്കുകയുണ്ടായി. വേണ്ടിവന്നാൽ ആറ്റംബോംബു പ്രയോഗിക്കുന്നതിൽ അനൌചിത്യമില്ലെന്നു് ആംഗ്ലോ-അമേരിക്കൻ കൌരവന്മാരുടെ ദ്രോണാചാര്യനായ ചർച്ചിൽ പ്രസ്താവിച്ചിട്ടുണ്ട്. ഇതിൽനിന്നും കൊറിയായിലെ നില വളരെ പരുങ്ങലിലായി കഴിഞ്ഞാൽ ആറ്റംബോംബുപോലും പ്രയോഗിക്കുവാൻ അമേരിക്ക മടിക്കുകയില്ലെന്നു കരുതാം, പക്ഷേ ആറ്റംബോംബിനെ ഹോമിച്ചൊഴിക്കുവാൻ അഭിലഷിക്കുന്നുവെന്നു വിളംബരം ചെയ്യുന്ന ഐക്യരാഷ്ട്രസഭയുടെ ലേബലൊട്ടിച്ച അമേരിക്കൻസേന ആറ്റംബോംബു പ്രയോഗിക്കുവാൻ സന്നദ്ധമാകുകയാണെങ്കിൽ, അതു ഐക്യരാഷ്ട്രസംഘടനയുടെ തന്നെ തകർച്ചയുടെ നാന്ദിയായിരിക്കുകയില്ലെ?

ടിബറ്റൻ പ്രശ്നത്തെപ്പറ്റി ഇയ്യിടെയായി കായ്യമായി ഒന്നും കേൾക്കാറില്ല. പാനപാത്രത്തിലെ കൊടുങ്കാറ്റുപോലെ ആ പ്രശ്നം വിസ്മരിക്കപ്പെട്ടു പക്ഷേ ഇൻഡോ ചൈനയിൽ മറ്റൊരു കൊറിയാ അഭിനയിക്കപ്പെടാതെ ഗത്യന്തരമില്ലെന്നു വേണം കരുതുവാൻ. ഫ്രഞ്ചുകാർ ഹോച്ചിമിൻ സേനയ്ക്കു് എതിരായി വൻതോതിൽ ഒരു പ്രത്യാക്രമണം തുടങ്ങിയിട്ടുണ്ട്. ഇൻഡോചൈനയിൽ കമ്മ്യൂണിസത്തിനെതിരായി സമരം ചെയ്യുന്നതിനുവേണ്ടി അമേരിക്ക 40 കോടി ഡാളർ ഇൻഡോചൈനയ്ക്കു് സംഭാവനചെയ്യുന്നുണ്ട്. പക്ഷേ അവിടെയും അണിയറയ്ക്കു പിന്നിൽ അമേരിക്കയും ഫ്രാൻസും തമ്മിൽ പ്രാമാണ്യത്തിനുവേണ്ടി ഒരു വടംവലി നടക്കുന്നുണ്ടെന്നും ഫ്രാൻസ് ബവോദായി ചക്രവർത്തിയെ താങ്ങുമ്പോൾ, അമേരിക്ക അവിടത്തെ പ്രധാനമന്ത്രിക്ക് പൊക്കുകൊൽ നൽകുകയാണെന്നും ചില പത്രറിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. മലയായിൽ കമ്മ്യൂണിസത്തിനെതിരായി സകല നടപടികളും കൈക്കൊള്ളുന്നതിനുവേണ്ടി പ്രധാനമന്ത്രി ആറ്റ്ലി ഇയ്യിടെയും ഒരു സൈനിക കോൺഫറൻസു നടത്തിയതേ. പക്ഷേ മലയായിലെ സ്ഥിതിഗതികളിൽ ഇതുവരെ ബ്രിട്ടനു് അനുകൂലമായ ഒരു മാറ്റമുണ്ടായിട്ടില്ലെന്നാണ് ഇതിന്റെ അർത്ഥം.

ഇങ്ങനെ കമ്മ്യൂണിസത്തിനെതിരായും അനുകൂലമായുമുള്ള യുദ്ധം ഏഷ്യയിലെങ്ങും നടന്നുകൊണ്ടിരിക്കുമ്പോൾ, മോസ്കോയിൽ നിന്നും സമാധാനത്തിനുള്ള അഭ്യർത്ഥനകൾ അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്നു ഏഷ്യയുടെ സമാധാന നിർദ്ദേശങ്ങൾ ആത്മാർത്ഥതയില്ലാത്തവയാണെന്നു പറയുവാൻ നിവൃത്തിയില്ലെങ്കിലും, വളരെ ബുദ്ധിപൂർവ്വകമായ രാഷ്ട്രീയ ചതുരംഗക്കളിയിലെ രണ്ടു ഭാവങ്ങളെയോ വേണം ഇതു പ്രീമുഖപദ്ധതിയെ കരുതുവാൻ. എന്തായാലും, ബ്രി:പ്രധാനമന്ത്രി ആറ്റ്ലിയും ക്ലമന്റ് സമാധാനത്തിനുവേണ്ടി. ഒരു കൈനോക്കിക്കളയുമെന്നു തീരുമാനിച്ചിരിക്കുന്നു അദ്ദേഹം മോസ്കോയുമായി കൂടിയാലോചന നടത്തുമത്രേ ഈ "മനംമാറ്റം" സ്വന്തം പാർട്ടിയിൽ ബെവിന്റെ വിദേശനയത്തെ പറ്റിയുള്ള അസഹിഷ്ണുതയുടെമേൽ തണുത്തവെള്ളം തളിയ്ക്കുന്നതിനുള്ള ഒരു ഉപായമായിരിക്കാം. എന്തായാലും ഏതാണ്ട് എൺപതോളം ലേബർ പാർലമെന്റംഗങ്ങൾ ബെവിന്റെ വിദേശനയത്തിൽ അവിശ്വാസം രേഖപ്പെടുത്തുകയുണ്ടായി. കമ്മ്യൂണിസ്റ്റിന്റെ നേതൃത്വത്തിലുള്ള സമാധാന സമ്മേളനത്തിനേറെയും അഭ്യർത്ഥനയുടേയും പരോക്ഷമായ പ്രത്യുപഘാതമായി ഈ തൊഴിലാളിമന്ത്രിമാരുടെ നിശ്ചയത്തെ കരുതുന്നതിൽ തെറ്റില്ല മന്ത്രത്തിനു പത്തുമാനേൽപോലും ഒപ്പിട്ടിരിക്കുന്ന സ്റ്റാക്ക്ഹോം സമാധാനാഭ്യർത്ഥനയുണ്ട്. ഒരുപക്ഷേ യുദ്ധം ഒഴിവാക്കുവാൻ സാധിച്ചില്ലെന്നിരുന്നാലും, സമാധാനത്തിനെറെ ഒരു മാനസികാന്തരീക്ഷം സൃഷ്ടിച്ച്, യുദ്ധപ്രേമികളുടെ സങ്കേതത്തെ ദുർബ്ബലമാക്കി, അവരുടെ ശീഘ്രതരമായ പരാജയത്തിനും പുരോഗമനച്ചേരിയുടെ ക്ഷിപ്രസാദ്ധ്യമായ വിജയത്തിനും കാരണമാക്കുവാൻ സാധിക്കുമെന്നുള്ളതിൽ സംശയമില്ല.

കമ്മ്യൂണിസത്തിനും മുതലാളിത്തത്തിനും മദ്ധ്യേ ഒരു "മൂന്നാംശക്തി"യായി സോഷ്യലിസ്റ്റിന്റെ ബ്രിട്ടൺ സോഷ്യലിസ്റ്റിന്റെ രാഷ്ട്രങ്ങളെ അണിനിരത്തുമെന്നുള്ളപ്രതീക്ഷ അസ്ഥാനസ്ഥിതമായിത്തീർന്നു. അതുപോലെ ഏഷ്യയിൽ ഒരു "മൂന്നാംശക്തി" കെട്ടിപ്പടുക്കുന്നതിനുള്ള ഇൻഡുൻസോഷ്യലിസ്റ്റുകളുടെ ദിവാസ്വപ്നത്തെപ്പറ്റി പരിഹാസത്തോടെയല്ലാതെ ചിന്തിക്കുകസാദ്ധ്യമല്ല. ബ്രിട്ടണ് ഒരു സോഷ്യലിസ്റ്റിന്റെ ചേരി കെട്ടിപ്പടുക്കുവാൻ കഴിക്കുമെന്നും, ഇന്ത്യോപ്പനെ സംബന്ധിച്ച് അനുവർത്തിക്കുന്ന നയം വെളിവാക്കുന്നുണ്ട്. 1936-ലെ ആംഗ്ലോ-ഇജിപ്ഷ്യൻ ഉടമ്പടി റദ്ദാക്കുന്നു, ഇജിപ്തിൽനിന്നും ബ്രിട്ടീഷ് സേനയെ പിൻവലിക്കണമെന്നും, സുഡാൻ ഇജിപ്ഷ്യൻ കിരീടത്തിന്റെ കീഴിലാക്കണമെന്നുമുള്ള ഇജിപ്ഷ്യൻ ഗവണ്മെന്റിന്റെ അവകാശവാദത്തെ ബ്രിട്ടീഷ് ഗവണ്മെന്റ് പരിഹാസത്തോടുകൂടി നിരാകരിക്കയാണ് ചെയ്തതു് സൂയസ് തോട് മേഖലയിൽ ബ്രിട്ടീഷ് സൈന്യം നൽകുന്നതു് ലോകസമാധാനത്തിനു് അനുപേക്ഷണീയമാണെന്നാണ് സോഷ്യലിസ്റ്റായ ബെവിന്റെ

—കയ്മൾ

സിനിമാലോകം

(വി. പി. സാഠേ)

വിദ്യാർത്ഥികളാണ് ഏറ്റവും കൂടുതൽ സിനിമാപ്രേമികളായി കാണപ്പെട്ടു വരുന്നത്. അവർ പ്രത്യേകിച്ചും കാളേജു വിദ്യാർത്ഥികൾ, വിദേശചിത്രങ്ങളാണ് ഇഷ്ടപ്പെടുക. ഈയിടെയായി ഇൻഡ്യൻ ചിത്രങ്ങളും അവരെ ആകർഷിച്ചു തുടങ്ങിയിട്ടുണ്ട്. 'ബർസാത്ത്' ഇതിനു് ഉദാഹരണമാണ്. പക്ഷെ വിദ്യാർത്ഥികൾ സിനിമാ കാണുവാൻ പാടില്ലെന്നു കാൺഗ്രസ്സുപ്രസിഡൻറ് ശ്രീ പുരുഷോത്തമദാസ് ടണ്ഡൻ വിലക്കിയിരിക്കുന്നു. "കുട്ടികളെ വഷളാക്കുന്നതിനാണ്, അവരുടെ വിജ്ഞാനം വർദ്ധിപ്പിക്കുന്നതിനല്ല ഇൻഡ്യയിൽ നിർമ്മിക്കുന്ന ചിത്രങ്ങൾ ഉപകരിക്കുന്നതെന്ന്" അദ്ദേഹം മൂണ്ടിക്കാണിക്കുന്നു. നേതാക്കന്മാരുടെ ഇടയ്ക്കിടയ്ക്കുള്ള ഇത്തരം ഭീതോദയങ്ങൾ സിനിമാവ്യവസായത്തെ മുഴുവൻ അസംതൃപ്തമാക്കിത്തീർക്കുന്നുണ്ട്. വളരെ വിരളമായി മാത്രം സിനിമാകാണുന്ന നേതാക്കന്മാരുടെ ഇത്തരം അഭിപ്രായങ്ങൾ മാറുന്നതിനുവേണ്ടി സംയുക്തമായ ഒരു പരിപാടി ആരംഭിക്കുവാൻ താരങ്ങളും, നിർമ്മാതാക്കളും, കഥയെഴുത്തുകാരും പത്രലേഖകന്മാരും നിരൂപകന്മാരും ഉദ്ദേശിക്കുന്നതായി അറിയുന്നു.

ശോഭനാസമർത്ഥ്

ശോഭനാസമർത്ഥ് എന്ന വിശ്രുതയായ സിനിമാതാരം ഒരു നിർമ്മാതാവും ഡയറക്ടറുമായി രംഗപ്രവേശം ചെയ്തിരിക്കുന്നു. സിനിമായിൽ അഭിനയിക്കുന്നതു് കുലീനസ്ത്രീകൾക്കു് അപമാനകരമായി കരുതിയിരുന്ന ഒരു കാലത്താണ് ശോഭന സിനിമാലോകത്തു് പ്രത്യക്ഷയായതെന്നുള്ളതു് പ്രത്യേകം പ്രസ്താവ്യമാണ്.

ഒരു ബാങ്കറുടെ പുത്രിയായ സരോജാ ഖാത്തൂണ് അവളുടെ യഥാർത്ഥനാമം, പാശ്ചാത്യപര്യടനം നടത്തിയിട്ടുണ്ട് അവളും സുന്ദരിയായ മാതാവുംപോകുന്നിടത്തെല്ലാം മറവുള്ളവരുടെ ശ്രദ്ധയെ ഒപ്പട്ടെന്നു സമാകർഷിച്ചിരുന്നു. സീനിയർ കേംബ്രിഡ്ജിനു പഠിക്കുമ്പോഴാണ് സിനിമായിൽ അഭിനയിക്കുന്നതിനുള്ള ഒരു ക്ഷണനം ബാബുറാവു പൈന്ധർക്കറിൽനിന്നും സരോജയ്ക്കു ലഭിച്ചതു്. അവളുടെ കുടുംബം പരിഷ്കൃതമാനസമായിരുന്നുവെങ്കിലും സിനിമായിൽ അഭിനയിക്കുന്നതിൽ അവളുടെ മാതുലൻ എതിരായിരുന്നു. ഈ മാതുലൻതന്നെ മുമ്പു വർഷങ്ങൾക്കുശേഷം സ്വന്തപുത്രി നളിനിയെ സിനിമാനടനത്തിനു് അനുവദിച്ചു എന്നുള്ളതു് മറ്റൊരു കഥയാണ്.

ഏതായാലും ഈ എതിരുണ്ടായിരുന്നിട്ടും സരോജ കൊൽഹാപ്പൂർ സിനിട്ടോണിൽ ചേർന്നു് വിനായക്കിന്റെ "സമുദായത്തിലെ അനാഥർ" എന്ന ചിത്രത്തിൽ അഭിനയിച്ചു. ഈ ചിത്രം നിർമ്മിക്കപ്പെട്ടുകൊണ്ടിരിക്കുമ്പോഴാണ് ആയിടെ ജമ്മുനിയിൽനിന്നും മടങ്ങിയെത്തിയ കുമാർ സെൻ സമർത്ഥിനെ അവർ കണ്ടുമുട്ടിയതു്. ബെൽഹാം എന്ന സ്ഥലത്തുവച്ചു അവർ വിവാഹിതരാവുകയും ചെയ്തു. അങ്ങനെയാണു് സരോജ ശ്രീലോത്തി ശോഭനാസമർത്ഥ് ആയിത്തീർന്നതു്. ഈ പേരിലാണ് അവർ പ്രസിദ്ധയായിത്തീർന്നതു്.

കൊൽഹാപ്പൂരിൽനിന്നും അവർ വീണ്ടും ബാംബെയിലെത്തി. സാഗർ, ഹിന്ദുസ്ഥാൻ,

---

അഭിപ്രായം പക്ഷേ വെള്ളപ്പട്ടാളത്തെ രുചിക്കുവാൻവേണ്ടി എന്തുനടപടിയും കൈക്കൊള്ളുവാൻ ഇന്ത്യാപ്പ് മടിക്കുകയില്ലെന്ന് പ്രധാനമന്ത്രി നഹാസ്പാഷാ പ്രസ്താവിച്ചിരിക്കുന്നു. ജിബ്രാൾട്ടറിൽ നിന്നും ഭാണ്ഡംമുക്കിക്കൊള്ളുവാൻ ഫ്രാങ്കോസ്പെയിൽ ബ്രിട്ടണോടു് ആവശ്യപ്പെടുന്നുണ്ടു്

അടുത്ത ജനുവരിയിൽ ലണ്ടനിൽവച്ചു് കാമൺവെൽത്തു പ്രധാനമന്ത്രിമാരുടെ ഒരു സമ്മേളനം നടക്കുന്നതാണ്. ദക്ഷിണാഫ്രിക്കയിലെ ഫാസിസ്റ്റ് മലാൻ, ആസ്ത്രേലിയായിലെ ഏഷ്യൻ ശത്രുവായ മെൻസീസ്, സിലോണിലെ ഇൻഡ്യാക്കാരെ ഹിംസിക്കുന്ന സേനാനായകൻ, പാക്കിസ്ഥാനിലെ വഗ്ദീയരാജനായ ലിയാക്കത്തലിഖാൻ, എന്നിവരോടൊപ്പം പണ്ഡിറ്റ് നെഹ്റുവും ലണ്ടനിൽ പോയി സമ്മേളനത്തിൽ സംബന്ധിക്കുമെന്നു പ്രതീക്ഷിക്കപ്പെടുന്നു. ലോകസമാധാന സംരക്ഷണത്തിനു് പാവപ്പെട്ട ഇൻഡ്യാക്കാരനെ വെടിയുണ്ടയുടെ വിശപ്പടക്കുന്നതിനുള്ള നിസ്സഹായ ഭോജ്യമാക്കിത്തീർക്കേണ്ടതു് അനുപേക്ഷണീയമാണെന്നു് കാമൺവെൽത്തു കാൺഫറൻസ് തീരുമാനിക്കുകയില്ലെന്നു് എങ്ങനെ വിശ്വസിക്കും? [illegible] പാവപ്പെട്ട ഇൻഡ്യക്കാരനെ ആംഗ്ലോ-അമേരിക്കൻ മുതലാളിത്തത്തിനു് ഒറവകൊടുക്കുകയല്ലേ ഈ കാമൺവെൽത്തു ബന്ധംകൊണ്ടു സാധിച്ചിരിക്കുന്നതെന്നും ശങ്കിക്കുന്നതിൽ തെറ്റില്ല.

അഥവാ ഇന്നു നിലവിലുള്ള ഇൻഡ്യാഗവൺമെൻറിന്റെ സ്ഥാനം, സാമ്രാജ്യവാദികളുടെയും, ഫാസിസ്റ്റുകളുടെയും, മദ്ധ്യത്തിൽ തന്നെയായിരിക്കണമെന്നു സാധാരണക്കാരന്റെ വിനീത പ്രമാണമെന്നു് പൊതുവായടിക്കപ്പെട്ട ഇൻഡ്യൻ ഭരണഘടനയിൽ, അംബേദ്കറുടെ കർമ്മപ്രശകിനാൽ ചിലപിഴകൾ വന്നുപോയി പാവപ്പെട്ടവനെ പോലീസുകാരൻ തല്ലുന്നതിനും അവന്റെ നാക്കു് മുറുവയ്ക്കുന്നതിനും, അവന്റെ സംഘടനാസ്വാതന്ത്ര്യത്തെയും പ്രവർത്തനസ്വാതന്ത്ര്യത്തെയും ഹനിക്കുന്നതിനും അസാദ്ധ്യമാക്കിത്തീർക്കുന്ന ചില വ്യവസ്ഥകൾ അബദ്ധത്തിൽ ഭരണഘടനയിൽ സ്ഥാനംപിടിച്ചിരുന്നവയെ ഉച്ചാടനംചെയ്തു് ഭരണഘടനയെ ശുദ്ധീകരിപ്പിക്കുന്നതിനുവേണ്ടി പല പുതിയ ഭേദഗതികളും ഭരണഘടനയിൽ വരുത്തുവാൻ ഇൻഡ്യാ ഗവൺമെൻറ് ഉദ്ദേശിക്കുന്നു. ഒരു പക്ഷേ ഫാസിസ്റ്റുകളുടേയും സാമ്രാജ്യവാദികളുടെയും ബഹുമാന്യമായ സഭയിൽ, ഇൻഡ്യയിലെ ഫാസിസ്റ്റുകൾക്കു് ഈ ദൈർബ്ബല്യങ്ങൾ ഭേദപ്പെടുത്തിക്കുന്നുണ്ടായിരിക്കണം.

* * *

മെഴുണ്ട് എവറസ്റ്റിന്റെ പേരു് "സർഗമാതാ" എന്നു മാറ്റണമെന്നു് സോഷ്യലിസ്റ്റ് നേതാവായ ലോഹിയാ അഭിപ്രായപ്പെടുന്നു. സോഷ്യലിസം സ്ഥാപിക്കുന്നതിനുള്ള ഒരു പൊടിക്കൈ!

ലോകത്തിൽ ഏറ്റവും പ്രായം കൂടിയ മനുഷ്യൻ സോവിയറ്റ് യൂണിയനിലെ അസെർബൈജാനിലാണ് ജീവിച്ചിരിക്കുന്നതു്. അയാൾക്കു് 151 വയസ്സു പ്രായമുണ്ടു്. അയാളുടെ കുടുംബത്തിൽ 50 അംഗങ്ങളുണ്ടു്.

* * * *

മഹാഭാരതംമൂലം പ്രഖ്യാതമായ ഹസ്തിനപുരത്തിൽ ഇൻഡ്യാ ഗവൺമെൻറിന്റെ ചരിത്രഗവേഷകന്മാർ ഭൂമികുഴിച്ചു ഗവേഷണം നടത്തിവരുന്നു. ഇൻഡ്യയുടെ ചരിത്രത്തിലെ പല അസ്പഷ്ടഭാഗങ്ങൾക്കും തന്മൂലം തെളിച്ചം നൽകുവാൻ സാധിക്കുമെന്നു് പ്രതീക്ഷിക്കപ്പെടുന്നു.

* * *

നീപ്പാളിലാകമാനം നിയമനിഷേധപ്രസ്ഥാനം ആരംഭിക്കുവാൻ നീപ്പാൾ കാൺഗ്രസ്സു നേതാക്കന്മാർ ഉദ്ദേശിക്കുന്നു. മൂന്നു വയസ്സുള്ള ഒരു കുട്ടിയെ അവിടത്തെ രാജാവായി അംഗീകരിക്കുവാൻ ഇൻഡ്യ തയ്യാറില്ലെന്നു നെഹ്റു പ്രസ്താവിച്ചിരിക്കുന്നു.

———

സ്മരണയുടെ വഴിത്താരകൾ



[ലളിതാംബിക]

പ്രിയപ്പെട്ട ശാന്തേ,

പരീക്ഷയുടെ പടിവാതല്പൽ നിൽക്കുമ്പോഴും ചേച്ചിയ്ക്കു് കത്തെഴുതുന്നതിൽ നീ കുതുകയായിക്കുണ്ടെന്നതു് തികച്ചും പാരിതോർത്ഥജനകമാണു്. ഒരുപക്ഷേ ഞാൻ സ്വയം വരിച്ചിരിക്കുന്ന കഠിനമായ ഏകാന്തവാസത്തിൽ, മധുവികാരങ്ങളുടെ ഒരു പൊടിയെങ്കിലും ഉണർത്തുവാൻ അവ ഉപകരിക്കുമെന്നു നീ കരുതുന്നുണ്ടാവാം. നിന്റെ ഊഹം ഒട്ടും അസ്ഥാനത്തിലല്ല കയ്പും മധുരവും ഇടകലർന്ന സ്മരണകളുടെ അളവൊട്ടിക്കുവാനാണു് നിന്റെ കത്തുകൾക്കു് സാധിക്കുന്നതെന്നു പറഞ്ഞാൽ അതു ഒട്ടും അതിശയോക്തിയല്ല

പ്രേമം—ഹാ! പ്രേമം—നീ പരിഹസിക്കുന്ന പ്രേമം! എനിക്കു കരയുവാനാണു് തോന്നുന്നതു്. ഇതാ കണ്ണീർകണങ്ങൾ അടർന്നു വീഴുകയായി. നോക്കൂ ഈ അടയാളം—ഒരു തുള്ളി ചുടുകണ്ണീർ അവിടം പരിശുദ്ധമാക്കിയിട്ടുണ്ടു്. വികാരങ്ങളുടെ, നെടുവീർപ്പുകളുടെ, വേദനകളുടെ കരകവിഞ്ഞൊഴുകിയ ആനന്ദത്തിന്റെ—ഹാ! ആ ഒരു തുള്ളി കണ്ണുനീർ നിരാശാഗ്രസ്തമായ ഒരു ജീവിതത്തിന്റെ പ്രതിനിധ്യം വഹിക്കുന്നു.

നിനക്കു പ്രേമം പരിഹാസ്യമായിത്തോന്നുന്നു. നിന്റെ ഉറ്റസഖിയുടെ പുതിയ പ്രേമത്തിൽ നിനക്കു അത്ഭുതം തോന്നുന്നു. പ്രഥമദർശനത്തിലുള്ള പ്രണയത്തെപ്പറ്റിയും, താല്പര്യലിംഗാടിസ്ഥാനത്തിലുള്ള കാളേജുപ്രേമത്തെപ്പറ്റിയും, കഥയില്ലാത്ത ലിഖിതകൈമാറ്റത്തെപ്പറ്റിയും എഴുതുമ്പോൾ നിന്റെ ഹൃദയം നിറഞ്ഞ അവജ്ഞയും നിലയില്ലാത്ത അനുതാപവും നിഴലിച്ചിട്ടുള്ള പരിഹാസച്ചിരികൊണ്ടു് മുഖരിതമായിരുന്നിരിക്കണം. അതിൽ നിന്നെ ഞാൻ കുറ്റപ്പെടുത്തുന്നില്ല. പക്ഷേ കാളേജ് വിദ്യാഭ്യാസത്തിന്റെ അനിവാര്യമായ ഒരു ഉല്പന്നമായി അതിനെ അംഗീകരിക്കുന്നതിനുള്ള ഹൃദയവിശാലത എനിക്കു ഇന്നുണ്ടു്. അതില്ലായിരുന്ന ഒരു കാലം എനിക്കുമുണ്ടായിരുന്നു. ഞാനും ഒരു കാലത്തു പ്രേമത്തിൽ വിശ്വാസിച്ചിരുന്നില്ല. നിരവധി സതീർത്ഥ്യകളെ പ്രേമി

സിനിട്ടോൺ, ഫിലിംസിറ്റി എന്നീ നിർമ്മാണശാലകളിലെ ചിത്രങ്ങളിൽ പ്രമുഖഭാഗങ്ങൾ അഭിനയിക്കുകയും ചെയ്തു. പരിഷ്കൃതയും, സുന്ദരിയും സുഭഗയുമായ ശോഭനയ്ക്കു് അന്നു് സിനിമാലോകത്തിൽ അതുല്യമായ സ്ഥാനമാണു് ഉണ്ടായിരുന്നതു്. പക്ഷേ ഒരു നല്ല നടിയെന്ന നിലയിലല്ല അവൾ പ്രേക്ഷകരെ ആകർഷിച്ചതു്. അവളുടെ സൌന്ദര്യവും, ആകർഷണീയമായ മറ്റു പ്രത്യേകതകളുമാണു് അവരെ കാണികളുടെ കണ്ണ്ലുണ്ണിയാക്കിത്തീർത്തതു്. ധനികയും പരിഷ്കാരിയുമായ ഒരു യുവതിയുടെ ഭാഗം അഭിനയിക്കുവാനാണു് അവൾക്കു് ഏറ്റവും സാമർത്ഥ്യമുള്ളതു്. "സധേനാ" എന്ന ചിത്രത്തിലാണു് ആദ്യമായി ഒരു ഗ്രാമീണ കന്യകയായി അവൾ നടിച്ചതു്. ആ ചിത്രം അവളുടെ ആദ്യത്തെ നല്ലചിത്രമെന്നു കരുതുന്നതിൽ തെറ്റില്ല

യുദ്ധാരംഭത്തിനുമുമ്പു് അവൾ ഒരു വിനോദയാത്രയ്ക്കായി ജപ്പാനിൽ പോയിരുന്നു. യുദ്ധകാലത്തിലാണു് അവൾ അവളുടെ പ്രശസ്തിയുടെ കൊടുമുടിയിലെത്തിയതു്. "ഭാരത് മിലാപ്" "രാമരാജ്യം" എന്നീ ചിത്രങ്ങളിൽ സീതയായി അഭിനയിച്ചതോടുകൂടി അവളുടെ പ്രശസ്തി നാടെങ്ങും പ്രതിധ്വനിച്ചു. ഈ രണ്ടു ചിത്രങ്ങളുടെയും അത്ഭുതപൂർവ്വമായ വിജയം സിനിമാപ്രേമികൾക്കെല്ലാം അറിവുള്ളതാണല്ലൊ, ചുരുക്കിപ്പറഞ്ഞാൽ സീത പുനർജ്ജന്മമെടുത്തതാണു് ശോഭനയെന്നു വിശ്വസിക്കുവാൻ തയ്യാറുള്ള ആരാധകന്മാർ സിനിമാപ്രിയന്മാരുടെ ഇടയിൽ ലക്ഷക്കണക്കിനുണ്ടു്.

അങ്ങനെ യുദ്ധകാലമത്രയും അത്ഭുതകരമായ പ്രശസ്തിയുടെ മടിത്തട്ടിൽ അവൾ പരിലസിക്കുകയായിരുന്നു. പക്ഷേ അഭിനയത്തെ സംബന്ധിച്ചിടത്തോളം അവളുടെ ഏകവിജയം "വീരകനൽ" എന്ന ചിത്രം മാത്രമാണു് യുദ്ധസമാപ്തിക്കുശേഷം, പുതിയ താരങ്ങൾ ശോഭനയെയും പിന്നണിയിലേയ്ക്കു് പിടിച്ചുതള്ളി.

ഇതിനുശേഷം ശോഭന വീണ്ടും വിദേശയാത്ര ചെയ്തു. ഇത്തവണ ഹോളിവുഡ്ഡിലേയ്ക്കായിരുന്നു സിനിമയുടെ ആ ആസ്ഥാന നഗരിയിലുള്ള നടീനടന്മാരേയും നിർമ്മാതാക്കളേയും സന്ദർശിച്ചു ശോഭന സിനിമാവ്യവസായത്തെപ്പറ്റി കൂടുതൽ പരിചയം നേടി. പൃഥ്വിരാജനാനന്തരം മടങ്ങിയെത്തിയതിനുശേഷമാണു് കുമാർസെൻ സമർത്ഥമായി പിന്നണി അവൾ വിവാഹമോചിതയായതു്

15 വർഷക്കാലത്തെ സിനിമാനടനത്തിനിടയിൽ വളരെയധികം പണം സമ്പാദിച്ചിട്ടുണ്ടു് പക്ഷേ അതെല്ലാം അവൾ അനാവശ്യമായി ചിലവഴിച്ചുകളഞ്ഞില്ല. പണസംബന്ധമായ കാര്യങ്ങൾ ബുദ്ധിപൂർവ്വകമായി നോക്കുന്നതിനു് അവൾക്കു് നല്ല സാമർത്ഥ്യമുണ്ടു്. അതുകൊണ്ടാണു് സിനിമാനിർമ്മാണത്തിൽ അവൾക്കു വിജയിക്കുവാൻ സാധിച്ചതു്. മോട്ടിലാലിന്റെ സഹായത്തോടുകൂടിയാണു് "ഹമാരിബേട്ടി" എന്ന അവളുടെ പ്രഥമചിത്രം നിർമ്മിക്കപ്പെട്ടുകയുണ്ടായതു്.

ഒന്നാം കിടയിലുള്ള താരങ്ങളെ ഉൾപ്പെടുത്തി "ഹമാരിബേട്ടി" എന്ന ചിത്രം ഏറ്റവും കുറച്ചുസമയത്തിനുള്ളിൽ ഉദ്ദേശിച്ച ചിലവിൽ ഒരു പൈപോലും കവിയാതെ അവൾ നിർമ്മിച്ചു. നിർമ്മാണംപോലെതന്നെ ചിത്രത്തിന്റെ ബിസിനസ്സ് സൈഡും വളരെ കാര്യക്ഷമതയോടുകൂടി അവൾ നിർവ്വഹിച്ചു അവളുടെ ഈ പ്രഥമ സംരംഭം വിജയകരമാവുകയാണെങ്കിൽ, ഒരു സിനിമാതാരമെന്നപോലെതന്നെ, സിനിമാനിർമ്മാണത്തിലും അവൾ വിശ്രുതയായിത്തീരുമെന്നു് പ്രത്യാശിക്കാം.

അവളുടെ ചിത്രം വിജയിച്ചാലും ഇല്ലെങ്കിലും, രണ്ടു പുതിയ താരങ്ങളെ സിനിമയിലേയ്ക്കു് പ്രവേശിപ്പിച്ചതിനു് സിനിമാലോകം അവളോടു് കൃതജ്ഞരായിരിക്കുകതന്നെ ചെയ്യും നൂതൻ, ശോഭനയെപ്പോലെതന്നെ ഒന്നാംകിടയിലുള്ള ഒരു താരമായിത്തീരുമെന്നു കരുതുന്നതിൽ തെറ്റില്ല. അതുപോലെതന്നെ ബഹുവിധനൃത്തവൈദഗ്ദ്ധ്യമുള്ള ഒരു കുട്ടിയാണു്.

X X X

കാശ്മീരിന്റെ "ആരാം" എന്ന ചിത്രം ഷൂട്ടു ചെയ്തുകൊണ്ടിരിക്കുന്നതിനിടയിലുണ്ടായ ഒരു വീഴ്ചയിൽ, ദേവ് ആനന്ദിന്റെ കൈയ്ക്കു് എന്തോ തകരാറു സംഭവിക്കുകയുണ്ടായി. അതുകൊണ്ടു് കുറച്ചുദിവസം പരിപൂർണ്ണവിശ്രമം അനുഭവിക്കുന്നതിനുള്ള ഭാഗ്യം ദേവിനു് ലഭ്യമായിരിക്കുന്നു

* * * *

"വാഴ്കൈ" എന്ന തമിഴ് ചിത്രത്തിന്റെ ഹിന്ദുസ്ഥാനി പകർപ്പിൽ സുപ്രസിദ്ധഹിന്ദിതാരമായ നാസിർഖാൻ നായകൻറെഭാഗം അഭിനയിക്കുന്നതാണു്

* * *

"ഷൊറാബ്ബ് ആൻഡ് റസ്റ്റം" എന്ന വിശ്രുതമായ പേർഷ്യൻകഥ ചലച്ചിത്രത്തിലെടുക്കുവാൻ പ്രേമനാഥ് ഉദ്ദേശിക്കുന്നു. പ്രിഥ്വിരാജും പ്രേമനാഥുമായിരിക്കും പ്രധാന ഭാഗങ്ങൾ അഭിനയിക്കുന്നതു്. രാമാനന്ദസാഗരം ഇന്ദ്രരാജ് ആനന്ദുമാണു് സൈനു[illegible]നതു്.

CYCLES
& ACCESSORIES
READY FOR DISPOSAL
Hind, Phillips, Raleigh, Hercules etc.,
SOMSONS & Co.
792, MAIN ROAD, QUILON.

ച്ചിട്ടുള്ള യുവക്കന്മാരെ എനിക്കറിയാം. അതു പോലെ പലയുവാക്കന്മാരെയും സ്നേഹിച്ചിട്ടുള്ള യുവതികളെയും എനിക്കറിയാം. തൻമൂലം പ്രേമത്തിന്റെ കഥയില്ലായ്മയിൽ ഞാനും വിശ്വസിച്ചിരുന്നു. ഹൃദയം ഹൃദയത്തോടു അലിഞ്ഞു ചേർന്നു, ശരീരത്തിനും മാംസത്തിന്റെ വികാരങ്ങൾക്കും അതീതമായുള്ള ഏറെക്കുറെ ആത്മീയമെന്നു പറയാവുന്ന പ്രേമം—പ്ലാറ്റോണിക് ലൗ—അസാദ്ധ്യവും അസംഭവ്യവുമാണെന്ന നിഗമനത്തിൽ ഞാനും എത്തിച്ചേരുക തന്നെ ചെയ്തു.

എന്റെ ആത്മകഥാകഥനം നിന്നെ മുഷിപ്പിക്കുമോ എന്തോ? എന്തായാലും പറയാൻ ഒരുങ്ങിയതു പറയുക തന്നെ പ്രേമത്തെപ്പറ്റിയുള്ള ഈ അനുമാനത്തിനു് സ്വന്തം പ്രായോഗിക പരിജ്ഞാനത്തിൽകൂടി മാറ്റമുണ്ടാക്കുവാൻ എനിക്കു സാധിച്ചിട്ടില്ലെന്നു വ്യസനസമേതം പറയുന്നുകൊള്ളട്ടെ. ജീവിതത്തോടുള്ള എന്റെ സമീപനം തികച്ചും വിഷാദാത്മകമായിരുന്നു. ശൈശവത്തിൽതന്നെ മാതൃരഹിതയായിത്തീർന്ന ഞാൻ വിഷാദത്തിന്റെ കഴൽകണ്ണാടിയിൽകൂടിയാണു് ബാഹ്യലോകത്തെ വീക്ഷിച്ചുകൊണ്ടിരുന്നതു്. ഒരു ബാലിക കൌമാരത്തിൽകൂടി യുവത്വത്തിലേക്കുകാലുകുത്തുന്ന വിപ്ലവകരമായ ആ ദശയിൽ മാതാവു മാനസികമായും വികാരപരമായും മകൾക്കു് മാർഗ്ഗനിർദ്ദേശനം നൽകേണ്ട ഒരു ഗുരുവും പരിചാരികയും സഹചാരിയുമാണു്. ഏതു വാൽസല്യനിധിയായ പിതാവിനും ആ വിടവു നികത്തുക സാദ്ധ്യമല്ല. അങ്ങനെ നിയതിയുടെ നിഷ്ഠുരതയാൽ ആ മഹാഭാഗ്യം അലഭ്യമായിത്തീർന്ന ഈ ഉർവ്വിശാലമായ ലോകത്തിൽനിന്നും സ്വന്തം ഹൃദയത്തിന്റെ വെളിച്ചം കയറിയിട്ടില്ലാത്ത അഗാധഗർത്തങ്ങളിലേയ്ക്കു് കണ്ണോടിച്ച അങ്ങനെയാണു് ഞാൻ മുഗ്ദ്ധബാലികാരൂപങ്ങളെ നിർദ്ദയമായി അടിച്ചമർത്തിയ ഒരു വിഷാദമൂർത്തിയും വിധിബലവശാസ്യയും ആയിത്തീർന്നതു്. അന്നൊക്കെ വികാരാധീനമല്ലാത്ത ഒരു ഉറച്ച ഹൃദയത്തിന്റെ ഉടമസ്ഥയാണു് ഞാനെന്നു സ്വയം അഭിമാനം കൊണ്ടിരുന്നു. പ്രേമത്തിന്റെ മാദകമായ മുല്ലായുധശസ്ത്രങ്ങൾ ഏതു കോണിൽനിന്നു വന്നാലും തടഞ്ഞു നിറുത്തുവാൻ എനിക്കു കഴുത്തുണ്ടെന്നു് ഞാൻ സ്വയം പുകഴ്ത്തിയിരുന്നു. നാലഞ്ചു വർഷത്തെ കോളേജു വിദ്യാഭ്യാസത്തിനു ശേഷവും ഒരാറാറു യുവാവിനെപോലും ഹൃദയം തീറെഴുതിയിട്ടില്ലെന്നു ഞാൻ പിലപ്പോഴെല്ലാം ചിന്തിച്ചു സമാശ്വസിക്കാറുണ്ടായിരുന്നു.

അങ്ങനെ "ആരും സ്നേഹിച്ചിട്ടില്ലാത്ത ഒരു പെണ്ണായി" തന്നെ ഞാൻ കോളേജുവിട്ടിറങ്ങി സ്വാനുഭവത്തിൽകൂടി പ്രേമത്തിന്റെ ശക്തി ഔദ്ധത്യങ്ങൾ പരീക്ഷിച്ചറിയുന്നതിനുള്ള അവസരം അങ്ങനെ എനിക്കു് എന്നെന്നേക്കുമായി നഷ്ടപ്പെട്ടു. പലപ്പോഴും, നഷ്ടപ്പെട്ടുപോയ ഈ അവസരത്തെപ്പറ്റി ചിന്തിക്കുമ്പോൾ നിരാശയുടെ അഗാധതയിലേക്കു ഞാൻ നിപതിക്കുകയാണു് ചെയ്യാറുള്ളതു്. എന്തെങ്കിലും ഒരു മായാവിദ്യയാൽ കോളേജിൽ കഴിച്ച ആ വർഷങ്ങൾ ഒന്നുകൂടി ജീവിക്കുവാൻ എനിക്കു സാധിച്ചാൽ—ഞാൻ ഇതാ ശപഥം ചെയ്യുന്നു, ശാന്തേ, അപവാദങ്ങളും അസൂയ ബീജാവാപം ചെയ്യുന്ന കഥയില്ലാത്ത കഥകളും ഏതുണ്ടായാലും, ചിരകാലമായി കൊതിക്കുന്ന ആ പരീക്ഷണത്തിൽ നിന്നും എന്നെ പിന്തിരിപ്പിക്കുവാൻ യാതൊരു ശക്തിക്കും സാദ്ധ്യമാകുന്നതല്ല!

മാംസത്തിന്റെ മറവിളിക്കു് അതീതമായുള്ള ആദർശാത്മകവും അലൌകികവുമായ പ്രേമം സാദ്ധ്യമാണോ? ഈ പ്രശ്നത്തെപ്പറ്റിയുള്ള അലസമായ ചിന്തകൾ വിരസമായ എന്റെ നീണ്ട ഏകാന്ത ദിനങ്ങൾക്കു ചിറകുനൽകുവാൻ പലപ്പോഴും സഹായമായിത്തീർന്നുണ്ടു്. ആദർശമതികളും ഭാവനാസമ്പന്നരും ആത്മാർത്ഥതയുള്ളവരും ഏന്നു് ഭാവിതലമുറകൾ മുദ്രയടിച്ചിട്ടുള്ള പല മഹാന്മാരുടേയും ജീവിതത്തിൽപോലും തകർന്ന പ്രേമബന്ധങ്ങളുടേയും, പരിപാലിക്കപ്പെടാത്ത വാഗ്ദാനങ്ങളുടേയും, ഒന്നിലധികം കാമുകിമാരുടേയും "മലിനു"കളും പാറ്റിപ്പിടിച്ചിരിക്കുന്നതായി നാം ജീവചരിത്രഗ്രന്ഥങ്ങളിൽനിന്നു കാണാറുണ്ടല്ലോ. പക്ഷേ ആ സമുന്നത വ്യക്തിത്വങ്ങളിൽനിന്നും ഇത്തരം പൂർവ്വാപരവൈരുദ്ധ്യങ്ങൾ പ്രതീക്ഷിക്കപ്പെടുന്നവയല്ല. വസ്ത്രങ്ങൾ മാറുന്നതുപോലെ പുതിയ പുതിയ പ്രേമപുരുഷന്മാരെ സൃഷ്ടിക്കുന്നവരുടെ ആത്മാർത്ഥതയിലും അഭിപ്രായ സ്ഥിരതയിലും സംശയം തോന്നുന്നതു് സ്വാഭാവികമാണു്. പക്ഷേ പ്രേമത്തെപ്പറ്റി നമുക്കുള്ള തെറ്റിദ്ധാരണയല്ലേ ഇത്തരം തെറ്റിദ്ധാരണകൾക്കു് ഇടംകൊടുക്കുന്നതെന്നു് ഞാൻ ശങ്കിക്കാറുണ്ടു്. ഒരു യുവാവു്, ഒരു യുവതിയുമായി സംസാരിക്കുകയോ വളരെ അടുത്തു പെരുമാറുകയോ ചെയ്താൽ അതു പ്രേമപ്രകടനമായി നാം വ്യാഖ്യാനിക്കാറുണ്ടു്, പക്ഷേ എന്റെ അഭിപ്രായത്തിൽ അവർ തമ്മിൽ പ്രേമം സാദ്ധ്യമാണോ ഇല്ലയോ എന്നു് അന്വേഷിക്കുന്നതിനുള്ള കളമൊരുക്കലായി മാത്രമേ ഈ ബന്ധത്തെ കരുതേണ്ടതുള്ളൂ. എന്തെന്നാൽ യഥാർത്ഥമായ പ്രേമം പരസ്പരമുള്ള ധാരണയിൽകൂടി ഉളവാകുന്ന ഹൃദയൈകൃത്തിന്റെ പരിണതഫലമാണു്. പരസ്പരമായ ധാരണയിൽകൂടി ഹൃദയം ഹൃദയത്തിൽ അലിഞ്ഞു ചേരണമെന്നുണ്ടെങ്കിൽ ഒരു യുവാവും യുവതിയും വളരെ അടുത്തു പെരുമാറിയെങ്കിൽ മാത്രമേ സാധിക്കുകയുള്ളൂ. ഒരു പക്ഷേ അന്യോന്യം കൂടുതൽ കൂടുതൽ അറിഞ്ഞതുടങ്ങുമ്പോൾ, അവരുടെ സ്വഭാവത്തിലും ഇഷ്ടാനിഷ്ടങ്ങളിലും പൊരുത്തപ്പെടുവാൻ ജീവിതത്തെപ്പറ്റിയുള്ള വീക്ഷണകോണത്തിലും പരസ്പരവൈരുദ്ധ്യവും അസ്വാരസ്യവും കണ്ടുതുടങ്ങിയാൽ അവർ സ്വമേധയാ അകന്നുപോകുന്നു. ആ അകൽച്ചയെ വിശ്വാസവഞ്ചനയായോ, സ്ഥിരതയില്ലായ്മയായോ, ലൈംഗികാകർഷണത്തിന്റെ വികലഭാവങ്ങളായോ വിധിയെഴുതുന്നതു് വിവേകപൂർവ്വകമല്ല.


ശാന്തേ, നമ്മുടെ സാമൂഹ്യവലയം വളരെ നന്നാകുവാനുണ്ടു്. ലൈംഗിക പ്രശ്നങ്ങളെപ്പറ്റിയുള്ള നമ്മുടെ ഭ്രാന്തമായ അന്ധവിശ്വാസങ്ങളും അനുമാനങ്ങളുമാണു് ഇത്തരം തെറ്റിദ്ധാരണകളുടെ പിന്നിലുള്ളതു്. കുറച്ചുകൂടി വിശാലമായി ചിന്തിച്ചാൽ നിലവിലുള്ള സാമൂഹ്യഘടനയുടെ ദൂഷിത വലയമാണു് ഇതെല്ലാം. അതു മാറാതെ മനുഷ്യനു മനുഷ്യനായി ജീവിക്കുക സാദ്ധ്യമല്ല. മനുഷ്യത്വവും, സ്നേഹവും പ്രേമവും സമാനധാർമ്മികങ്ങളായ മറ്റു മൂല്യവികാരങ്ങളും ഒരു നവവ്യവസ്ഥിതിയുടെ ശീതളഛായയിലല്ലാതെ വികസിച്ചു പരിമളം പരത്തുകയില്ല.

കത്തു ദീർഘിച്ചു പോയിരിക്കും ഇല്ലേ? ക്ഷമിക്കുക.

ഹൃദയം നിറഞ്ഞ സ്നേഹത്തോടെ,

നിന്റെ

ലളിതാംബിക



വള്ളത്തോളിന്റെ ദിഗ്വിജയം


ലോകത്തിന്റെ വിവിധകോണുകളിൽ നിന്നായി സമാധാനപ്രേമികളും പുരോഗമനവാദികളുമായ മൂവായിരം ഡെലിഗേറ്റുകൾ ചരിത്രംസൃഷ്ടിച്ച വാർസാ സമാധാനസമ്മേളനത്തിൽ പങ്കെടുത്തു. കേരളത്തിന്റെ അഭിമാനം സംരക്ഷിക്കുവാനായി ആസ്ഥാനമഹാകവി വള്ളത്തോളും അക്കൂട്ടത്തിലുണ്ടായിരുന്നു. ആ മഹാസഭയിൽ നാടകീയമായി പ്രവേശിച്ച് രംഗവാസികളെ അത്ഭുതസ്തബ്ധരാക്കണമെന്നു വള്ളത്തോൾ കാലേകൂട്ടി നിശ്ചയിച്ചുറച്ചിരുന്നു. അതിനായി കലാമണ്ഡലംവക ആട്ടക്കോപ്പും ആശാന്മാരെയും കൂടെ കൊണ്ടുപോയിരുന്നു. മണിപത്തടിച്ച് അമ്പത്തഞ്ചു മിനിട്ടായി കൃത്യം പതിനെന്നര മണിക്കാണ് സമ്മേളനം ആരംഭിക്കുന്നത്. ഡെലിഗേറ്റുകളെല്ലാം അവരവർക്കു തിരിച്ചിട്ടിരുന്ന ആസനങ്ങളിൽ നേരത്തെതന്നെ ഇരിപ്പുപിടിച്ചു കഴിഞ്ഞിരുന്നു. ഹാളിന്റെ പടിഞ്ഞാറെ പ്രവേശനദ്വാരത്തിനു വെളിയിൽ ഒരു കേളികൊട്ടു കേട്ടുതുടങ്ങി. വാതിലിൽ ഒരു ചുവപ്പു തിരശ്ശീല ഉയർന്നു. അതിന്റെ നടുക്ക് സ്വർണ്ണക്കമ്പിളികൊണ്ടുള്ള ഒരു അരിവാളും ചുറ്റികയും തുന്നിപ്പിടിപ്പിച്ചിരുന്നു. ഉരുട്ടുമേളവും പെമ്പടതാളവുംകൂടി ഉണ്ടാക്കിയ മേളക്കൊഴുപ്പിന്റെ നടുവിൽ നിന്നും ഒരു ചുവപ്പുതാടി വട്ടക്കാലിൽ അനുപദം മുന്നോട്ടുകേറുന്ന കൃതമാലാ മലയാചല പശ്ചിമഘോഡ്മദ്ധ്യ ദിഗ്വിജയംചെയ്തരുളുന്ന സാക്ഷാൽ വള്ളത്തോൾ ഇതാ. രംഗപ്രവേശം ചെയ്യുന്നു എന്നു പാട്ടുഗായകൻ ഒരൈരവിയിൽ വിളിച്ചറിയിച്ചു. ഈ തിരിപ്പുപ്പാട്ടു കണ്ട് ഡെലിഗേറ്റുകളും സന്ദർശകരും ഹസ്തതാഡനം മുഴക്കുകയും, ഇങ്കിലാബ് വിളിക്കുകയും ചെയ്തു. തിരശ്ശീലവട്ടവുംകൂടി തീയ്യുകൊണ്ടു വള്ളത്തോൾ സഭാതലത്തിൽ പ്രവേശിച്ച് ഒരു തിരനോട്ടം ആരംഭിച്ചു. പ്ലാറ്റ്ഫാത്തിന്റെ പുകിലടിത്ത ഭീത്തിയിൽ കാൾമാർക്സ്, ലെനിൻ, സ്റ്റാലിൻ എന്നീ ത്രിമൂർത്തികളുടെ ചിത്രംകണ്ട് താണതൊഴുത് ഭൂമി തൊട്ട് നിറുകയിൽ വച്ചുകൊണ്ട് തനിക്കായി നീക്കിയിട്ടിരുന്ന ഉരലിൽകേറി കാലിന്മേൽ കാലുംകേറ്റി അഭിമുഖം ആസനസ്ഥനായി.

യേഗംതുടങ്ങി. ആദ്യത്തെ പടങ്ങ് സഖാവ് വള്ളത്തോളിന്റെ ശാന്തിഗീതമാണ്. പ്രസിഡണ്ടു ബല്ലടിച്ച് ആംഗ്യംകാട്ടി സഖാവിനെ പ്രസംഗവേദിയിലേക്കു ക്ഷണിച്ചു. അഞ്ചുവട് പിന്നോക്കം നീങ്ങി മൂന്നുചുവടുകൊണ്ടു മുന്നോറി കുതിച്ചുപാടി വള്ളത്തോൾ പ്രസംഗവേദിയിൽ കേറിനിന്നു. അനന്തരം ഒരുകൈ ചെവിയിൽ ചേർത്തുപിടിച്ചുകൊണ്ട് കേകയിലുള്ള ശാന്തിഗീതം നീട്ടിനീട്ടിപ്പാടി. രണ്ടാംപുണ്ട് അരയിൽ ചേർത്തുകെട്ടിക്കൊണ്ടു കൈമണിയുമായി അടുത്തുനിന്ന നാലുപാടൻ ആ ചിരുകഥ ഏറ്റൊടുത്തു പത്തുമിനിട്ടു നീണ്ടുനിന്ന ആ പാട്ടിന്റെ ലയത്തിൽ രംഗവാസികളെല്ലാം അലിഞ്ഞുപോയി. റഷ്യൻ ഡെലിഗേറ്റുകളുടെ കവിളുകളിൽകൂടി കണ്ണുനീർ കുടുകുടെ ഒഴുകി. ബ്രേ-ഭോ എന്നു ഒരു ബ്രിട്ടീഷ് ഡെലിഗേറ്റു വിളിച്ചു പറഞ്ഞു. സഖാവ് വള്ളത്തോൾ കി-ജേ എന്നു ചതോപാധ്യായ അത്ഭുതവിളിച്ചു.

ലോകമേ തറവാടായ കവിയ്ക്ക് മനുഷ്യരാശിയെ മുഴുവനും ഒരേ കുടുംബക്കാരായി മാത്രമേ കാണാൻ കഴിയൂ എന്നും, മനുഷ്യനെ മനുഷ്യൻ വേട്ടയാടുന്ന മൃതലാളിത്തവ്യവസ്ഥിതി അവസാനിച്ചാൽ മാത്രമേ ലോകത്തു ശാശ്വതമായ ശാന്തിയും സമാധാനവും ഉണ്ടാകയുള്ള എന്നും, ഭാരതവർഷത്തിലെ പൂർവരാം ഋഷീന്ദ്രന്മാർ ഉപദേശിച്ച സൂക്തിരത്നം അതാണെന്നും, ഇന്നു കാണുന്ന സകല കുഴപ്പങ്ങൾക്കും കാരണം ആംഗ്ലോ—അമേരിക്കൻ ചേരിയുടെ ബൂർഷ്വാസംസ്ക്കാരമാണെന്നും, മർദ്ദിതലക്ഷങ്ങളുടെ മോക്ഷദാതാവായി തിരുവവതാരം ചെയ്തിരിക്കുന്ന സഖാവ് സ്റ്റാലിൻ നെടുനാൾ വാഴട്ടെ എന്നുമാണ് ഈ ശാന്തിഗീതത്തിൽ സഖാവ് വള്ളത്തോൾ ഉദ്ഘോഷിക്കുന്നതെന്ന് ഇംഗ്ലീഷിലും, ഫ്രഞ്ചിലും, റഷ്യൻ ഭാഷയിലും അതിനെ വ്യാഖ്യാനിച്ചു കേൾപ്പിച്ചപ്പോൾ സദസ്സ് കാർകണ്ട കടൽപോലെ ആർത്തിരമ്പി.

ആ ദിവസത്തെ തീപ്പൊരി പ്രസംഗങ്ങൾക്കും ചട്ടതിരിച്ചുടികൊക്കുശേഷം സമാധാനസമ്മേളനം അവസാനിച്ചു. വള്ളത്തോളും ആശാക്കാരും നാട്ടിലേയ്ക്കു മടങ്ങി. അപ്പോൾതന്നെ വാർസായിലെ സോപിയറ എംബസിയിൽനിന്നും ഒരു നീണ്ട ലക്കോട്ട് വള്ളത്തോളിനു ലഭിച്ചു. വള്ളത്തോൾ കൃതികളെല്ലാം റഷ്യൻ ഭാഷയിലേയ്ക്ക് വിവർത്തനം ചെയ്യാൻ ഏർപ്പാടു ചെയ്തിരിക്കുന്നുവെന്നും, വിവർത്തനാനുവാദത്തിനും ഇനി എഴുതാനിരിക്കുന്ന കവിതകളുടെ പ്രോത്സാഹനത്തിനുമായി സോവിയറ ഗവൺമെന്റ് ഒരു ലക്ഷം രൂപാവീതം അനുവദിച്ചിരിക്കുന്നുവെന്നും, "ഒരു വീരപതനം" എന്ന വള്ളത്തോൾകൃതിക്ക് 1951-ലെ സ്റ്റാലിൻപ്രൈസു നൽകിയിരിക്കുന്നുവെന്നും അതിൽ കണ്ട കലാമണ്ഡലവുമായി ഒരു ലോകപര്യടനം നടത്തുന്നതിനുള്ള കാശായല്ലോ എന്നോർത്ത് വള്ളത്തോൾ പുളകംപൂണ്ടു. പണം മുഴുവനും ഇന്ത്യയിലേയ്ക്കയയ്ക്കാൻ അറിയിച്ചുകൊണ്ട് വള്ളത്തോൾ മടങ്ങി എക്സ്ചേഞ്ചു നിയന്ത്രണംമൂലം പണം ഇന്ത്യയിലേയ്ക്കയയ്ക്കാൻ നിർവാഹമില്ലെന്നും, സഖാവ് വള്ളത്തോൾ കിഴക്കൻ യൂറോപ്പിലും റഷ്യയിലും പര്യടനം നടത്താൻ എത്തുന്നപക്ഷം അപ്പോൾ ഈ പണം അദ്ദേഹത്തിനു പ്രയോജനപ്പെടുത്താമെന്നും കാണിച്ചുകൊണ്ടുള്ള ഒരു കേബിൾ സന്ദേശമാണ് ബോംബയിലിറങ്ങിയ വള്ളത്തോളിനെ സ്വാഗതം ചെയ്തത്. എന്തായാലും വാർസാ വാഗ്ധോരണിയാകയില്ലെന്നും, 'എന്റെ ഗുരുനാഥൻ' സ്റ്റാലിനല്ല ഗാന്ധിദേവൻതന്നെയാണെന്നും, ഇനിയും ഈ അബദ്ധം ആവർത്തിക്കുകയില്ലെന്നും ഉറപ്പുകൊണ്ട് ആട്ടപ്പെട്ടിക്കെട്ടുമായി വള്ളത്തോൾ കുന്നംകുളത്തെത്തി ഒരു പെരുമ്പറച്ചാട്ടം പാടുകസേരയിൽ കേറിക്കിടന്നു.

വാസുദേവവിലാസം
ഒരുകാന്തിച്ചൂർണ്ണം
പല്ലുകൾക്കു നല്ല ഉറപ്പും
വണ്ണവും നൽകുന്നു
വാസുദേവവിലാസം
ആയുർവ്വേദ ഫാർമസി
കോട്ടയ്ക്കം, തിരുവനന്തപുരം.



[ഈ പംക്തിയിൽ പത്രാധിപർ വായനക്കാരുമായി സംസാരിക്കാൻ ശ്രമിക്കുന്നു. നിങ്ങൾക്കു ഇഷ്ടമുള്ള കാര്യം പോസ്റ്റുകാർഡിൽ പത്രാധിപർക്കു എഴുതുക. കവറിനു മുകളിൽ "പോളും" എന്നു കാണിച്ചിരിക്കണം. നന്നായിരുന്നാൽ നിങ്ങളുടെ പോസ്റ്റുകാർഡിനു അഞ്ചുരൂപാ സമ്മാനം ലഭിക്കും. പത്രാധിപർ]

പി. ലീലാവതി വട: പറവൂർ.

കനകമുടിലിഗിലെ ഉഷയ്ക്കോ അതല്ല, കെ. ചന്ദ്രികയ്ക്കോ സൗന്ദര്യം കൂടുതൽ?

രണ്ടു പേർക്കും ഏകദേശം ഒരുപോലാണെന്നു തോന്നുന്നു.

പി. കെ. വിശ്വനാഥൻ, കോട്ടയം.

നിങ്ങൾ ചന്ദ്രിക എന്ന വിദ്യാർത്ഥിനിയെ വിവാഹം കഴിക്കാൻ പോകുന്നതായി കേൾക്കുന്നതു വാസ്തവമാണോ?

വിദ്യാർത്ഥിനി എന്നു പറയുന്നതു വാസ്തവമല്ല. വിവാഹക്കാരും സത്യമാണ്. ഈ ഡിസംബർ 14-നു-യാണ് വിവാഹം. നിങ്ങൾ ഇതു അനേഷിച്ചറിഞ്ഞസ്ഥിതിക്കു ക്ഷണിക്കാതെ നിവൃത്തിയില്ലല്ലോ. എന്താ വന്നുചേരുമോ?

പി. എൻ. ശിവരാജ്, കുത്തിയതോട്

താങ്കൾക്കു ഞാനൊരു സമ്മാനം തരാനുദ്ദേശിക്കുന്നു. എന്തുവേണം?

ഒരു കൊച്ചുകുട്ടിയുടെ പുഞ്ചിരിതുകിക്കൊണ്ടിരിക്കുന്ന ചിത്രം അയച്ചു തരിക!

കെ. കുര്യൻ, കോട്ടയം.

നിങ്ങൾ കഥയും സംഭാഷണവുമെഴുതുന്ന "ത്യാഗസീമ"യും "ചിത്രലേഖ"യും ഒരേ ചിത്രമാണോ?

അല്ല രണ്ടും രണ്ടാണ് രണ്ടാമതിനെ പുറത്തുവരികയും ചെയ്യും

"ചിത്രലേഖ"യ്ക്കു എന്തുകൊണ്ടാണ് [illegible] തുള്ളതു?

ആ കൊച്ചുസുന്ദരി അണിഞ്ഞൊരുങ്ങി വിവാഹവേദിയിലേക്കു കടക്കാനിരിക്കുകയാണ് സ്ത്രീധനക്കാരുതികിലോമാറാ ചില്ലറ തകരാറുള്ളതുമൂലം വിവാഹം നടക്കുന്നില്ലെന്നേയുള്ളു. പറഞ്ഞോ കൊടുത്തോ ഒതുക്കാവുന്നതേയുള്ളു.

കെ. എ. മുഹമ്മദ്, കൊടുങ്ങല്ലൂർ.

രാജ്ഞികളുടെയും മറ്റും ചിത്രങ്ങൾ കെയുമുടിയിൽ കൊടുക്കുന്നതു നിങ്ങളുടെ സോഷ്യലിസ്റ്റു പരിപാടിക്കു യോജിച്ചതാണോ?

ഒരു സോഷ്യലിസ്റ്റുകാരൻ സുന്ദരരൂപാരാധകനായിക്കൂടെന്നു യാതൊരു നിബന്ധനയുമില്ല.

കെ. ലീലാസിനി, കൊല്ലം.

ഒരു പ്രൊഫസർ എന്റെ ആട്ടോഗ്രാഫ് ബുക്കിൽ ഇങ്ങനെ എഴുതിയിരിക്കുന്നു "അച്ഛനെ കൊല്ലുക" എന്ന് ഇതിന്റെ അർത്ഥമെന്താണ്?

ഭയപ്പെടാതെ. അതു ഒരു പ്രത്യേക അർത്ഥത്തിലാണെഴുതിയിരിക്കുന്നതു്. നിങ്ങളുടെ പ്രശസ്തി അച്ഛന്റെ പ്രശസ്തിയും കവിഞ്ഞതോതിലുള്ളതുമായ ഒരു ജീവിതം നയിച്ചു അച്ഛനിൽ കൂടിയല്ലാതെ നിങ്ങളെപ്പറ്റി ഒരു സ്മരണയുണ്ടാക്കുക എന്നാണതിന്റെ അർത്ഥം. അതായതു പ്രശസ്തനായ അച്ഛനെ യോജിച്ച പ്രശസ്തയായ പുത്രിയായി തീരുകയെന്നു്.

കെ. ടി. കുര്യൻ, വൈയ്ക്കം

കോൺഗ്രസ്സിന്റെ വിദേശനയമോ സി. എസ്. പി. യുടെ വിദേശനയമോ കൂടുതൽ പുരോഗമനപരം?

ചുക്കുനില്ലാത്ത വഞ്ചിപോലെ ഉലഞ്ഞുപോകുന്ന കോൺഗ്രസ്സിന്റെ വിദേശനയം പണ്ഡിതനെഹ്റു പ്രതിനിധാനം ചെയ്യുന്നതു് സി. എസ്. പി. യുടെ പ്രത്യുപചിതവിദേശനയത്തേക്കാൾ നൂറിരട്ടി മെച്ചമാണ്. കമ്യൂണിസ്റ്റുവിരുദ്ധമനോഭാവം സി. എസ്. പി. യെ ഒരു തന്ത്രിപ്പിന്തിരിപ്പൻ ശക്തിയാക്കിത്തീർത്തിട്ടുണ്ടെന്നാണ് നേതാക്കന്മാരുടെ പ്രസംഗങ്ങൾകൊണ്ടു കാണുന്നതു്.

എം. ആർ. നായർ, മുവാറ്റുപുഴ.

സ്വാതന്ത്ര്യയുടെ കീഴിലല്ലാത്ത ഏതെങ്കിലും ഒരു പ്രവൃത്തി താങ്കളുടെ ജീവിതത്തിൽ

തുടർച്ചയ്ക്ക്—

ചെയ്തിട്ടുള്ളൂ എന്താണെന്നു പറയുമോ?

സഹിഷ്ണുതയോടുകൂടി നിങ്ങളുടെ ഈ ചോദ്യത്തിനു മറുപടി പറയുന്നതു്.

വി. തുളസീദാസു്, കോട്ടയം.

യഥാർത്ഥത്തിൽ ബുദ്ധനും ക്രിസ്തുവും നിങ്ങിയും എല്ലാം തന്നെ ഒരു വക മനുഷ്യദ്രോഹികളാണെന്നാണു് എന്റെ അഭിപ്രായം. ഇതിനെപ്പറ്റി താങ്കൾ എന്തുപറയുന്നു?

ഞാൻ നിങ്ങളുടെ അഭിപ്രായത്തോടു യോജിക്കുന്നില്ല.

എം. കെ. കൃഷ്ണൻനായർ, കീരിക്കാടു്.

കവുതുകം കവുടീകാന്താ
ഉത്തരം തവ കീട്ടുവൻ
വുഭീചാരം സുരാപാനം
ബന്ധുമന്തിവർ തങ്ങളിൽ?
കവുതുകം കവുടീകാന്താ
ഉത്തരം ഇഹ നൽകുവാൻ
വുഭീചാരം സുരാപാനം
രണ്ടും കൃഷ്ണന്റെ കേളികം

ആവശും സൃഷ്ടിമാതാവെ—
ന്നേവരും സമ്മതിക്കുവേ
സാദ്ധ്യമോ വുഭീചാരത്തെ
ബില്ലിനാൽ വെല്ലുകന്നതു്?
ആവശും സൃഷ്ടിമാതാവെ—
ന്നേവരും സമ്മതിക്കുവേ

ആവശുമില്ലാത്ത കരുക്കടം
ബില്ലു കൂടാതെ കൊല്ലുക.

എസ്. വിദ്യാധരൻ, അഞ്ചൽ

ഒരു ക്ഷേത്രം നശിച്ചാൽ അതുയും അന്ധത കറയുമെന്നുള്ള ശ്രീ. സി. കേശവന്റെ തത്വത്തെ ലാക്കാക്കിയാണോ ഒരു കമ്മ്യൂണിസ്റ്റുകാരനായിരുന്ന സു: കോട്ടാത്തല സുരേന്ദ്രനെ കൊട്ടാരക്കര പോലീസു് അടിച്ചുകൊന്നതു്?

ഫലവും ഏകദേശം ഒരുപോലെയിരുന്നെന്നു തോന്നുന്നു. പക്ഷെ കല്ലിനേക്കാളും ശക്തി രക്തത്തിനും മാംസത്തിനുമുണ്ടെന്നകാര്യം മറക്കരുതു്.

ജി. ജി. ദോസു്, വക്കം.

ഇഷ്ടമുള്ള ഒരു ഭർത്താവിനെ കാണുമ്പോൾ ഒരു സ്ത്രീയുടെ മുഖത്തെ എന്തിനോടുപമിക്കാം?

"ഇഷ്ടമില്ലാത്ത ഭർത്താക്കന്മാർ" എത്രപേരുണ്ടെന്നുള്ളതിനെ ആശ്രയിച്ചിരിക്കും.

ജി. സുശീല, പിരപ്പൻകോടു്

എന്റെ ഒരു ഫോട്ടോ അയച്ചുതന്നാൽ അടുത്ത ലക്കം കൗമുദിയുടെ മുഖചിത്രമാക്കുമോ?

ചിത്രത്തിന്റെ "ഗ്ലാമർ"യെ ആശ്രയിച്ചിരിക്കും തീരുമാനം.

മോഹത്തിന്റെ മൊട്ടുകൾ

മയൗവനത്തിലേയ്ക്കു കാലുകുത്തിയ കാലം മുതൽ, കടിഞ്ഞാണില്ലാത്ത കൗമാരയുവത്വത്തിന്റെ വികാരങ്ങളുടെ വികൃതവിക്രിയകൾക്കടിപ്പെട്ടതിന്റെ ഫലമായി അനുദിനം എത്രയെത്ര മോഹത്തിന്റെ മൊട്ടുകളാണ് വിരിയാതെ കരിഞ്ഞുകൊഴിഞ്ഞുപോകുന്നതു്.

കവിളൊട്ടി, കണ്ണുകുഴിഞ്ഞ, എല്ലുപൊന്തി, അരത്തേഞ്ഞ അവശരായി, അസംതൃപ്തിക്കടിമകളായി, സപ്രസംസ്ഖലനം, ശീഘ്ര സ്ഖലനം, ഉല്പാദനേന്ദ്രിയ ദൌർബല്യം, സാദ്ധ്യം മുതലായ കൂട്ടുകാരോടു കൂടി ജീവിക്കുന്ന എത്രയോ യുവാക്കന്മാരുണ്ടു്. അവരുടെ ദുരിതാനുഭവങ്ങളിൽ നിന്നും മോചനം നേടുവാൻ ഞങ്ങളുടെ



വി. ഗംഗാധരൻവൈദ്യൻ

രമണൻ

ചുവനപ്രാശം—

എന്ന വാജീകരണൌഷധം മാത്രംസേവിച്ചാൽമതി 20ഡോസ് ബാട്ടിൽ 2 ക 8ണ മാത്രം

"ഞാനും ചുവനപ്രാശം സേവിച്ചിട്ടുണ്ടു്" എന്നു പറഞ്ഞതുകൊണ്ടായില്ല. ഞങ്ങളുടെ ചുവനപ്രാശം നിങ്ങളും സേവിച്ചിട്ടില്ലെങ്കിൽ ഉടനെ സേവിക്കുവിൻ! അപ്പോൾ അനുഭവപ്പെടും അതിന്റെ പ്രത്യേകത

റാത്തൽ ഒന്നിനു 3 ക 8 ണ

N, B. പ്രധാനപ്പെട്ട എല്ലാ ആയുർവേദ ഔഷധങ്ങളും ശാസ്ത്രീയമായി സംസ്കരിച്ചു സംഭരിച്ചിരിക്കുന്നു. വിലയും പരിമിതമാണു്. വി പി. ആയി ആവശ്യപ്പെടുന്നവർ ഹെഡാഫീസിലോ വക്കല ബ്രാഞ്ചിലോ എഴുതേണ്ടതാണു്.

സ ത ന്ത്ര ഫാർമസി [REGD.]

H. O. ചാലക്കുടി

ബ്രാഞ്ചു്—ആയുർവേദകാളേജിനു മൻവശം, പുത്തൻചന്ത, തിരുവനന്തപുരം.

എയ്യം രവിവമ്മ, യൂണിവേഴ്സിറ്റികാളേജ്

യാഥാസ്ഥിതികതത്വത്തിന്റെ മൂർത്തീകരണമായ ഒരു ജ്യേഷ്ഠനുമൊന്നിച്ച് ഏറ്റവും പുരോഗമനവാദിയായ പരിതസ്ഥിതിയൊന്നുമില്ലാത്ത ഒരനുജൻ എങ്ങനെ കഴിഞ്ഞുകൂട്ടും?

ആത്മകഥാകഥനമാണെങ്കിൻ ജ്യേഷ്ഠൻ അറിയുന്നതിനുവേണ്ടി ഈ ചോദ്യം പ്രസിദ്ധീകരിക്കുകയാണു്.

കെ. മാധവൻ, കരുപ്പംപടി.

തൊഴിലാളി വർഗ്ഗത്തിന്റെ മഴലികസ്വഭാവം സാർവ്വദേശീയമാകയാൽ ഒരു മാർക്സിയൻ പാർട്ടി സാർവ്വദേശീയ തൊഴിലാളിപ്രസ്ഥാനത്തിന്റെ ഒരു ഭാഗമായിരിക്കുകയില്ലേ?

കുറേക്കൂടി ശരിയായിപ്പറയുകയാണെങ്കിൽ സാർവ്വദേശീയ തൊഴിലാളിവർഗ്ഗത്തിന്റെ ഒരു ഭാഗമായിരിക്കും.

എ. കെ. വാസുദേവൻ, തൃശ്ശൂർ.

"കമ്യൂണിസ്റ്റ് എന്ന സംശയത്തിന്മേൽ അറസ്റ്റുചെയ്തു" ഈ സംശയത്തിന്റെ മാനദണ്ഡമെന്താണു് പ്രാധിപരേ?

ഞാനല്ല. വാസുദേവനാണു് അറസ്റ്റുചെയ്തതു്.

എം. എസ്. ദിവാകരപ്പണിക്കർ, എസ്. എൻ. കാളേജ്

അഞ്ചുവർഷത്തേക്കെങ്കിലും വിവാഹം ഏർപ്പാടു തടയപ്പെട്ടില്ലെങ്കിൽ ലോകമാസകലം നിത്യദാരിദ്ര്യത്തിലേക്കു തുണ്ടുപോകുവാൻ ഇടയുണ്ടെന്നു ഇയ്യിടെ ഞങ്ങളുടെ പ്രിൻസിപ്പാൾ കരം ചന്ദ് വാഡ് ചെയ്ത ഒരു പ്രസംഗത്തിൽ പ്രസ്താവിക്കുകയുണ്ടായി. ഇതിൽ പ്രാധിപരുടെ അഭിപ്രായമെന്താണു്?

അഞ്ചു വർഷം കഴിയുമ്പോൾ എന്തു പുതിയ സംഭവവികാസത്തിന്റെ പേരിലാണു് ഏർപ്പാടു പുനഃപ്രതിഷ്ഠ നടത്തേണ്ടതു്? നിങ്ങളുടെ പ്രിൻസിപ്പാളിനോടു പറയൂ. ഈ വിഡ്ഢിത്തം ലോകത്തെ ഒട്ടേറെ മണ്ടന്മാർ ഇതിനു മുമ്പു് പല തവണ പറഞ്ഞിട്ടുണ്ടെന്നു.

എ. സഖറിയാ, ചങ്ങൻകോട്ടു്.

ഭാരതത്തിൽ ഒരു സർവ്വകലാശാലയ്ക്കും ഒരു ഫാക്ടറിക്കും തമ്മിൽ എന്തു വ്യത്യാസമാണുള്ളതു്?

സർവകലാശാല ജീവിതവുമായി ബന്ധമില്ലാത്ത "സംസ്കാരികമൂല്യങ്ങൾ" വാർത്തെടുക്കുന്നു. ഫാക്ടറി [illegible] ചേർന്നു മാനുഷത്തിന്റെ വിത്തുകൾ സൃഷ്ടിക്കുന്നു. രണ്ടും മുതലാളിത്തലോകത്തിലെ കാര്യമാണു്

കെ. കെ. കരുണാകരൻ, ചേർത്തല.

"വിശ്വകേരളം" വിശേഷാൽപ്രതിയിൽ "ഐക്യമുന്നണി" എന്ന ശീർഷകത്തിൽ എഴുതിയിരുന്ന ലേഖനത്തിലെ വാങ്മയങ്ങളോടും തീരുമാനങ്ങളോടും നിങ്ങൾ യോജിക്കുന്നുണ്ടോ?

ഘൃതഗതിയിൽ ഞാൻ അതെന്നു പറയിച്ചുനോക്കി. അതിൽ ചിലതിനോടു ഞാൻ യോജിക്കുന്നു. പക്ഷേ പുരോഗമനശക്തികളെപ്പറ്റിയുള്ള വിശകലനം വലതന്മാരുള്ള ചായ്വാണു കാണിക്കുന്നതു്. ആ ഐക്യമുന്നണിയിൽ വിഭാവന ചെയ്യുന്നതു വർഗ്ഗപ്പേരുയാണു്. വർഗ്ഗസമരവും വർഗ്ഗവേഴ്ചയുമായി വലിയ വ്യത്യാസമുണ്ടു്. പരിപാടികളും രൂപീകരിച്ചതുകൊണ്ടായില്ല. ആ പരിപാടികളും നടപ്പിലാക്കാൻ കഴിവുള്ള വിഭാഗങ്ങളാണോ ഒന്നിച്ചുചേരുന്നതെന്നു നോക്കാതെ പരിപാടി കടലാസ്സിലെഴുതിയാൽ പ്രയോജനമില്ല. കഴിവു പരിശോധിക്കുമ്പോൾ ഒരു മാർക്സിസ്റ്റിനു ലഭിക്കാവുന്ന ഏകദേശമൂല്യം വർഗ്ഗസ്വഭാവമാണു്. ഐക്യമുന്നണിയിൽ ഉൾപ്പെടുത്താൻ കഴിയുന്ന വിഭാഗങ്ങളുടെ വർഗ്ഗസ്വഭാവം നിർണ്ണയിക്കുന്നതിൽ ഭീമമായ അബദ്ധം പറ്റിയിട്ടുണ്ടെന്നു എനിക്കു തോന്നുന്നു. എന്തായാലും ആ ലേഖനം ശരിക്കുപഠിച്ചു ഒരു മറുപടി പറയാൻ ഞാൻ ശ്രമിക്കാം.

പത്മാവതിഅമ്മ, വെമ്പായം

പതിയുടെ രക്ഷയ്ക്കാണെന്നുള്ള ഭാവത്തിൽ സീതാദേവി ലക്ഷ്മണനെ പർണ്ണശാലയ്ക്കുവെളിയിൽ പറഞ്ഞയക്കുന്നതു രാവണനോടുകൂടി ലങ്കയിൽ പോകാനല്ലേ?

എനിക്കെങ്ങിനെ അറിയാം?

കെ. കൃഷ്ണൻ, ചെറായി:

കൊല്ലം കാളേജിലെ ഒരു പ്രൊഫസറെ പോലീസു അറസ്റ്റുചെയ്തതായികേട്ടു. അതു ശരിയാണോ?

പ്രൊഫ: കെ. ജെ. മാത്യുതരകനെ, അദ്ദേഹം എന്റെ പ്രൊഫസറായിരുന്നു. അനന്യസാധാരണമായ കഴിവുകളുള്ള ആ വിജ്ഞാനഭണ്ഡാരം ക്ലാസ്മുറിക്കു പുറത്തു ഒരു അമൂല്യനായ സുഹൃത്താണു്, അദ്ദേഹത്തെ അറസ്റ്റുചെയ്യാൻ വട്ടമിട്ടതേയുള്ളു എന്നാണു് എനിക്കറിയാൻ കഴിഞ്ഞതു്.

ജി. ഗോപിനാഥൻ, ആലപ്പുഴ.

അനുസരണശീലമുള്ള ഒരു കുട്ടിക്കു ശരിയും

യും ഭയപ്പെടേണ്ട. ഇതിൽ താങ്കളുടെ അഭി പ്രായമെന്തു്?

ചിന്താശക്തിയില്ലാത്ത അനുസരണശീലമാണെങ്കിൽ ആ കുട്ടി അവനെത്തന്നെ ഭയപ്പെടേണ്ടിവരും.

കെ. സി. വർക്കി, തൃശ്ശൂർ.

ശ്രീ. സി. കേശവൻ കാൺഗ്രസ് പാർല മെൻറി ബോർഡു ചെയർമാൻസ്ഥാനം നിർബ ന്ധപൂർവ്വം ഉപേക്ഷിച്ചതെന്തിനാണു്?

അദ്ദേഹം സജീവരാഷ്ട്രീയരംഗത്തു നിന്നു ഒഴിഞ്ഞുമാറി ജീ വിക്കാനാഗ്രഹിക്കുന്നു എന്നാണു് എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞതു്.

മിസ്സസ് എലിസി സ്റ്റീഫൻസ്, സിങ്കപ്പൂർ

ഇസങ്ങളുടെപേരും പറഞ്ഞു പോലീസുകാ രെ സ്ത്രീവേട്ടയാടാൻ അനുവദിക്കുന്ന ഗവർ ൺമെൻറു ഏതായാലും രേണംകിരാതഭരണ മല്ലേ?

സിങ്കപ്പൂരിൽനിന്നും ചോദിക്കുന്നതുകൊണ്ടാണോ ഇതു സം ശയം. ഇവിടത്തെ ഗവൺമെൻറിനെപ്പറ്റി ഒരഭിപ്രായം പറ യാൻ അങ്ങനെ "ഏതായാലും" എന്ന പ്രയോഗമെന്നും വേ ണ്ടാ. അച്ഛം, വാർപ്പും കച്ചവടവും പഴയ രീതിയിൽതന്നെ. ഒരു തരം "ജനായത്ത കിരാതഭരണം."

സമ്മാനം

ഈ ആഴ്ചയിലെ സമ്മാനം എസ്. വിജയധരൻ, അഞ്ചലിനു നൽകുന്നു. അദ്ദേഹം സമ്മാനമയയ്ക്കുന്നതിനു ശരിയായ മേൽവിലാ സം ആഫീസിൽ അറിയിക്കുവാൻ അപേക്ഷ. പത്രാധിപർ.

ആവിവണ്ടി

(ചയലാർ രാമചന്ദ്രൻ)

ഉരുളുകയാണുലകുണരും കഴലുതി, പുതിയതേ-
മുയിർപ്പാകം ഞങ്ങൾതന്നാവിവണ്ടി!
ഇരവിൻറെ പുകമഞ്ഞല മൂടിയുറങ്ങും നാടി-
ന്നിമവെട്ടം മിഴികളിൽ, ചേതനയിൽ,
പടവെട്ടിപ്പൊങ്ങുന്ന പുലരിതൻ പൊങ്കതിർ-
പ്പൂട്ടയുടെ കാഹളം പൊന്നലയ്ക്കുന്നു,
ഇലവർങ്ങത്തോപ്പുകളിൽ, ചെമ്മണ്ണിൻ മലകളിൽ
ഇരുൾപോകെ, ചോരതൻ കലികകം വിടർവേ,
പൂവരശുകാം,—രക്തത്തിൻ പൂവണിയുന്നതിനുമുമ്പ
'പൂവരച്ച'കളായ് പണ്ടേ;—പൊങ്കടകാം നീർത്തവേ,
ഇരുളിൻറെ ചാലുകളിലൊളിപാകിയിരമ്പിക്കേ-
ണ്ടുരുളുന്നു, ഞങ്ങൾതന്നാവിവണ്ടി?

പുതിയതാം ചലനങ്ങളിൽ നാമ്പിടും നാടിൻറെ
പുളകങ്ങൾ കരളിൻറെ നാഡികളിൽപ്പൂക്കവേ,
കൊള്ളകളെ നാട്ടിലെക്കൊള്ളകളെ, യഴിമതിയെ
പൊള്ളിച്ചുനീറ്റിയകൽക്കരിയും,
ചൂടുപേറുകഴമ്പുകളിൽ തിളതിളച്ചുയരുന്ന
ചുണയുള്ള യുവനിണനീരുവിച്ചുരുളുകളും,
മധുരമാം സ്നേഹത്തിൻ കണ്ണികളാൽ വിശ്വൈക
മമതതൻ പൊട്ടാത്ത ശൃംഖലയും,
പതറാത്ത ധീരത തൻ ചക്രങ്ങളും, മങ്ങാതെ
പുതിയതാം ഞങ്ങൾതന്നാവിവണ്ടി,
ഉരുളുകയാണൊരു നൂതനശാസ്ത്രത്തിൻ പാളത്തിൽ
പൊരുതുന്ന കരുത്തിന്നുറവപോലെ!

പിന്നിട്ട വഴിവളരെ; വലുതാണക്കഥ,ഞങ്ങൾ
നിന്നിട്ടില്ലിന്നുവരെ വഴിയിലെങ്ങും!
അലറിയിരമ്പിച്ചീറിക്കുതിക്കൊപ്പംകെ, ടിക്കകളി-
ലലയടിച്ചുളകിയ കൊടുകാറിൻ കൈകളിൽ,
ഇരുളിൻറെ കടപിഴുതുപിഴുതെറിയാൻ കുത്തുന്ന
പൊരികിളരും പന്തങ്ങളാകവേ വഴിവക്കിൽ,
കരളിലവയ്ക്കുടനീളം ചുടുപോരത്തെളിവീര്യം
സിരകളു;—ണ്ടവഞങ്ങൾ കണ്ടിരുന്നു!
ഇരുളിൻറെ നെറികേടിനെതിർനിൽക്കുമവഞങ്ങൾ-
ക്കരുളിയ മധുരപ്രപോദനങ്ങൾ,
പുതിയൊരു ചൂടിൻറെ ചുണനൽകി,യങ്ങനെ
കൃതികൊണ്ടു ഞങ്ങൾതന്നാവിവണ്ടി!

പലടത്തും ഞങ്ങൾതൻ പാളം തകർക്കുവാൻ
പതിയിരുന്നോരെയടിച്ചമാറ്റി,
വഴിയിലെ വഴിനീളെക്കല്ലെറിയാൻനിന്നോരെ
വകവരുത്തിക്കൊണ്ടിരമ്പിനീങ്ങി,
പലതും സഹിച്ചുമെതിർത്തു മുന്നേറുവാൻ
പരിശീലിപ്പിച്ചോരാണിവഴിയാത്രക്കാർ!
എതിരിടാൻ, ഞങ്ങളോടെതിരിടാൻ, ചിലരുടെ
പടസേവപ്പട്ടാളച്ചോരുവർഗ്ഗം,
ഭയണാറും തോക്കുമായ് മൂലകളിൽ കവലകളിൽ,
പലടത്തും പണിചെയ്ത പാളയങ്ങൾ!!

ഇരുളിൻറെ നായാട്ടു നായ്ക്കളാമവർ, വെടി—
ത്തിരകളുഴിച്ചു കുരച്ചെതിർത്തു!
പലപലയാത്രക്കാർ, ഗാർഡുകാം, ഞങ്ങളിൽ
പലരും പിടിച്ചു മരിച്ചുവീണു,

—കു

പലപലയാതുക്കാർ. ഗാർഡകം, തടിതപ്പി,—
പലവഴിപേടിച്ചിറങ്ങിഃയോടി!
അവിടവിടങ്ങളിൽപുതിയവർ ഞങ്ങളി—
ലണിചേർന്നു, ഞങ്ങളം കുതിച്ചുപാഞ്ഞു!
കൊടിയുമായ്. ഞങ്ങളംതൻ കുരളിന്റെ പൂഴിണ—
ക്കൊടിയുമായ് ഞങ്ങളംതന്നാവിവണ്ടി,
കുഴലൂതി, കയാരുപുത്തനയിരിന്റെ കുഴലൂതി
കുതികൊണ്ടു മുന്നിലേയ്ക്കുത്തിരമ്പി!

പുതിയതായെത്തിയ പലരിലും ഞങ്ങളംതൻ
ഗതിവേഗം കിടിലങ്ങളം ചേർത്തിരുന്നു?
മഹിതമാം ലക്ഷ്യത്തിലെത്തുവാനുള്ളൊരി
മധുരമല്ലാത്ത കുതിച്ചുപോക്കിൽ,
ചിലരൊക്കെ വഴിവക്കിൽ വീരിയുന്ന വാസന്തി
മലരുകളം നോക്കി മിഴിച്ചിരുന്നു!

വനികളിൽ പൂവിരുത്തമരമനോഹര
നിനവുകളം' ലാളിച്ച കണ്ണടിച്ചും,
പുളകങ്ങളം മാദകമാംസിക രുചികളംതൻ
പുളകങ്ങളം വർഷിച്ച മെയ്യുലച്ചും,
കുടുകുടുക്കുടുചിരിതൂകി മായിക
നടനങ്ങളാടിച്ചുവടുവച്ചും,
വഴിവക്കിലെത്തിയ യുവതിമാർ തൻനീല
മിഴികളിൽ കരളിന്റെ മിഴികൊളുത്തി,
ചിലരൊക്കെ, പുതിയവരിൽ ചിലരൊക്കെ, സമയങ്ങളം
പെലവാക്കി സപ്നത്തിൽ തേൻനുണയാൻ!

പവിഴനെൽക്കതിരുകളം, നീലക്കരിമ്പുകളം,
പലതുമിടതൂന്ന പാടങ്ങളം തോപ്പുകളം,
അവകളിൽ, മേയ്ച്ചോരയുപ്പനീരായ്മാറി—
യനുപദം പണിചെയ്യും കർഷകരെ,
അരിവാളും നുകവുമായ് വിതകളും കൊയ്ത്തുമായ്
എരിവെയ്ലിലലയുന്ന കർഷകരെ,
വയലുകളും തോപ്പുകളും കയ്യടക്കുന്നവർ
വലിയവർ, ജന്മിമാർ, മുതലുടയോർ,
വയറുനിറച്ചുണ്ണുവാൻ വകനൽകാതെപ്പോഴും
വരുതിയിൽ നിറുത്തുന്ന നിരുന്ന കാഴ്ചകളം,—
പകലിന്റെ കാഞ്ചനക്കതിരൊളികളം നീളവേ
പുകനാളുകരിനാവുകളം നീട്ടിനക്കി,
കുടവയർ വീർപ്പിച്ച തീയുലക്കണ്ണുകളം
കുതറിത്തെറിപ്പിച്ചുലറിയാങ്ങി,
ഉലകം വിഴുങ്ങുവാൻ, ഉരുത്തുവരുപോലർ—
ത്തുയരത്തിൽ തലനീട്ടും മില്ലുകളിൽ,
കറകറെക്കറെത്തിരിയുന്നോരുടമകളംതൻ
കരിയെണ്ണച്ചക്രങ്ങളിൽ നീറിനീറി,
പണിയെടുത്തവയുടെ കൊഞ്ചുകളായ്പിടയുന്ന
പരശതം തൊഴിലാളിസ്സോദരരെ,

മരണത്തിൻ വായിലേയ്ക്കെറിയുവാൻ മുതലാളി—
പ്പുരുഷകം കൊലമരക്കയർകെട്ടും കാഴ്ചകളം;—
ഉലകിന്റെ കരളിന്റെ കരളംപറി,ച്ചുതകൊണ്ടു
കറിവച്ചു നുണയുന്ന നെറികെട്ട കാഴ്ചകളം;—
മരവിച്ച നാടിന്റെ സിരകളിലെച്ചോരയു—
മൊരുനിമിഷംകൊണ്ടു തിളയ്ക്കുന്ന കാഴ്ചകളം; —
അവർ പലരും കണ്ടില്ല, മലർവസന്തങ്ങളംതൻ
കാ[illegible] പൂനുണയാൻ നിന്നവർ!

സപ്നങ്ങളിൽ പൂമെയത്തിനടിയിലും കൊറിയലിൽ,
സപ്നസ്മേര നിർവൃതിതൽ തന്ത്രികളിൽ ശ്രുതിമീട്ടി,
കഥയറിയാതങ്ങനെ കുരളിനു കൂട്ടരേകം
കഥകളും പാട്ടുകളും കുത്തുമായവർപോകെ,
അതിലങ്ങനെ മുഴകിച്ചിലർ വണ്ടിനടത്തുന്നവർ,
അപകടംകാണിച്ചും മണ്ടുകോറി!

വഴിവക്കിൽ മലരുള്ളിപ്പെത്തിയോർ തൻ നാറ—
ക്കഴൽ നക്കുന്നവർചിലർ പറഞ്ഞുപോയി!
നെറികെട്ടരുപ്പുക്കിൽ കരുണനെന്തു ഞങ്ങളംക്കാ
മരണച്ചുതി ചെയ്തവർ തൻ പാഞ്ഞുപോക്കിൽ!!
ഹൃദയത്തിൽ, ബുദ്ധിയിൽ, മത്തുപിടിച്ചവർ നീളെ
കഥയില്ലാതിങ്ങനെ വീമ്പടിയ്ക്കും:—

"..... ആവിവണ്ടി നടത്തിത്തുലച്ചോ—
രാണു ഞങ്ങളം വാസന്തങ്ങളം നീളെ!
പാളമെക്കെത്തകന്നതാ,—ണിപ്പോ—
ളാളുകളതിൽ ചത്തുവീണേക്കം!
ആവിവണ്ടിതകരും, നമുക്കീ
പൂവിരിപ്പിൽ കളിരുകളം നെയ്യും!
കണ്മണികളേ ഞങ്ങളം തൻ പ്രേമ—
സ്പുന്മണികളേ നിങ്ങളിൽ നീളേ,
പൂത്തുകായ്ക്കും പൂകുങ്ങളം ഞങ്ങളം
കോത്തുകോത്തിനി മാലകളംകെട്ടും....."

ഉരുളുകയാണിപ്പോഴ മുലകണരും കുഴലൂതി,
ഉയിർപാകം ഞങ്ങളം തന്നാവിവണ്ടി!
പടയോട്ടം, നാടിന്റെ മുതിരുള്ളം നെറികേടിൻ
കടപാറിയും ഞങ്ങളംതൻ പടയോട്ടത്തിൽ!
പുതിയതാം കാഹളം കേട്ടുവോ? പുലരുന്ന
പുതുകിരണങ്ങളം തൻ പുലരികണ്ടോ?
ഉരുളുന്ന കാലത്തിൽ ചലനചക്രങ്ങളി—
ലുരുളുമീ ഞങ്ങളം തന്നാവിവണ്ടി,
വരികയാണതിവേഗം;പുലരുന്നോരുടയേത്തിൽ
വിരിയുന്നനാടിൻ തുടിപ്പുകേട്ടോ?
വഴിവിലങ്ങിടാനില്ല, ദേവതമാർ തൻനീല
മിഴിനോക്കി മത്തുകിടിപ്പോട്ടകാരേ,
ഉരുളുമിച്ചക്രങ്ങളംതൻകീടയിൽ വീണെങ്കിലും
കരളം പൊട്ടിച്ചുത്താലോ നിങ്ങളിപ്പുരളം?

വഴിയിലീ ഞങ്ങളെ വഞ്ചിച്ച നിങ്ങളംതൻ
നീഴലീ വെളിച്ചത്തിൽ കണ്ടുപോയാൽ,
പുലരുന്ന പുലരിതൻ മണിമുറ്റത്തിൽ, നിങ്ങളംതൻ
പുളകങ്ങളംപൂക്കുന്ന കരളിന്റെ ചാറിനാലും,
പുതിയ കുറിക്കുട്ടൊന്നു ചാലിച്ച ചാത്തുവാൻ
പ്രതികാരബുദ്ധിതൻ കൈകളം നീളും!!
അവിടെപ്പറക്കുന്ന കൊടിയെല്ലാം നാടിന്റെ
അഭിമാനപുരകളായിരിയ്ക്കും!

പുലരിയിൽപ്രാചിതൽ മഞ്ഞണിയും മലകളിൽ നി—
ന്നലയടിച്ചലയടിച്ചണയുന്ന കാറകളം,
പുതിയൊരു സുരഭം,— പോരയുടെ വേർപ്പിന്റെ
പുതുമണം വീശുന്നവായായിരിയ്ക്കും!
അവയുടെ ചുറ്റിലും കുടകുടെച്ചിരിപൊഴി—
ച്ചുകിന്റെ കലമുത്തും കവിതകളംപോൽ,
പവിഴക്കണിക്കതിർക്കലകളമായിവ—
ന്നവിടെപ്പറക്കു മരിപ്പിരാക്കോം!!

d and Published by K. Balakrishnan, at the Indira Printing Works, Pettah, Trivandrum

Reg: T. 168. Reg: M. 5661.

The Kaumudi Weekly

PUBLISHED EVERY MONDAY

Vol. I MONDAY 4th DECEMBER 1950 No. 38

കലാകൗമുദി

ഓരോ ലക്കവും
ഓരോ വിശേഷാൽപ്രതിതന്നെയായിരിക്കും.

കേരളസംസ്കാരം ഉജ്ജ്വലമായി പ്രതിബിംബിപ്പിക്കുന്ന
ഒരു കലാമാസിക.

ചെറുകഥാപ്രധാനമായ ഒരു സാഹിത്യമഞ്ജരി.

കവിതകൾ, കഥകൾ, നിരൂപണങ്ങൾ, മുതലായവയ്ക്ക് മാർഗ്ഗദർശനം നൽകി,
കേരളീയകലകൾക്ക് മാജസ്സും, തേജസ്സും, ഉത്തേജനവും നൽകാൻ
ഉദ്ദേശിക്കുന്ന ഒരു വിശിഷ്ടസാഹിത്യോപഹാരം.

1951 ജനുവരി ആദ്യവാരത്തിൽ പുറപ്പെടുന്നു.

കേരളത്തിലെ പ്രസിദ്ധികേട്ട സാഹിത്യനായകന്മാരുടെ
തൂലികാവിലാസങ്ങൾ എല്ലാ ലക്കങ്ങളിലും ഉണ്ടായിരിക്കും.

ഒറ്റപ്രതി വില (4) നാലണ

ഏജൻറന്മാർക്ക് ഒരു സുവർണ്ണാവസരം.

കൂടുതൽ വിവരങ്ങൾക്കെഴുതുക :—
മാനേജർ, കലാകൗമുദി,
പേട്ട, തിരുവനന്തപുരം.